# ആനന്ദ വചനാമൃതം
## ഭാഗം – 1

## ശ്രീ ശ്രീ ആനന്ദമൂർത്തി

വിവർത്തനം
ഡോ. പ്രസന്ന വെണുഗോപാൽ

# പരമ നിർദേശം

‘‘ദിവസേന രണ്ടു നേരവും നിയമാനുസാരം സാധന അനുഷ്ഠിക്കുന്ന ഏതൊരാൾക്കും ദേഹാന്തവേളയിൽ പരമപുരുഷന്റെ സ്മരണ നിശ്ചയമായും മനസ്സിൽ ഉദിക്കും. അയാൾക്ക് തീർച്ചയായും മുക്തിലഭിക്കും. ആകയാൽ ഓരോ ആനന്ദമാർഗിയും ദിവസം പ്രതി രണ്ടു പ്രാവശ്യം സാധന ചെയ്യണം. ഇതാണ് പരമേശ്വരന്റ പരമനിർദേശം. യമനിയമങ്ങൾ കൂടാതെ സാധന സാധ്യമല്ല. ആകയാൽ യമനിയമങ്ങൾ പാലിക്കണമെന്നു കൂടിയാണ് നാഥന്റെ കൽപ്പന. ഈ ആജ്ഞനിരസിച്ചാൽ അനേകകോടി വർഷങ്ങൾ മൃഗീയജീവിതത്തിന്റെ നരകയാതനകളിൽ സ്വയം വീണുഴലേണ്ടിവരും. ഇത്തരം ദുരിതാനുഭവങ്ങൾ ആരും അനുഭവിക്കാതിരിപ്പാൻ ഏവരും പരമപുരുഷന്റെ പ്രേമനിർഭരമായ അഭയകേന്ദ്രത്തിൽ പരമാനന്ദം ആസ്വദിപ്പാൻ സകലരേയും ഈ ആനന്ദമാർഗത്തിലേക്ക് ആനയിക്കാനുദ്യമിക്കേണ്ടത് ഓരോ സാധകന്റേയും അനിവാര്യമായ കർത്തവ്യമാണ്. ഈ സൽപഥത്തിലൂടെ മറ്റുള്ളവരെ നയിക്കുന്നതും സാധനയുടെ ഒരു ഘടകം തന്നെ.’’

ശ്രീ ശ്രീ ആനന്ദമൂർത്തി

# ആനന്ദ വചനാമൃതം
## ഭാഗം - 1
# A'nanda Vacana'mrtam
## Part-1

Author : Shrii Shrii Anandamurtti
First Malayalam Edition: April 2010
Translation from English to Malayalam:
Dr. Prasanna Venugopal
Second Malayalam Edition (electronic): 2021
Publisher: Babu Thayyil &
Acarya Satyabodhananda Avadhuta
Published on behalf of :
Ananda Marga Publication Committee,
Kerala.
Address: Ananda Marga Ashram
Ananda Marga Pracaraka Samgha
Nedupuzha, Thrissur 72

Email: ampublicationkerala@gmail.com

# പ്രസാധകക്കുറിപ്പ്

ആനന്ദമാർഗ്ഗ ഗുരുദേവനായ ശ്രീ ശ്രീ ആനന്ദ മൂർത്തിയുടെ പ്രഭാഷണങ്ങൾ രണ്ടു പ്രത്യേക ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

1. ധർമ്മ മഹാ ചക്രത്തിൽ (ഡി.എം.സി) നടത്തുന്ന പ്രഭാഷണങ്ങൾ

2. പൊതു ദർശനത്തിൽ നടത്തുന്ന പ്രഭാഷണങ്ങൾ.

ഡി.എം.സി പ്രഭാഷണങ്ങൾ പ്രത്യേക സമ്മേളനത്തിൽ ഒത്തുകൂടുന്ന നിരവധി ആനന്ദമാർഗ്ഗികൾക്കു മുൻപിൽ ഗുരു നടത്തുന്ന പ്രഭാഷണങ്ങളാണ്. ഈ പ്രഭാഷണങ്ങളെല്ലാം സുഭാഷിത സംഗ്രഹം എന്ന പേരിൽ പരമ്പരകളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പൊതു ദർശന പ്രഭാഷണങ്ങൾ, ഞായറാഴ്ചകളിലോ, മറ്റു ആഘോഷ ദിവസങ്ങളിലോ, പ്രാദേശികമായ ആശ്രമങ്ങളിലോ, ഗുരുവിന്റെ വസതിയിലോ ഒത്തുകൂടുന്ന വളരെ ചെറിയ സംഘം മാർഗ്ഗികൾക്കുമുമ്പിൽ നടത്തുന്ന ക്ലാസ്സുകളാണ്. പൊതുദർശന പ്രഭാഷണങ്ങൾ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. അതെല്ലാം ശേഖരിച്ചു പ്രസിദ്ധീകരിച്ചതാണ് ആനന്ദവചനാമൃതം. ഈ പരമ്പരയിൽ 34 ഭാഗങ്ങളുണ്ട്.

അദ്ദേഹം ലോകമാകെ സന്ദർശിച്ചിട്ടുണ്ട്. അപ്പോൾ അദ്ദേഹത്തിന്റെ വസതിയിൽ ധാരാളം മാർഗ്ഗികൾ ഒത്തുകൂടാറുണ്ട്.

പ്രഭാഷകന്റെ യഥാർത്ഥ ഭാഷയിൽ നിന്നും മറ്റൊന്നിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ അതിന്റെ ഭാവവും സൗന്ദരവും നഷ്ടപ്പെടുക എന്നത് സ്വാഭാവികമാണ്. അതിനാൽ താൽപര്യമുള്ളവർക്ക് ഇതേ പേരിൽ പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് പുസ്തകങ്ങളും ലഭ്യമാണ്.

ആനന്ദവചനാമൃതം എന്ന പുസ്തകശൃംഖലയിൽ, ബാബ (ഗുരുദേവൻ ശ്രീ ശ്രീ ആനന്ദമൂർത്തി) വളരെലളിതവും ഉജ് വലവുമായ രീതിയിൽ ആത്മീയ വിഷയങ്ങൾ അവതരിപ്പിക്കുന്നു. ശ്ലോകങ്ങളുടെ (വേദങ്ങളിൽ നിന്നുള്ള സംസ്കൃത ശ്ലോകങ്ങൾ) അർത്ഥം യുക്തിപൂർവ്വകമായും വളരെ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിലും അവതരിപ്പിക്കുന്നു. നിങ്ങൾ ഈ പുസ്തകം ശരിക്കും ആസ്വദിക്കുമെന്നു കരുതുന്നു. അഭിപ്രായങ്ങളും നിർദെശങ്ങളും സ്വാഗതം ചെയ്യുന്നു. ampublicationkerala@gmail.com

# ഉള്ളടക്കം

1. നിറങ്ങളുടെ പിന്നിലെ രഹസ്യം

The Secret behind Colours.......................... 11

2. ഉത്തിഷ്ഠത ജാഗ്രത

Uttis´t´hata Ja´grata................................... 13

3. ശ്രേഷ്ഠ വ്യക്തിയായിത്തീരൂ

Be a First-Class Person................................ 14

4. പരമോന്നത സൂര്യൻ

The Supreme Sun......... ................................ 15

5. എല്ലാവരുടേയും അഭയകേന്ദ്രം

Refuge for All............................................ 16

6. ആത്മീകോന്നതിയ്ക്ക് വേണ്ടിയുള്ള
മൂന്ന് ഘടക ങ്ങൾ

The Three Factors for Spiritual Elevation.......... 18

7. പരമോന്നത ഭക്ത

The Culmination of Devotio ............................. 22

8. മായമേതം തരംന്തിതേ

Ma'ya'meta'm Tarantite. ................................ 26

9. മായാതീത അമൃതം

The Nectar Beyond Ma´ya................................ 28

10. ഹരി ഒരു പരമോഷ്ടാവ്

Hari, the Divine Stealer.................................... 30

11. ഈശ്വരനെന്ന കപ്പൽ

Be a Ship to Us, Lord.................................... 32

12. എല്ലാം അദ്ദേഹം മാത്രമാണ്

He Is Everything.......................................... 36

13. സ്വതന്ത്രമായ ആഗ്രഹത്തിന്റേയും മനസ്സിന്റേയും പരിണിത ഫലങ്ങൾ

The Consequences of Free Will and Mind..... 39

14. അടിമത്വത്തെ ഉപേക്ഷിക്കൂ

Leaving Bondage......................................... 41

15. .....കൃഷ്ണനും രാമനും

"Krśńa" and "Ráma"................................... 43

16. മധ്യവർത്തികൾ പലതരം

Even Middle-Men Differ.............................. 46

17. ഈശ്വരനെ പ്രീതിപ്പെടുത്തിയാലും

Pleasing the Lord....................................... 49

18. കീർത്തനംകൊണ്ട് ഹൃദയത്തെ തുറക്കുക

Opening, Not Closing,

The Heart With Kiirtana.............................. 52

19. പരമസത്യത്തെ കണ്ടെത്തൽ

Finding the Supreme Veracity...................... 56

20. നിങ്ങൾക്കെന്താണ് വേണ്ടത്

What Do You Want?................................. 57

21. സ്വധർമ്മവും പരധർമ്മവും

Svadharma and Paradharma – 1.............. 59

22. ഉത്തമ ശ്രേണിയിലെ വ്യക്തികൾ

The Best Category of Persons...................... 61

23. സമുചിതമായ ബുദ്ധി

Proper Intellect.......................................... 62

24. ഈശ്വരന്റെ വരവ്

The Advent of the Lord.................................... 64

25. താരകബ്രഹ്മത്തിന്റെ ആവിർഭാവോദ്ദേശം

The Purpose Behind the Advent.................. 68

26. മനസ്സിന്റെ സന്തുലിതാവസ്ഥ

Mental Equipoise........................................ 71

27. ദുഷ്പ്രവർത്തികളുടെ സങ്കീർണ്ണതകൾ

The Complications of Doing Evi................. 74

28. ദൃഢ ചിത്തരാകൂ

Be Firm...................................................... 77

29. പരമാനന്ദത്തിന്റെ കണ്ണുനീർ

Tears of Supreme Happiness..................... 78

30. ആരാണ് ഗോപർ

Who Is Gopa?........................................... 81

31. ഭക്തി

Devotion........................................................ 84

32. സവിതുർ ഋക്ക്

Savitr Rk......................................................... 89

33. പരമോന്നത ലക്ഷ്യം

Supreme Desideratum................................ 95

34. ഏക സത്ത

The Singular Entity..................................... 97

35. ദേവാധി ദേവൻ മഹാദേവൻ

Lord of All Lords........................................ 101

36. പ്രണവത്തിന്റെ മാഹാത്മ്യം

The Glory of Prańava................................ 107

37. മൃഗീയതയിൽ നിന്ന് ഈശ്വരീയതയിലേക്ക്

From Animality to Divinity ......................... 113

38. പരിധിക്കപ്പുറം Beyond the Periphery.......... 119

## പ്രഭാഷണം....1

# നിറങ്ങളുടെ പിന്നിലെ രഹസ്യം

തരംഗാത്മകമാണ് ഈ പ്രപഞ്ചം ഈ ഭൗതീക ലോകത്തെ പ്രപഞ്ചമെന്നു പറയുന്നു.

എണ്ണിയാലൊടുങ്ങാത്ത തരംഗങ്ങൾ ഇവിടെയുണ്ട്. എന്നാൽ അവ അനന്തമല്ല, അനന്തമാകാൻ ഇതിന കഴിയില്ല. ധാരാളം ഉണ്ട് എന്നത് ശരിയാണ് എന്നാൽ അനന്തമല്ല. ഇവിടെ പ്രധാനപ്പെട്ട മൂന്ന് നിറങ്ങൾ ആണ് ഉള്ളത്, വെളുപ്പ്, ചുവപ്പ്, കറുപ്പ്. ഇതിൽ വെളുപ്പ് നിറം സത്വഗുണതത്വത്തേയും, ചുവപ്പ് രാജഗുണതത്വത്തേയും, കറുപ്പ് തമോഗുണതത്വത്തേയും പ്രതിനിധാനം ചെയ്യുന്നു. നിറങ്ങളെ സൃഷ്ടിച്ചത് പരമപുരുഷനാണ്. അദ്ദേഹം ഈ നിറങ്ങളിലൂടെ ഏതിനേയും ആകർഷിക്കുന്നു. ആകർഷണം ഇല്ലെങ്കിൽ സൃഷ്ടികൾക്ക് അവയുടെ നിലനിൽപ്പ് ആസ്വദിക്കുവാനാകില്ല.

‘‘യ ഏകോവർണോ ബഹുധാശക്തിയോഗാദ്

വർണാന അനേകാൻ നിഹിതാർഥോ ദധാതി.

വിചൈതി ചാന്തേ വിശ്വമാദൗ സ ദേവഃ
സ നോ ബുദ്ധ്യാ ശുഭയാ സംയുനക്തു''

പലതിന്റേയും കാരണം ഒന്നുതന്നെ, അതായത് അജ്ഞാതമാണ്. ഈ പ്രകാശിതമായ പ്രപഞ്ചം ഇന്ദ്രിയ ഗോചരമാണ്.

എന്തിനായിരിക്കും വർണ്ണശബളമായി ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്? ഇത് എന്തുകൊണ്ടാണെന്നോ കവർണ്ണശബളമല്ലെങ്കിൽ ജനങ്ങൾക്ക് ഇത് ആസ്വദിക്കുവാൻ കഴിയില്ല. ഒരു കുട്ടി കരയുമ്പോൾ അമ്മ കളിപ്പാട്ടങ്ങൾ നൽകാറില്ലേ? കളിപ്പാട്ടത്തോടൊപ്പം കുട്ടി കളിക്കുന്നു. കളിപ്പാട്ടങ്ങൾ ഉണ്ടാക്കുവാൻ നിറങ്ങൾ സൃഷ്ടിച്ചേ തീരൂ. പക്ഷേ എന്തായിരിക്കും ഇതിന്റെ ഉദ്ദേശം യഥാർത്ഥത്തിലുള്ള ലക്ഷ്യം? നിറങ്ങളുടെ ഉള്ളിലെ ലക്ഷ്യം ഈശ്വരനുമാത്രമേ അറിയൂ ഇത് വെളിപ്പെടുത്തിയാൽ രഹസ്യം ചോർന്നുപോകും. പിന്നെ എന്താണുമാർഗം? ഈ രഹസ്യം എങ്ങിനെ ഒരാൾ അറിയും? ജനങ്ങൾ സ്വതന്ത്രരാകുവാൻ ശ്രമിക്കുക. സൃഷ്ടിയുടെ നിറങ്ങളിൽ തന്നെ നിലനില്ക്കാതെ സ്വതന്ത്രരാകുക. പുരുഷനിൽനിന്നാണ് അനുഭൂതിക പ്രകാശനം ആവിർഭാവവും. ഈ അനുഭൂതികളെ തിരിച്ചെടുത്താൽ പരമപുരുഷനെ മാത്രം കാണുന്നു. ആദിയിലും അവസാനത്തിലും പരമപുരുഷൻ മാത്രം.

നമ്മുടെ ബുദ്ധിയെ കല്യാണത്തിൽ (ആത്മീയമായ നന്മ) നിന്നും ഒരിക്കലും മാറ്റരുതേ എന്നതു മാത്രമായിരിക്കട്ടെ പ്രാർത്ഥന.

ഉള്ളടക്കം പാറ്റ്ന....5-8-1978

## പ്രഭാഷണം....2

# ഉത്തിഷ്ഠത ജാഗ്രത

ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധത

"ക്ഷുരസ്യധാരാ നിശിതാ ദുരത്യയാ

ദുർഗ്ഗം പദസ്തത് കാവ്യോ വദന്തി"

ബ്ലെയിഡിന്റെ വക്കിലൂടെ നടക്കുന്നതുപോലെയാണ് ഈശ്വരപ്രാപ്തിക്കു വേണ്ടിയുള്ള വഴി. ധർമ്മത്തിന്റെ പാതയിലൂടെ ചലിക്കുകയെന്നാൽ ഇങ്ങിനെ ബ്ലയിഡിന്റെ വക്കിലൂടെ നടക്കുന്നതു തന്നെയാണ്. സാധാരണക്കാർ പറയും ഞങ്ങൾക്ക് ബുദ്ധിയുണ്ട്, ഇവർ അജ്ഞരാണ്, എന്തിനാണ് ഇവർ ബ്ലെയിഡിന്റെ വക്കിലൂടെ നടക്കുന്നത്? പുറത്തേക്ക് കടക്കുവാനുള്ള വഴി ഇവർക്ക് അറിയാം അതാണ് ഭക്തി മാർഗ്ഗം.

ഭക്തിയോടുകൂടി പ്രവർത്തി ചെയ്ത് മുന്നോട്ട് പോകുക. എവിടെ ഭക്തിയുണ്ടോ അവിടെ പരമാത്മാവുണ്ട്. ജ്ഞാനികൾക്കും (ബുദ്ധി ഉപയോഗിച്ച് ഈശ്വരനെ കണ്ടെത്തുവാൻ ശ്രമിക്കുന്നവർ) തത്വചിന്തകർക്കും ധർമ്മത്തിന്റെ വഴി ബ്ലെയിഡിലൂടെ നടക്കുന്നതാണ്. എന്നാൽ

സാധകർക്ക് (ആത്മീയപരിശീലകർ) ഇത് പുഷ്പത്തിനു മുകളിലൂടെ നടക്കുന്നതുപോലെയാണ്. ഭക്തി കൊണ്ടുമാത്രമേ ഈശ്വരപ്രാപ്തി നേടാനാകൂ. അതുകൊണ്ട് ഈശ്വരൻ നിങ്ങളിൽ തന്നെയുണ്ട് വിജയം തീർച്ചയായും നിങ്ങളുടേതാണ്.

ഉള്ളടക്കം പാറ്റ്ന....6-8-1978

## പ്രഭാഷണം....3

# ശ്രേഷ്ഠവ്യക്തിയായിത്തീരൂ

മനുഷ്യരിൽ മൂന്നു വിഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ വിഭാഗം-ചിന്തയും വാക്കും പ്രവർത്തിയും ഒന്നുതന്നെയായിട്ടുള്ളവരാണ്. എന്നു പറഞ്ഞാൽ അവർ എന്തു ചിന്തിക്കുന്നുവോ അതുതന്നെ പറയും, പറയുന്നതെന്തോ അതുതന്നെ പ്രവർത്തിക്കും ഇത്തരക്കാരെ എ ക്ലാസ് ജനങ്ങൾ എന്ന് പറയുന്നു.

രണ്ടാമത്തെ വിഭാഗം -ചിന്തയും വാക്കും വ്യത്യസ്തങ്ങളായിരിക്കും. എന്നാൽ ഇവർ പറയുന്നതെന്തോ അത് പ്രവർത്തിക്കും-ഇതിനർത്ഥം ഒന്ന് ചിന്തിക്കും മറ്റൊന്ന് പറയും, പറയുന്നതെന്തോ അതുതന്നെ പ്രവർത്തിയിൽ വരുത്തും. ഇവരെ ബി-ക്ലാസ് ജനങ്ങൾ എന്നു വിളിക്കുന്നു.

ചിന്തയും, വാക്കും, പ്രവർത്തിയും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്തവരാണ് മൂന്നാമത്തെ

വിഭാഗത്തിൽ പെടുന്നവർ. ഇക്കൂട്ടർ ഒന്നു ചിന്തിക്കുന്നു, മറ്റൊന്നു പറയുന്നു, മൂന്നാമതൊന്ന് പ്രവർത്തിക്കുന്നു ഇവരാണ് സി-ക്ലാസിൽപ്പെട്ട ജന ങ്ങൾ. ഇന്നത്തെക്കാലത്തെ നേതാക്കന്മാരിൽ നല്ലൊരു ഭാഗവും ഈ വിഭാഗത്തിൽ പെടുന്നവരാണ്. ചിന്തിക്കുന്നത് പറയുകയും പറയുന്നത് പ്രവർത്തിക്കുകയും ചെയ്യുന്ന എ-ക്ലാസ് ജനങ്ങൾ ആകുവാൻ നാമോരോരുത്തരും ശ്രമിക്കുക.

ഉള്ളടക്കം പാറ്റ്ന....7-8-1978

# പ്രഭാഷണം....4

# പരമോന്നത സൂര്യൻ

ഓരോരുത്തരും കാണുന്നത് സൂര്യപ്രകാശത്തിന്റെ സഹായം കൊണ്ടാണ്. മനുഷ്യരുടെ കണ്ണ് സൂര്യനാണ്. ഓരാളുടെ കണ്ണിന് എന്തെങ്കിലും കുഴപ്പം ഉണ്ടെങ്കിൽ കാണാൻ കഴിയില്ല, സൂര്യന് ഇതിൽ യാതൊരു ഉത്തരവാദിത്തവും ഇല്ല.

പ്രപഞ്ചത്തിലുള്ള എല്ലാ ആത്മ ചൈതന്യത്തിന്റേയും ആത്മാവാണ് പരമാത്മാവ്. പരമാത്മാവിൽ നിന്നാണ് ഇവ ഊർജ്ജം സ്വീകരിക്കുന്നത്. ഇവിടെ ഒന്നിന്റേയും ഉടമസ്ഥാവ കാശം നമുക്കില്ല. എല്ലാം പരമാത്മാവിന്റേതാണ്. അവിടെ നിന്ന് എല്ലാം വരുന്നു, അവിടേയ്ക്കു തന്നെ

തിരികെ ചേരുന്നു. മൂലരൂപത്തിൽ ഒന്നും സൃഷ്ടിക്കുവാൻ നമുക്ക് കഴിയില്ല. എല്ലാ വസ്തുക്കളും വന്നിട്ടുള്ളത് പരമാത്മാവിൽ നിന്നാണ്. ഇവിടെ ഉള്ള വസ്തുക്കളെ ദുരുപയോഗം ചെയ്താൽ പരമാത്മാവിന ഒരു ഉത്തരവാദിത്തവും ഇതിലില്ല. നമുക്ക് അതിന ശിക്ഷയും കഷ്ടപ്പാടുകളും ഉണ്ടാകുന്നു.

പരമാത്മാവാണ് നമ്മുടെ ഏറ്റവും ശ്രേഷ്ഠനായ കൂട്ടുകാരൻ. അദ്ദേഹത്തിന്റെ ഇച്ഛയ്ക്കൊത്ത് ചലിച്ച് എല്ലാ കഷ്ടപ്പാടുകളിൽ നിന്നും മോചിതരാകുക.

ഉള്ളടക്കം പാറ്റ്ന....8-8-1978

## പ്രഭാഷണം....5

# എല്ലാവരുടേയും അഭയകേന്ദ്രം

“അപിചേത് സുദുരാചാരോ ഭജതെ മാമനന്യഭാക്
സൊഅപി പാപവിനിർമുക്ത മുച്യതെ ഭവ ബന്ധനാത്”

(ഏറ്റവും ദുരാചാരികൾപോലും ഏകാഗ്രമായ മനസ്സോടെ എന്നെ ആരാധിച്ചാൽ ഞാൻ അവരെ മൂന്ന് പരാധീനതകളിൽ നിന്നും (ശാരീരികം, മാനസികം, ആത്മീയം) മോചിപ്പിച്ച് സ്വതന്ത്രരാക്കും)

ഒരു ദുരാചാരിയെന്നാൽ തന്റെ വാക്കും പ്രവർത്തിയും സമൂഹത്തിൽ മറ്റുള്ളവർക്ക്

ഉപദ്രവമാകത്തക്കവണ്ണം പെരുമാറുന്നവരാണ്. ഒരു ദുരാചാരിയെ മറ്റൊരു ദുരാചാരി സുദുരാചാരിയെന്ന് വിളിക്കും.

വേദഗ്രന്ഥങ്ങളിലും, തർക്കശാസ്ത്രങ്ങളിലും പ്രവർത്തി ഏതായാലും അതിന് പ്രതിപ്രവർത്തനം ഉണ്ടെന്ന് വ്യക്തമാക്കുന്നു. സമയവും സ്ഥലവും വ്യക്തിയും മാറുന്നതനുസരിച്ച് പ്രതിപ്രവർത്തനം കൂടിയോ കുറഞ്ഞോ ഇരിക്കും.

അപ്പോൾപ്പിന്നെ സുദുരാചാരിക്ക് ഭാവിയില്ലേ? അല്ല അങ്ങിനെ വരില്ല. അവർക്കും ഒരു ഭാവിയുണ്ട്. തെറ്റ് പറ്റുകയെന്നത് മനുഷ്യസഹജമാണ്. തെറ്റുകൾ ചെറുതോ വലുതോ ആകാം. തെറ്റുകൾ ചെയ്യുന്നവൻ നമ്മുടെ കുടുംബത്തിലെ അംഗങ്ങൾ തന്നെയല്ലേ. അവരും സമൂഹത്തിന്റെ ഭാഗം തന്നെ. അവർ പിന്നെ എവിടെ പോകും?

എല്ലാം ഉപേക്ഷിച്ച് ഒരു സുദുരാചാരി ഈശ്വരനിൽ അഭയം തേടിയാൽ, ധ്യാനം ചെയ്താൽ രണ്ടാമതൊന്ന് ചിന്തിക്കാതെ അയാളുടെ സംസ്ക്കാരത്തെ പൂർണ്ണമാക്കി എല്ലാ പാപതദ്തിൽ നിന്നും മുക്തനാക്കും. ഒരേ മനസ്സോടെ ഈശ്വരന്റെ നാമം പാടി ഒരു വ്യക്തി ഈശ്വരനിൽ അഭയം തേടിയാൽ മുക്തി ലഭിക്കുമെന്നതിൽ സംശയമില്ല.

പരമപുരുഷനാണ് നമ്മുടെ ഏറ്റവും വലിയ സ്നേഹിതൻ. ആരും ഇവിടെ ഒറ്റയ്ക്കല്ല. നമ്മുടെ വേദന ഈശ്വരൻ അറിയുന്നു. അദ്ദേഹ്തിന്റെ ആജ്ഞക്കനുസരിച്ച് പ്രവർത്തിച്ച് കഷ്ടപ്പാടുകളിൽ നിന്നും മോചിതരാകുക.

ഉള്ളടക്കം പാറ്റ്ന....9-8-1978

# പ്രഭാഷണം....6

# ആത്മീകോന്നതിയ്ക്കുവേണ്ടിയുള്ള മൂന്ന് ഘടകങ്ങൾ

"പ്രാണിപാതേന പരിപ്രശ്നേന സേവയാ"

(ആത്മസമർപ്പണം ചെയ്യുക, ആത്മീയമായ ചോദ്യങ്ങൾ, സേവന മനസ്ഥിതി) അഗ്രഗതി (ഇവിടെ, ആത്മീയ ഉയർച്ച) ഈ മൂന്ന് ഘടകങ്ങളേയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്- പ്രാണിപാതേന, പരിപ്രശ്നേന സേവ.

പ്രാണിപാത എന്നാൽ അനശ്വരമായി നിലകൊള്ളുന്ന
ഈശ്വരചൈതന്യത്തിന/പരമപുരുഷനു സമ്പൂർണ്ണ സമർപ്പണം ചെയ്യുക. എന്തെല്ലാം ഇവിടെ ഉണ്ടോ അതെല്ലാം പരമപുരുഷന്റേതാണ്. ഒന്നും എന്റെ സ്വന്തമല്ല എന്ന മനോഭാവത്തെയാണ് പ്രാണിപാത എന്ന് പറയുന്നത്. അഹങ്കാരം ഉള്ള ഒരു വ്യക്തി നല്ല ബുദ്ധിമാനാണ് താനെന്നും, സമ്പത്തും വസ്തുക്കളും എന്റെ സ്വന്തമാണെന്നും ചിന്തിക്കുന്നു. ഇദ്ദേഹം പമ്പരവിഡ്ഢിതന്നെയാണ്.

ബുദ്ധി, ഭാഗ്യം, വിദ്യാഭ്യാസ യോഗ്യത ഇവയിൽ ഒരാൾ ഗർവ്വ് നടിക്കുന്നു. എന്നാൽ

ഇതൊന്നും അനശ്വരമല്ല. അതുകൊണ്ട് ഏതിന്റെ പേരിലായാലും ഗർവ്വും അഹങ്കാരവും നടിച്ച് വീമ്പിളക്കുന്നവർ ഈ ലോകത്തെ വിഡ്ഢികൾ തന്നെയാണത്. മനസ്സിന്റെ ഏറ്റവും നീചമായ കുഴഞ്ഞ പ്രശ്നമാണ് ദുരഭിമാനം എന്ന തെര്റായ ബുദ്ധി. ഇവിടെയുള്ളതെല്ലാം പരമപുരുഷന്റേതാണ്. ഒന്നും നമ്മുടേതല്ല. ഇങ്ങിനെ പരമപുരുഷന് പൂർണ്ണമായി സമർപ്പണം ചെയ്യുക. മാനസിക പുരോഗതിയ്ക്ക് ഒഴിച്ച്കൂടാനാവാത്തതാണ് ഈ സമർപ്പണം. ഈ ലോകത്തെ യഥാർത്ഥത്തിൽ സേവനം ചെയ്യണമെന്ന ആഗ്രഹമുണ്ടെങ്കിൽ പരമപുരുഷന്റെ പാദത്തിൽ സമ്പൂർണ്ണ സമർപ്പണം ചെയ്തേ തീരൂ.

പരമപുരുഷന് കീഴടങ്ങുന്നതാണ് പ്രാണിപാതം. സൃഷ്ടിയുടെ ഉടമസ്ഥാവകാശം പരമപുരുഷനാണ്. ഏത് കർമ്മവും അദ്ദേഹത്തിന് വേണ്ടിയാണ് ചെയ്യുന്നത്. നാം വെറും മാധ്യമങ്ങൾ മാത്രം. നാം ചെയ്യേണ്ട ജോലി വിശ്വസ്തതയോടെ ചെയ്തില്ലെങ്കിൽ മറ്റുള്ളവർ അതു ചെയ്യും. ഏതൊരു കർമ്മം ചെയ്യുന്നതിനു മുമ്പും ചിന്തിക്കുക പരമപുരുഷൻ ഈ കർമ്മം എന്നിലൂടെ ചെയ്യുന്നുവെന്ന്.

ഒരു കാള അതിന്റെ ജീവിതകാലത്ത് ഹം എന്ന് കരയുന്നത് കണ്ടിട്ടില്ലേ, എനിക്ക് എന്നാണർത്ഥം. മരണശേഷം ഇതിന്റെ തൊലിയെടുത്ത് ധുനുരി (കോട്ടനും ചേർത്തുണ്ടാക്കുന്ന ഉപകരണം) ഉണ്ടാക്കി കഴിയുമ്പോൾ അതിന്റെ ശബ്ദം തുൻ, തുൻ, തുൻ

എന്നു വരുന്നു. ഇതിനർത്ഥം നീ, നീ, നീ മാത്രം എന്നാണ്.

അതുകൊണ്ട് എപ്പോഴും നാം ഓർക്കേണ്ട ഒരു കാര്യമാണ് ഞാൻ ഒന്നും ചെയ്യുന്നില്ല. പരമപുരുഷൻ തന്നെയാണ് ഇതെല്ലാം ചെയ്യുന്നത്. നാം ഓരോന്ന് ചെയ്യുമ്പോഴും മായയുടെ വലയിൽ പെടാതെ ശ്രദ്ധിക്കുക. ഒരിക്കലും ഉയർന്ന ജോലി, സൗന്ദര്യം, ധനം, ബഹുമതി, അറിവ് ഇതിലൊന്നും അഹങ്കരിക്കരുത്. ഇതെല്ലാം പരമപുരഷന്റേതാണെന്നും ഒന്നും എന്റേതല്ലെന്നും ഓർമ്മിക്കുക.

ആത്മീയമായ ഉയർച്ചയിൽ വരുന്ന ചോദ്യങ്ങളാണ് പരിപ്രശ്നം. പാണ്ഡിത്യം പ്രദർശിപ്പിക്കുന്നതിനു വേണ്ടിയുള്ള ചോദ്യങ്ങൾ ഊർജ്ജവും സമയനഷ്ടവും നഷ്ടപ്പെടുത്തുന്നവയാണ്. ഇതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. പരിപ്രശ്നത്തെക്കുറിച്ചല്ലാതെയുള്ള ചോദ്യങ്ങൾ നമ്മുടേയും മറ്റുള്ളവരുടേയും സമയം കളയുന്നു.

സേവ എന്നാൽ നിസ്വാർത്ഥ സേവനം ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ നാം ചെയ്യുന്ന കാര്യങ്ങളാണ് സേവനം. നാം എന്തെങ്കിലും തിരിച്ച് കിട്ടുമെന്ന ആഗ്രഹത്തോടെ എന്തെങ്കിലും നൽകിയാൽ അത് കച്ചവടമാകും, സേവനമാവില്ല. ഏതു വസ്തു കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നുവോ അത് കച്ചവടം തന്നെ. ദിനപത്രങ്ങളിൽ കച്ചവട സ്ഥാപനങ്ങളുടെ ധാരാളം പരസ്യങ്ങൾ നാം കാണാറുണ്ടല്ലോ. നിങ്ങളുടെ സേവനം ഒരു പ്രത്യേക

വർഷം മുതൽ എന്ന്. ഇത് സേവനമല്ല കച്ചവടമാണ്. ചെയ്ത ജോലിക്ക് പ്രതിഫലം പറ്റുന്നുണ്ടല്ലൊ ഒന്നും ഒരു പ്രത്യേക വർഷം മുതൽ പ്രതിഫലം പറ്റുന്നുണ്ടല്ലൊ ഒന്നും എടുക്കാതെ ഒന്നും നൽകുന്നില്ല. എന്നാൽ സേവനത്തിൽ നൽകുകയെന്നു മാത്രമേയുള്ളൂ. സ്വീകരിക്കുക എന്ന ചോദ്യമേ ഇല്ല. എന്തെങ്കിലും ചിലപ്പോൾ ആർക്കെങ്കിലും തിരിച്ച് നൽകിയേക്കാം. എന്നാൽ മനസ്സിൽ തിരിച്ചൊന്നും പ്രതീക്ഷിക്കാതെ നൽകുമ്പോൾ മാത്രം അത് സേവനമാകുന്നു.

ഭക്തർ സാധാരണയായി ഉപയോഗിക്കുന്ന ഒരു പദമാണ് പ്രപത്തി. ഇതിനർത്ഥം പൂർണ്ണമായി കീഴടങ്ങുക എന്നാണ്. എല്ലാം പരമാത്മാവാണ് ചെയ്യുന്നത് എന്നതാണ് പ്രപത്തി. അപ്രപതത്തിയെന്നാൽ പരമപുരുഷനല്ല വ്യക്തികൾ തനിയെ ചെയ്യുന്നുവെന്ന മാനസികാവസ്ഥയാണ്.

ഈ മൂന്ന് ഘടകങ്ങളും കൂടിയാൽ ആത്മീയോന്നതി ലഭിക്കും. ഇതല്ലാതെ മറ്റൊന്നു കൊണ്ടും യാതൊരു പ്രയോജനവും ഇല്ല. വളരെ ചുരുങ്ങിയ സമയം മാത്രമേ നമുക്ക് ഇവിടെയുള്ളൂ. അതുകൊണ്ട് വീണുകിട്ടുന്ന നിമിഷങ്ങളെ പരമാവധി ഉപയോഗിക്കുക. സേവനം എന്ന മനസ്ഥിതിയോടെ ലോകത്തെ സേവിക്കുക-ശാരീരികവും മാനസികവും ആത്മീയവുമായ മൂന്ന് തലങ്ങളിലും സേവനം ചെയ്യുക.

ഉള്ളടക്കം പാറ്റ്ന....10-8-1978

## പ്രഭാഷണം....7

# പരമോന്നത ഭക്തി

ഞാൻ ഈശ്വരന്റെ ക്രമീകരണത്തിലാണെന്നും അദ്ദേഹം അദ്ദേഹത്തിന്റെ കർമ്മങ്ങൾ ചെയ്യുന്നു. ഞാൻ അവിടുത്തെ കൈകളിലെ ഉപകരണം മാത്രമാണെന്നും മനസ്സിലാക്കുന്നതാണ് പ്രപത്തി. ഇത് ലഭിച്ചത് പ്ര-പത്+ക്തിൻ = പ്രപത്തി.

പ്രപത്തി പരിശീലിക്കുന്നവർ ദുഃഖത്തെ ദുഃഖമായോ സുഖത്തെ സുഖമായോ പരിഗണിക്കാതെ സുഖത്തേയും ദുഃഖത്തേയും ഒരേപോലെ സ്വീകരിക്കുക.

ഇതിന്റെ വിപരീതമാണ് വിപ്രപത്തി. ഇതിൽ ഒരാൾ ഞാൻ തന്നെയാണ് എല്ലാം ചെയ്തത് മറ്റുള്ളവർ ഒന്നും ചെയ്തില്ലായെന്നു ചിന്തിക്കുന്നു- ഇതിന്റഎ ഫലമായി ഒരാൾ അപൂർണ്ണനും പരുക്കനുമാകുന്നു.

പ്രപത്തിയിൽ അദ്ദേഹത്തിന്റെ ഇച്ഛക്കൊത്താണ് എല്ലാം നടക്കുന്നതെന്നും ആ കൃപകൊണ്ട് എന്നെ ഒരു ഉപകരണമാക്കി ഉപയോഗിക്കുന്നു എന്നുമുള്ള ആശയം വരുന്നു. എന്നെ ഉപകരണമാക്കി ഉപയോഗിച്ചാലും ഇല്ലെങ്കിലും ഈശ്വരന്റെ ഇച്ഛയ്ക്കനുസരിച്ചേ എന്തും നടക്കുകയുള്ളൂ എന്നത് ഒരാളുടെ മനസിനെ ഉയർത്തുന്നു. പ്രപത്തിപൂർണ്ണമായി ആസ്വദിക്കണമെങ്കിൽ ഒരു

വ്യക്തി പൂർണ്ണമായി ഈശ്വരനിൽ സമർപ്പണം ചെയ്യണം.

എല്ലാ വൈഷ്ണവിസവും സൂഫിസവും പ്രപത്തിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. പ്രപത്തിക്ക് അനുയോജ്യമായ ഒരു സംഗീതം ഇതാ:-

“ സകലി തുമാർ ഇച്ഛാ
ഇച്ഛാ മയീ താരാ തുമി
തുമാർ കർമ്മ തുമി കരോ മാ
ലോകെ വാലെ കരി ആമി
പങ്കേ ബദ്ധ കരൊ കരീ
പങ്ഗുരെ ലങ്ഘാഒ ഗിരി
കാരേ ദാഒ മാ ബ്രഹ്മപദ
കാരേ കരൊ അധോഗാമീ
ആമി യന്ത്ര, തുമി യന്ത്രീ,
ആമി ഘര, തുമി ഘരണീ,
ആമി രഥ, തുമി രഥീ മാ
ജെമൻ ചാലാഒ തെമ്നി ചലി”

ബംഗാളി

എല്ലാം അങ്ങയുടെ ഇച്ഛയ്ക്കൊത്താണ്. എല്ലാ ആഗ്രഹങ്ങളും അങ്ങയിൽ നിന്നു തന്നെ ഉത്ഭവിക്കുന്നു, എല്ലാ കർമ്മങ്ങളും അങ്ങുതന്നെ ചെയ്യുന്നു, എന്നാൽ ഞാൻ അതു ചെയ്തതെന്ന് ജനങ്ങൾ പറയുന്നു.

ആനെയ ചെളിക്കുണ്ടിൽ നിന്ന് അങ്ങ് കരകയറ്റി മുടന്തന പർവ്വതം കടക്കുവാനുള്ള ശക്തി നൽകി. ചിലർക്ക് മോക്ഷം നൽകുന്നു, മറ്റു ചിലരെ ഇല്ലായ്മ ചെയ്യുന്നു.

ഞാൻ ഒരു യന്ത്രമാണെങ്കിൽ അങ്ങ് യന്ത്രം പ്രവർത്തിപ്പിക്കുന്നവനും, ഞാൻ ഒരു ഗൃഹമാണ് അങ്ങ് അതിൽ വസിക്കുന്നവനും ആണ്, ഞാൻ ഒരു രഥമെങ്കിൽ അങ്ങ് അതിന്റെ തേരാളി അങ്ങിനെ ഞാൻ അങ്ങയുടെ ഇച്ഛയ്ക്കൊത്ത് ചലിക്കുന്നു. ആത്മീയതയിൽ അടിയുറക്കുകയെന്നാൽ പ്രപത്തി തന്നെയാണ്. ചുരുക്കിപറഞ്ഞാൽ പ്രപത്തി പരിശീലിക്കുന്നവൻ ഒരിക്കലും ദുഷ്പ്രവർത്തികളിൽ ഏർപ്പെടുകയില്ല.

ഭൗതീകവാദം വിപ്രപത്തിയിലധിഷ്ഠിതമാണ്, അതുകൊണ്ടാണ് ഭൗതീകതയിൽ എല്ലായിടത്തും ദുഃഖം കാണുന്നത്. ആർക്കും ഭൗതീകവാദത്തിൽ വിശ്വസിക്കുവാൻ കഴിയില്ല.

പ്രപത്തിവാദി പറയുന്നു:

''മൻ -ഗരീബെർ കീ ഡോഷ ആഛേ
തുമി ജാദുഗരേർ മെയെ ശ്യാമാ
ജെമൻ നാചാഒ തെമ്നി നാചേ''

ബംഗാളി

ദരിത്രമായ മനസ്സിന്റെ കുറ്റം എന്താണ്? അല്ലയോ ശ്യാമാ അങ്ങ് ഏറ്റവും വലിയ ജാലവിദ്യക്കാരനാണ്. അങ്ങയുടെ താളത്തിനൊത്ത് ഞങ്ങൾ നൃത്തം ചെയ്യുന്നു. സമ്പൂർണ്ണ സമർപ്പണം

എന്നത് വളർത്തിയെടുത്തവർക്കേ പ്രപത്തി വാദത്തിനെക്കുറിച്ച് പറയുവാനുള്ള അർഹതയുള്ളൂ. മനുഷ്യൻ വ്യക്തതയും, ശുദ്ധതയും ഉള്ള അവസാനത്തെ സൃഷ്ടിയാണ്. ജീവിതത്തിലെ ഒരു മേഖലയിലും അസ്പഷ്ടത ഉണ്ടായിരിക്കരുത്.

''ജീവൻ കീ ധാരാ സങ്കോച-വികാസി ഹൈ,
കിന്തു ജീവൻ സിധാ ഹോനാ ചാഹിയെ''

ചലനമെന്നാൽ തുടരെയുള്ള സങ്കോച വികാസമാണല്ലൊ. എന്നാൽ ചലിക്കുന്ന വസ്തു നേരെയാണ്.

''നാഹം മന്യേ സുവെദെതി
നൊ ന വെദെതി വേദ ച യൊ നസ്തത് വേദ
തത്വേദനൊ ന വെദതി വേദ ച''

എനിക്ക് പരമമായ ചൈതന്യത്തെ അറിയാമെന്നോ അറിയില്ലെന്നോ പറയുവാനാകില്ല. എന്തുകൊണ്ടെന്നാൽ അറിവിന്റെ പരിധിക്കപ്പുറത്താണ് പരമമായ ചൈതന്യം.

പ്രപത്തിവാദത്തിന്റെ ആരംഭം ഞാനുണ്ട് ഞാൻ നിലനിൽക്കുന്നുണ്ട്. പ്രപത്തിവാദത്തിന്റെ പരമകാഷ്ഠയിലുള്ള ബിന്ദു ഞാൻ അങ്ങയുടേതാണ്. അല്ലോയോ ഈശ്വരാ ഞാൻ അങ്ങയുടേതാണ്.

ഞാൻ എന്നതിലെങ്കിൽ പ്രപത്തിവാദം തുടങ്ങുവാനാകില്ല. അതുകൊണ്ട് ഞാൻ എന്നത് പ്രപത്തിവാദത്തിന് ഒഴിച്ചുകൂടാനാകാത്തതാണ്. അവസാനം ത്വ മസി, ത്വം ഹി, അങ്ങ് ഞാൻ തന്നെയാണ്.

ഉള്ളടക്കം പാറ്റ്ന....11-8-1978

# പ്രഭാഷണം....8

# മായമേതം തരംന്തിതേ

''ദൈവവീ ഹേൃഷാ ഗുണമയീ മമ മായാ ദുരതൃയാ
മാമേവ യേ പ്രപദൃന്തേ മായാമേതാം തരന്തിതേ''

ദൈവീകമായ മായ അല്ലെങ്കിൽ പരാമായ, പരാശക്തിയെന്നും വിളിക്കും. ഇതിന് മൂന്ന് ഗുണങ്ങൾ ഉണ്ട്. ഈ മായയെ മറികടക്കുകയെന്നത് വളരെ ബുദ്ധിമുട്ടാണ്. ഇതൊരു യഥാർത്ഥ സത്യം തന്നെ. ഈ മായ ആരുടേതാണ്? എന്നൊരു ചോദ്യം വരുന്നു. ഈ മായ എന്റേതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഈ മായ പരമപുരുഷന്റേതാണ്, പിൻതാങ്ങുന്നതും പൂർണ്ണമാക്കുന്നതും പരമപുരുഷൻ തന്നെ. അദ്ദേഹത്തിന്റെ ആഗ്രഹത്തിനൊത്ത് അല്ലാതെ മായയ്ക്ക് പ്രവർത്തിക്കുവാനാകില്ല.

ആനന്ദസൂത്രത്തിൽ ശക്തി സ ശിവസ്യ ശക്തി എന്ന് പറയുന്നുണ്ട്. ശക്തി സ്വതന്ത്രമായ ഒരു സത്തയല്ല. മറിച്ച് പരമപുരുഷനെ ആശ്രയിച്ചു നിൽക്കുന്ന ശക്തിയാണ്. ഈ ഭാവ സമുദ്രം-പ്രപഞ്ചമാകുന്ന ഈ സമുദ്രം-മായയാണ്. പരമപുരുഷൻ തന്നെയാണ് സ്വയം ഇത് സൃഷ്ടിച്ചത്.

മായ പരമപുരഷനെ ആശ്രയിച്ചു നിൽക്കുന്നതുകൊണ്ട് പരമപുരുഷനിൽ അഭയം തേടിയാൽ മായാസമുദ്രം കടക്കാവുന്നതാണ്. ഈ പ്രപഞ്ചത്തിലെ ജനങ്ങൾ മായയെ ഭയന്നേക്കാം, പക്ഷേ സാധകർ ശുദ്ധരായി ആത്മസമർപ്പണം ചെയ്താൽ പിന്നീട് ഭയക്കേണ്ട യാതൊരു കാര്യവുമില്ല. യഥാർത്ഥത്തിൽ ഒരു സാധകനും ഭയമില്ല. കാരണം അവർ പരമപുരുഷനെ സ്നേഹിക്കുന്നു. പരമപുരുഷൻ മായയുടേയും പരമശ്രേഷ്ഠനായ ഈശ്വരനാമ്, സാധകർക്ക് കലർപ്പില്ലാത്ത ശുദ്ധമായ സ്നേഹം പരമപുരുഷനോട് ഉണ്ടെങ്കിൽ പിന്നെ മായയെ എന്തിന് ഭയപ്പെടണം. അറിവും ബുദ്ധിയുമുള്ള ഒരാൾക്ക് മായയെ ഭയമായിരിക്കാം. എന്നാൽ ഒരു ഭക്തൻ ഒരിക്കലും മായയെ ഭയക്കുന്നില്ല.

ഒരിക്കൽ അറിവും ബുദ്ധിയുമുള്ള ഒരു വ്യക്തിയും ഒരു ഭക്തനും ഒരുമിച്ച് ഒരു മാമ്പഴത്തോട്ടത്തിൽ കടന്ന കഥയുണ്ട്. ബുദ്ധിമാൻ എന്താണ് ചെയ്തത്? അയാൾ മാവിലുള്ള മാമ്പളം എത്രയുണ്ടെന്ന് എണ്ണുവാൻ തുടങ്ങി. എന്നാൽ ഭക്തൻ നല്ലൊരു മാമ്പഴം പൊട്ടിച്ചെടുത്ത് ഭക്ഷിക്കുവാൻ തുടങ്ങി. മറ്റൊരു സമയത്ത് ബുദ്ധിമാൻ മാമ്പഴത്തിന്റെ പ്രകൃതിയെക്കുറിച്ചും സമ്പത്തിനെക്കുറിച്ചും പ്രസംഗിക്കുമ്പോൾ ഭക്തൻ അതിന്റെ സത്ത അല്ലെ ങ്കിൽ സാരാംശം ആസ്വദിക്കുകയായിരുന്നു. അവസാനം മാത്രമാണ് തനിക്ക് നഷ്ടമായതെന്താണെന്ന് ബുദ്ധിമാൻ തിരിച്ചറിഞ്ഞത്.

എന്നാൽ ഭക്തൻ സന്തോഷപൂർവ്വം ആസ്വദിച്ച് സംതൃപ്തനായി.

ഒരു ഭക്തൻ എപ്പോഴും ബുദ്ധിപൂർവ്വം പ്രവർത്തിക്കും. ബുദ്ധിമാന അതിനു കഴിയുമോ? ഇല്ല- അയാളുടെ തലച്ചോറിൽ മതപരവും തത്വപരവുമായ പ്രശ്നങ്ങളായിരിക്കും എന്നാൽ ഭക്തൻ മതഗ്രന്ഥങ്ങളുടെ സാരാംശം സ്വയം സ്വീകരിക്കുന്നു. ബോധപൂർവ്വം ഒരു ഭക്തൻ പരമപുരുഷനിൽ അഭയം തേടുന്നു. പരമപുരുഷൻ ഒരു കപ്പലാണ്, വളരെ വലിയ ഒരു കപ്പൽ. ഒരു ഭക്തന്റെ മനോഭാവം എന്തായിരിക്കും? തീർച്ചയായും ഭക്തൻ ശാന്തമായ മനസ്സോടെ ഈശ്വരനാകുന്ന കപ്പലിൽ കയറി പ്രപഞ്ച മെന്ന ഭവസമുദ്രം കടക്കും.

ഉള്ളടക്കം പാറ്റ്ന....11-8-1978

## പ്രഭാഷണം....9

## മായാതീത- അമൃതം

"ദൈവവീ ഹ്യേഷാ ഗുണമയീ മമ മായാ
ദുരത്യയാ
മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തിതേ"

(എന്റേതായ ഈ മായയുടെ പ്രകൃതി, മൂന്നു തത്വങ്ങളിലാണ് ഇതിനെ തരണം ചെയ്യുവാൻ

പറ്റാത്തതാണ്. എന്നാൽ എന്നിൽ അഭയം തേടുന്നവർ മായയെ തരണം ചെയ്യുന്നു.)

ഈ ദേവീമായ (ഈശ്വരന്റെ മായ) പരാമായ (പ്രകൃതി/പ്രവർത്തനതത്വം) പരാശക്തി (സൃഷ്ടിയുടെ ശക്തി) ഇവ മൂന്ന് വിശേഷണമാണ്. ഈ മായയെ മറികടക്കുവാൻ പ്രയാസമാണ്. ഇതൊരു യാഥാർത്ഥ്യം തന്നെ. ഈ മായ ആരുടേതാണ്? ഈ മായ എന്റേതാണ്. അതായത് പരമപുരുഷന്റേതാണെന്ന് അർത്ഥം. മായ പൂർണ്ണമായും പരമപുരുഷന്റേതാണെന്ന് അർത്ഥം. മായ പൂർണ്ണമായും പരമപുരുഷന്റെ കീഴിലാണ്. അദ്ദേഹത്തിന്റെ ഇച്ഛയ്ക്കൊത്ത് ചലിക്കുവാനേ മായയ്ക്കു കഴിയൂ. ആനന്ദസൂത്രത്തിൽ ശക്തി സ ശിവസ്യ ശക്തി (ശക്തി പ്രവർത്തിക്കുന്ന തത്വം) ഈ ശക്തി ശിവന്റേതാണ്. (ബോധം) ശക്തി സ്വതന്ത്രയല്ല. ശിവനിൽ ആശ്രയിച്ചാണ് നിൽക്കുന്നത്.

പരമപുരുഷൻ മായയിലൂടെ പ്രവർത്തിക്കുന്നതാണ് ഭവസാഗരം. മായ പരമപുരുഷന്റേതായതിനാൽ അഭയം തേടുമ്പോൾ മായയെ മറികടന്ന് പരമപുരുഷനിൽ ലയിച്ചുചേരുന്നു.

മനുഷ്യർക്ക് മായയെ ഭയമാണ്. എന്നാൽ സാധകനോ? സാധകർക്ക് മായയെ ഒരിക്കലും ഭയമില്ല. കാരണം ഇവർ പരമ പുരുഷനെ സ്നേഹിക്കുന്നു. മായയെ നിയന്ത്രിക്കുന്നത് പരമ പുരുഷനാണല്ലൊ. സാധകർ പരമപുരുഷനെ സ്നേഹിക്കുമ്പോൾ പിന്നെ മായയെ ഭയക്കുന്നത്

എന്തിന്? ഒരു ജ്ഞാനി മായയെ പേടിച്ചേക്കാം എന്നാൽ ഭക്തൻ പേടിക്കുകയില്ല.

ഒരു ജ്ഞാനിയും ഭക്തനും ഒരുമിച്ച് മാമ്പഴത്തോട്ടത്തിൽ കടന്നു. ജ്ഞാനി മരങ്ങൾ എണ്ണി തുടങ്ങി. എന്നാൽ ഭക്തൻ മാമ്പഴം പറിച്ചെടുത്ത് കഴിച്ചു. ജ്ഞാനി ഇതിനെപ്പറ്റി ചർച്ച നടത്തുമ്പോൾ ഭക്തൻ സ്വാദം നുണഞ്ഞു കഴിഞ്ഞു. ഭക്തനാണിവിടെ കൃപ ലഭിച്ചത്. ഭക്തൻ ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നു. ജ്ഞാനികൾ പല പ്രശ്നങ്ങളുടേയും പിന്നാലെയും, ഗ്രന്ഥങ്ങളുടെ പിന്നാലെയും പോകുന്നു. എന്നാൽ ഗ്രന്ഥങ്ങളിലെ വെണ്ണ ലഭിച്ചത് ഭക്തർക്കാണ്.

ഭക്തർ പരമപുരുഷനിൽ അഭയം തേടുന്നു. പരമപുരുഷൻ ഒരു കപ്പലാണ്, അല്ല വളരെ വലിയ കപ്പലാണ്. ഇതിൽ കടന്ന്, ഇരുന്ന് ഭക്തർ കാലചക്രം സുഗമമായി കടക്കുന്നു.

ഉള്ളടക്കം പാറ്റ്ന....12-8-1978

## പ്രഭാഷണം....10

# ഹരി ഒരു പരമമോഷ്ടാവ്

പരമപുരുഷന് ഹരിയെന്നൊരു നാമം ഉണ്ട്. ഹരണം നടത്തുന്നവനാണ് ഹരി. ഹരണമെന്നാൽ മോഷണം. പരമപുരുഷൻ എങ്ങിനെ മോഷ്ടിക്കും? മോഷണം നടത്തും. അതായത് ഭക്തരുടെ പാപങ്ങളെ, ഓരോ പ്രവർത്തിക്കും പ്രതിപ്രവർത്തനമുണ്ടെന്ന്

നിങ്ങൾക്കറിയാമല്ലോ. (സമയം, കാലം, വ്യക്തി ഇവയ്ക്ക് മാറ്റമില്ലെങ്കിൽ പ്രവർത്തിക്ക് തത്തുല്യമായ പ്രതിപ്രവർത്തനം മാത്രമാണ് നടക്കുന്നത്.)

ഒരു വ്യക്തി ധാരാളം പാപങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിചാരിക്കുക. അത് തീരുവാനായി ഇരുപതോ ഇരുപത്തഞ്ചോ പ്രാവശ്യം വരേണ്ടിവന്നേക്കാം. പാപിയായതുകൊണ്ട് ഒരു ഭാവിയുണ്ടാകില്ലെന്ന് പറയുവാനാകുമോ? പ്രതിപ്രവർത്തനത്തിന്റെ ഫലമായി പാപിക്ക് വീണ്ടും വീണ്ടും ഈ ലോകത്തേക്ക് വരേണ്ടിവരില്ലേ? ഇത്തരത്തിലുള്ള സംസ്കാരം വികസിക്കുമ്പോൾ കൂടുതൽ പേർ തരം താഴ്ന്ന് പോകുന്നു. മനസ്സുകൾ താണുപോകുന്നതോടെ പാപികളുടെ എണ്ണവും വർദ്ധിക്കും എന്നിട്ടും ഈ പാപികൾക്ക് ഭാവിയില്ലേ? ഇത് എന്താണ്? എല്ലാ കർമ്മങ്ങളുടേയും പ്രതിപ്രവർത്തനം മുഴുവനായി തീരുമ്പോഴേക്കും മുക്തിയും മോക്ഷവും എത്രയോ ദൂരത്തിലായിരിക്കും. പാപികൾക്കും തീർച്ചയായും ഒരു ഭാവിയുണ്ട്. പരമപുരുഷനിൽ അഭയം തേടിയാൽ അദ്ദേഹം നിശ്ചയമായും എന്തെങ്കിലും ചെയ്യാതിരിക്കില്ല. പരമപുരുഷൻ തന്നെയാണല്ലോ സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും ഈശ്വരൻ. നരകത്തിലായാലും പരമപുരുഷൻ നമ്മുടെ അടുത്ത് തന്നെയുണ്ട്. അദ്ദേഹത്തെ സ്നേഹിച്ചാൽ നിശ്ചയമായും നരകത്തിലും കൂടെ ഉണ്ടാകും. പരമപുരുഷൻ എന്താണ് ചെയ്യുക? പാപിയെ രക്ഷിക്കുവാനും അയാളുടെ പാപം സ്വയം വഹിക്കുന്നു.

യഥാർത്ഥ ഭക്തർ തങ്ങളുടെ പാപത്തെ പരമപുരുഷന നൽകുകയില്ല. അവർ പുഷ്പങ്ങളും മധുരവുമാണ് നൽകുക. എന്നിട്ട പാപങ്ങളെ സ്വയം ചുമക്കും. എന്നാൽ ഇവർ പരമപുരുഷനോട് അടുക്കുമ്പോൾ അവരുടെ അനുവാദത്തിന കാത്തുനിൽക്കാതെ പാപത്തെ തിരിച്ചെടുക്കുന്നു. അനുവാദം ചോദിക്കാതെ എടുക്കുന്നതാണല്ലോ മോഷണം. അപ്പോൾ പരമപുരുഷൻ മോഷ്ടിക്കുന്നത്കൊണ്ട് അദ്ദേഹത്തെ ഹരി എന്ന് വിളിച്ചു. ഹരിയിൽ അഭയം തേടിയാൽ പിന്നീട് ദുഃഖിക്കേണ്ടിവരില്ല. നരകത്തിലായാലും പരമപുരുഷൻ നമ്മോടൊപ്പമുണ്ട്.

ഉള്ളടക്കം പാറ്റ്ന....13-8-1978

## പ്രഭാഷണം....11

# ഈശ്വരനെന്ന കപ്പൽ

ഒരു വസ്തുവിനെ കൂടാതെ മനസ്സിന നിൽക്കുവാനാകില്ല. മനസിന ഒരു ലക്ഷ്യമില്ലാതെ നിലകൊള്ളുവാനാകില്ല. വസ്തുക്കളില്ലെങ്കിൽ മനസ്സിന പ്രവർത്തിക്കുവാൻ കഴിയുകയില്ല. മനസ്സിന ഒരേ ഒരു ലക്ഷ്യം മാത്രമേ ഉണ്ടാകാവൂ. പരമസത്ത യായിരിക്കണം അത്. മനസ്സിനെ ഒരു ബിന്ദുവിലേക്ക് ഉറപ്പിക്കണം. അപ്പോൾ മനസ്സിന പരമചൈതന്യവുമായി ലയിക്കുവാൻ കഴിയും.

‘‘തദേകം ജപാമഃ തദേകം സ്മരാമഃ’’

ജപമെന്നാൽ തുടർച്ചയായ ആവർത്തനം ഏതെങ്കിലും ഒരു പ്രത്യേക പദം തുടർച്ചയായി ആവർത്തിക്കുന്നതാണിത്. ഈശ്വര നാമം അതായത് നമ്മുടെ ഇഷ്ടമന്ത്രം മാത്രം തുടർച്ചയായി ആവർത്തിക്കുക. മറ്റൊരു പദവും വേണ്ടതില്ല. ജപം മൂന്നുതരം ഉണ്ട്. ഒന്നാമത്തേത് മാനസികം-ഇത് മനസിൽ മാത്രം ജപിക്കുന്നതാണ്. നമുക്ക് മാത്രമേ ഇത് കേൾക്കാൻ കഴിയൂ. മറ്റാർക്കും കഴിയില്ല. രണ്ടാമത്തേത് ചുണ്ടനക്കി ജപിക്കലാണ്. ഇവിടേയും നമുക്കു മാത്രമേ കേൾക്കാൻ കഴിയൂ. മൂന്നാമത്തേത് വചനികം. തൊണ്ടയുടെ സഹായത്തോടെ ശബ്ദത്തിൽ ചൊല്ലുന്നതാണിത്. ഇതാണ് ഏറ്റവും മോശം, ഏറ്റവും നല്ലത് മാനസിക ജപമാണ്.

‘‘തദേകം ജപാമഃ തദേകം സ്മരാമഃ
തദേകം ജഗത്സാക്ഷീരൂപം നമാമഃ’’

നമ എന്നതിനർത്ഥം മറ്റൊരു പരമാധികാരത്തിനെ സ്വീകരിക്കുന്നു എന്നാണ്. മറ്റൊരാളുടെ മേൽക്കോയ്മയെ അംഗീകരിക്കുന്നതാണ് നമ. നാം സമർപ്പണം ചെയ്യുന്നു, മേൽക്കോയ്മയെ അംഗീകരിക്കുന്നു ആരുടെ മേൽക്കോയ്മ? പരമചൈതന്യത്തിന്റെ. ആരാണ് പരമചൈതന്യം? സാക്ഷിഭൂതം. ഈ സാക്ഷിഭൂതം

മുഴുവൻ പ്രപഞ്ചത്തിന്റേയും സാക്ഷിയായി നിലകൊള്ളുന്ന ഒന്നാണ്. എല്ലാത്തിനും സാക്ഷിഭൂതനാണ് അദ്ദേഹം.

നാം അദ്ദേഹത്തെ സമർപ്പണം ചെയ്യുകയും നമിക്കുകയും ചെയ്യണം. ജഗത് സാക്ഷിരൂപം ഈ പ്രപഞ്ചത്തെ ജഗത് എന്ന് സംസ്കൃതത്തിൽ വിളിക്കുന്നു. ഗം എന്നാൽ ചലിക്കുന്നത്, ഈ പ്രപഞ്ചത്തിൽ ഒന്നും ഉറച്ച് നിലകൊള്ളുന്നില്ല. എല്ലാം ചലിക്കുന്നു അതിനാലാണ് പ്രപഞ്ചത്തെ ജഗത് എന്നു വിളിക്കുന്നത്. ചലിക്കുകയെന്നത് പ്രപഞ്ചത്തിന്റെ ധർമ്മമാണ്. ചലനമാണ് അതിന്റെ സമ്പത്ത്.

“ തദേകം നിധാനം നിരാലമ്വമീശമ്.

ഭവാമ്വധിപോതം ശരണം വ്രജാമഃ ”

ഏതു കർമ്മത്തിനും ഉദ്ദേശവും, അവസാനവും ഉണ്ട്. എല്ലാ പ്രവർത്തികളുടേയും പരമമായ സമാപ്തി/അവസാനം. പരമപുരുഷനാണ് ആരേയും ആശ്രയിക്കാതെ നിലകൊള്ളുന്ന ഒരേ ഒരു ചൈതന്യമാണ് അത്.

എല്ലാ സത്തയുടേയും അഭയകേന്ദ്രമാണ് പരമപുരുഷൻ. എന്നാൽ ഇദ്ദേഹത്തിന ഒരു അഭയകേന്ദ്രത്തിന്റെ ആവശ്യമില്ലാതെ തന്നെ നിലനിൽക്കുവാൻ കഴിയും.

ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട് പാറ്റ്ന നഗരത്തിന്റെ അഭയകേന്ദ്രം പാറ്റ്ന ജില്ലയാണെന്ന്. പാറ്റ്ന ജില്ല ബീഹാറിലാണ്. ബീഹാർ ഇന്ത്യയിലാണ്.

ഇന്ത്യ ഏഷ്യയിലാണ്, ഏഷ്യ ഈ ഗ്രഹത്തിനുള്ളിലാണ്. ഈ ഗ്രഹം സൗരയൂഥത്തിലാണ്. സൗരയൂഥം ഈശ്വരനിലാണ്. അതുകൊണ്ട് പരമപുരുഷന് അഭയവും ആശ്രയവും വേറെയില്ല. രണ്ടാമതൊരു സത്തയുടെ ആശ്രയം ഇല്ലതന്നെ.

ഒരാൾ വീണ്ടും വീണ്ടും തിരിച്ച് വരുന്നു. മനുഷ്യ രൂപത്തിലും, മൃഗങ്ങളുടെ രൂപത്തിലും. പ്രതിപ്രവർത്തനം അല്ലെങ്കിൽ സംസ്കാരത്തെ ഭാവമെന്നു പറയുന്നു. മനുഷ്യനും മറ്റേതൊരു വസ്തുവിനും പല ഭാവങ്ങളുണ്ട്. അതുകൊണ്ട് വീണ്ടും വീണ്ടും വരുന്നു.

ഈ ഭാവ സമുദ്രത്തെ എങ്ങിനെ കടക്കാം? ഇത് വളരെ പ്രയാസമേറിയതാണ്. ഈ ഭാവ സമുദ്രം കടക്കുവാൻ കൈകാലുകളുടെ ശക്തിയോ ഊർജ്ജമോ ഒന്നും ആവശ്യമില്ല.

ഒരു നല്ല ബോട്ടോ, ഒരു നല്ല ആവികപ്പലോ ഈ ഭാവസമുദ്രം കടക്കുവാൻ ഉണ്ടായിരുന്നെങ്കിൽ വളരെ നല്ലതുതന്നെ. അല്ലയോ പരമപുരുഷാ അങ്ങ് ആ കപ്പൽ തന്നെയാണ്. ഞാൻ അങ്ങാകുന്ന കപ്പലിൽ അഭയം തേടി ഈ സമുദ്രം കടക്കും. അങ്ങിനെ ഞാൻ മറുകരയിലെത്തും. അങ്ങയുടെ കരുണയുണ്ടെങ്കിലെ ഇതു ചെയ്യുവാൻ കഴിയൂ. ഞാൻ അങ്ങയിൽ അഭയം തേടുന്നു– അഭയമേകിയാലും പ്രഭോ.

“ ഭവാമ്ബധിപോതം ശരണം വ്രജാമഃ ”

# പ്രഭാഷണം....12

# എല്ലാം അദ്ദേഹം മാത്രമാണ്

" സഹസ്രശീർഷാ പുരുഷഃ
സഹസ്രാക്ഷഃ സഹസ്രപാദ്
സ ഭൂമിം വിശ്വതോ വൃത്ത്വാ
അത്യതിഷ്ഠദ്ദശാംഗുലമ് "

ഈ ശ്ലോകത്തിൽ പുരുഷന്റെ/പരമചൈതന്യത്തിന്റെ വിശേഷണത്തെ/ഗുണത്തെ വിശദീകരിച്ചിരിക്കുന്നു. നമുക്കറിയാം സൃഷ്ടിയുടെ പ്രക്രിയയിൽ പ്രപഞ്ചമനസ്സാണ് ആദ്യം സൃഷ്ടിച്ചത്. ഈ മനസ്സിന് അതിന്റേതായ തരംഗങ്ങളും മനശക്തിയും ഉണ്ട്. മുമ്പുപറഞ്ഞ അവസ്ഥയിൽ അണുമനസ്സ് സൃഷ്ടിച്ചപ്പോൾ അതിനും മാനസികമായ ഒരു ഒഴുക്ക് ഉണ്ടായി. ദൈവീകമനസ്സ് തീർച്ചയായും അനന്തമാണ്. ഈ സകല സൃഷ്ടിയും അദ്ദേഹത്തിന്റെ രാജ്യമാണ്. പരമാധികാരിയായ ഭരണകർത്താവാണ് അദ്ദേഹം. അണുമനസ്സിന് വിശ്വമനസ്സിനെ വെല്ലുവിളിക്കുവാനാകില്ല. കാരണം അണുമനസ്സ് വിശ്വമനസ്സിനുള്ളിൽ വരുന്നതാണ്. പ്രപഞ്ചമെന്നത് ദൈവീക മനസ്സിൽ നടന്ന ചിന്ത പ്രകാശനം ചെയ്തതാണ്. അണുമനസ് എന്തു ചിന്തിച്ചാലും വിശ്വമനസ് ഉടൻ അതറിയും.

എന്തുകൊണ്ടെന്നാൽ പ്രവർത്തിയുടെ പ്രകാശനം പരമചൈതന്യത്തിന്റെ പരിധിയിൽ നിന്നാണല്ലോ.

നമുക്ക് ചെറിയ തലയോട്ടിയിൽ ഉൾകൊള്ളുന്ന തലച്ചോറേ ഉള്ളൂ. അതുകൊണ്ട് മനസ്സിന്റെ കഴിവിനും പരിധിയുണ്ട്. പരമചൈതന്യത്തിന തലച്ചോറിന്റെ ആവശ്യമില്ല. കാരണം എല്ലാം അദ്ദേഹത്തിന്റെ ഉള്ളിൽ നിന്നാണ്. നമ്മുടെ തലച്ചോറ് ഉപയോഗിച്ച് നാം ചിന്തിക്കുന്നു. എന്നാൽ അദ്ദേഹം അനന്തമായ മനസ്സു കൊണ്ടാണ് ചിന്തിക്കുന്നത്. രണ്ട് കണ്ണുകൾ കൊണ്ടാണ് നാം കാണുന്നത്. കാഴ്ചയെ സഹായിക്കുന്ന തന്തുക്കളുടേയും, ഞരമ്പുകളുടേയും കഴിവിന പരിധിയുണ്ട്. എന്നാൽ ഈശ്വരന്റെ കണ്ണു കൾ അനന്തമാണ്, ഒരേസമയം നടക്കുന്നതെല്ലാം കാണുന്നു. ഈ സ്വഭാവം കൊണ്ടാണ് അദ്ദേഹത്തിന്റെ കണ്ണുകൾ എല്ലായിടത്തുമുണ്ടെന്ന് നാം പറയുന്നത്. നമുക്ക് കാണുവാൻ കഴിയുന്നതും കാണുവാൻ കഴിയാത്തതും അദ്ദേഹം കാണുന്നു. മറ്റുള്ളവരുടെ മനസ്സിന്റെ ചിത്രങ്ങൾ ഈശ്വരന്റെ മനസ്സിലൂടെ കടന്നുപോകുന്നുണ്ട്. നമുക്ക് ചെറിയ രണ്ട് കാലുകൾ ഉണ്ട്. കൽക്കട്ടയിൽ നിന്നും പാറ്റ്നയിലെത്തുവാൻ കുറച്ച് സമയം എടുക്കുന്നു. ഒരേ സമയം കൽക്കട്ടയിലും പാറ്റ്നയിലും നിൽക്കുവാൻ നമുക്ക് കഴിയില്ല. ഈശ്വരന്റെ സദ്ഭാവം കൊണ്ടാണ് ഈശ്വരന്റെ കാലുകൾ എല്ലായിടത്തുമുണ്ടെന്ന് പറയുന്നത്. കൽക്കട്ടയിൽ നിന്നും പാറ്റ്നയിലേക്ക് പോകണമെങ്കിൽ പാറ്റ്ന ഉപേക്ഷിച്ചിട്ടു വേണ്ട, ഈശ്വരൻ എല്ലായിടത്തുമുണ്ട്, എല്ലാം

കാണുന്നുമുണ്ട്, എല്ലാം ശ്രദ്ധിക്കുന്നുമുണ്ട്. പ്രപഞ്ചത്തിലുള്ള നിലയ്ക്കാത്ത എല്ലാ പ്രവാഹങ്ങളും വസ്തുക്കളും ഈശ്വരന്റേതാണ്. ശ്രേഷ്ഠമായ വിഷയമാണത്. മറ്റുള്ളതെല്ലാം അദ്ദേഹത്തന്റെ വസ്തുക്കളും ആണ്. മനുഷ്യന്റെ താഴെയുള്ള കോശങ്ങളെ മുകളിലുള്ള കോശങ്ങൾ നിയന്ത്രിക്കുന്നു. എല്ലാ കോശങ്ങളേയും നിയന്ത്രിക്കുന്നത് സഹസ്രാരചക്രമാണ്. സഹസ്രാരചക്രമാണ് എന്തിന്റേയും മുകളിൽ അതിനാൽ ഇവിടെയാണ് പരമചൈതന്യത്തിന്റെ ഇരിപ്പിടം. അതുകൊണ്ടാണ് സഹസ്രാരചക്രത്തെ അവസാനത്തെ നിയന്ത്രണ ബിന്ദു എന്നു പറുയന്നത്.

പ്രപഞ്ചത്തിലെ പുരുഷന ഭൂതവും ഭാവിയുമെല്ലാം അറിയാം. വർത്തമാനകാലത്തെപ്പറ്റി ഒന്നും പറഞ്ഞില്ലല്ലൊ. എന്താണ് വർത്തമാനകാലം? ഭൂതകാലത്തിന്റെ ഒരു ഭാഗവും ഭാവികാലത്തിന്റെ ചിലഭാഗവും വളരെ എളുപ്പത്തിൽ ഓർമ്മിക്കുകയും സ്വീകരിക്കുകയും ചെയ്യും. ഇതാണ് വർത്തമാന സമയം. രണ്ട് പേർ കൂടി ചർച്ചനടത്തുമ്പോൾ ഒരാൾ സംസാരിക്കുന്നു. അല്പം സെക്കന്റുകൾ കഴിഞ്ഞാണ് മറ്റുള്ള വ്യക്തി അതു കേൾക്കുകയുള്ളൂ. (കാരണം വായു അല്പസമയമെടുക്കും ശബ്ദതരംഗങ്ങളെ സ്വീകരിക്കുവാൻ) പറയുന്ന വ്യക്തിക്ക് ഇത് ഭൂതവും വർത്തമാന സമയത്തിന ഇത് ഭാവിയുമാണ്. പരമസത്ത ഭൂതവും ഭാവിയും സർവവും അറിയുന്നു. സ-യെന്നത് സാത്വികതത്വത്തിന്റെ മൂലമാണ്. ര-ഊർജ്ജവും വ-സ്വഭാവ രീതിയുമാണ്. സാത്വിക

തത്വത്തിൽ നിന്നാണ് ഏതിന്റേയും ഉത്ഭവം, ഊർജ്ജമാണ് എല്ലാം നിയന്ത്രിക്കുന്നത്. എന്തിനും അതിന്റേതായ സ്വഭാവ സവിശേഷതയും ഉണ്ട്. അതുകൊണ്ട് എല്ലാം നിയന്ത്രിക്കുന്നതിനെയാണ് സർവ എന്നു പറയുന്നത്. സർവ എന്നാൽ എല്ലാ വസ്തുക്കളും എന്നും അർത്ഥമുണ്ട്. പരമപുരുഷൻ എല്ലാം അറിയുന്നു. ആനന്ദമാർഗ്ഗതത്വശാസ്തരമനുസരിച്ച് സ്വർഗ്ഗം, നരകം എന്ന ചോദ്യം ഇല്ലതന്നെ. നാം നിസ്സഹായതയെ പ്രോത്സാഹിപ്പിക്കരുത്. ഈശ്വരൻ സ്വർഗ്ഗത്തിലും നരകത്തിലും ഉണ്ട്. നാമാരും ഒറ്റയ്ക്കല്ല പരമപുരുഷൻ നമ്മോടൊപ്പം ഉണ്ട്. അദ്ദേഹം നമ്മെ സ്നേഹിക്കുന്നുണ്ട്. അതുകൊണ്ട് താഴ്ന്നവനാണെന്ന ചിന്ത വേണ്ട. ഈശ്വരനെ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യമാക്കി സ്വതന്ത്രനായിത്തീരുക.

ഉള്ളടക്കം പാറ്റ്ന....15-8-1978

## പ്രഭാഷണം....13

# സ്വതന്ത്രമായ ആഗ്രഹത്തിന്റേയും മനസ്സിന്റേയും പരിണിത ഫലങ്ങൾ

മനുഷ്യനും മൃഗവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം പരമപുരുഷന്റെ നിയമങ്ങൾക്കനുസരിച്ച്, ജന്മവാസനക്കനുസരിച്ച് അവ പ്രവർത്തിക്കുന്നു എന്നതാണ്. എന്നാൽ മനു,്യൻ അവന്റെ ഇച്ഛയ്ക്കും മാനസികബലത്തിനുമനുസരിച്ച്

പ്രവർത്തി ചെയ്യുന്നു. മൃഗങ്ങൾക്ക് വികസിതമായ ഒരു മനസ്സില്ല എന്നാൽ മനുഷ്യന് വികാസം പ്രാപിച്ച മനസ്സുണ്ട്. വികസിതമായ മനസ്സിനെ ഉപയോഗിക്കാത്തവൻ മൃഗത്തേക്കാൾ അധപതിച്ചവനല്ലേ. മനുഷ്യശരീരത്തിന്റെ മാനസിക നിലയ്ക്ക് സംസ്ക്കാരമനുസരിച്ച് മാറ്റമുണ്ട്. ഒരു വ്യക്തി തന്നെ ചില നല്ല കാര്യങ്ങൾ ചെയ്യുന്നു. മറ്റു ചിലപ്പോൾ ചീത്തകാര്യങ്ങൾ ചെയ്യുന്നു. അതായത് ദുഷിച്ച പ്രതിസഞ്ചാരത്തിലേക്ക് വരുന്നു എന്ന് പറയാം.

എന്താണ് പാപം? ചെയ്യരുതാത്തത് ചെയ്യുന്നതാണ് പാപം. ചെയ്യുവാൻ കഴിയുന്നത് ചെയ്യാതിരിക്കുന്നത് പ്രത്യവായവുമാണ്. പാപത്തിനും പ്രത്യവായത്തിനും കൂടി ഒരുമിച്ച് പറയുന്ന പദമാണ് പാതകം. ഒരു പാതകി പാപം ചെയ്യുന്നത് ഗൗരവമേറിയ സ്വഭാവമല്ല. ഒരു പാതകിയെ അവൻ ചെയ്ത കർമ്മങ്ങൾ മറന്ന് ആത്മീയതയുടെ വഴിയേ നടത്തേണ്ടതാണ്. പാതകിയുടെ രണ്ടാമത്തെ രൂപമാണ് അതി പാതകി. ഒരാൾ സ്ഥിരമായി മറ്റൊരാളുടെ ശരീരവും മനസും കേടാക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നതാണിത്. മൂന്നാമത്തേത് മഹാപാതകി ചെയ്യുന്ന കർമ്മങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കുന്ന സ്വഭാവക്കാരനാണ്. സ്വന്തം സന്തോഷം വെടിഞ്ഞ് ഇത്തരക്കാർ സ്വയം മാനവരാശിയുടെ നന്മക്കായി പ്രവർത്തിക്കണം. തീർച്ചയായും മഹാപാതകിക്ക് മാനവരാശിയുടെ നന്മയ്ക്കായി പ്രവർത്തിക്കാം. ഇതു കൂടാതെ

മനുഷ്യന്റെ സ്ഥിരമായ നന്മയ്ക്കു വേണ്ടി എന്തെങ്കിലും ചെയ്യേണ്ടതാണ്.

ഉള്ളടക്കം പാറ്റ്ന....16–8–1978

## പ്രഭാഷണം....14

# അടിമത്വത്തെ ഉപേക്ഷിക്കൂ

" മന ഏവ മനുഷ്യാനാം
കാരണം ബന്ധമോക്ഷയോ "

മനുഷ്യന്റെ മോക്ഷത്തിനുള്ള തടസം മനസിന്റെ അടിമത്വം മാത്രമാണ്. എന്താണ് അടിമത്വവും മോചനവും? മനുഷ്യനിൽ താഴെയുള്ള ഒരു ജീവിക്കും സ്വതന്ത്രമായൊരു മനസില്ല. അവരുടെ മനസ്സിനെ ജന്മവാസനകളാണ് നയിക്കുന്നത്. എന്നാൽ മനുഷ്യന് സ്വതന്ത്രമായൊരു മനസ്സുണ്ട്. ഇഷ്ടാനുസരണം പ്രവർത്തിക്കുവാൻ മനുഷ്യനു കഴിയും. അവർക്ക് മോചനത്തിന്റേയോ ബന്ധനത്തിന്റേയോ വഴിതിരഞ്ഞെടുക്കാൻ കഴിവുണ്ട്. ഇതാണ് മനുഷ്യനും മൃഗവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം.

മനസ്സിന് എപ്പോഴും ഒരു വസ്തു വേണം (വിഷയം) ഗ്രന്ഥങ്ങളിൽ വിഷയത്തിന് ആഭോഗയെന്ന് പറയുന്നു. ആഭോഗ എന്നാൽ മനസിനെ പോഷിപ്പിക്കുന്ന വസ്തുവെന്നർത്ഥം. അതായത് മനസ്സിന്റെ ആഹാരം. മനസ്സിന്റെ ആഹാരം പരിമിതമായാൽ മനസ്സും പരിമിതമാകും. അത് അനന്തമായാൽ–അതിനുവേണ്ടി ശ്രമം നടത്തിയാൽ

മനസ്സും അനന്തമാകും. അത് മനുഷ്യന്റെ ഇച്ഛാശക്തിയെ അനുസരിച്ചാണ്, അവരുടെ വസ്തു പരിമിതമാകണോ അപരിമിതമാകണോ എന്നത് നിലകൊള്ളുന്നത്. ഒരു വ്യക്തി മഹാനും ശ്രേഷ്ഠനുമാകണോ അതോ നിസ്സാരനാകണോ എന്നത് ഒരാളുടെ ആഗ്രഹത്തെ ആശ്രയിച്ചാണു നിലകൊള്ളുന്നത്.

“ ബന്ധസ്തു വിഷയാസംഗീ മുക്തോ
നിർവിഷയംസ്തഥാ”

മനുഷ്യൻ ഒരു ചെറിയ വസ്തുവിനെ ലക്ഷ്യമാക്കിയാൽ അവൻ വിധേയത്വത്തിലും അടിമത്വത്തിലും തുടരും. അത് അനന്തമാണെങ്കിൽ അനന്തതയിൽ ലയിച്ചു ചേർന്ന് മോചിതനാകുവാൻ കഴിയും.

“പാശബദ്ധോ ഭവേജ്ജീവോ പാശമുക്തോ
ഭവേത് ശിവ”

മനുഷ്യന്റെ ലക്ഷ്യം പരിധിയുള്ളതാണെങ്കിൽ വിധേയത്വവും അപരിമിതമെങ്കിൽ എല്ലാ പരിധിയും കടന്ന് അടിമത്വത്തിൽ നിന്നും മോചിതനായി മോക്ഷം ലഭിക്കും.

മനുഷ്യന്റെ ആത്മീയപരിശീലനം എന്താണ്? അണുമനസ്സിനെ (ജീവാത്മാവിനെ) ബന്ധന വിമുക്തനാക്കി പ്രപഞ്ചമനസ്സുമായി പരമാത്മാവുമായി ചേരുക (ശിവത്വം) ഇതൊന്ന് മാത്രമാണ് മനുഷ്യന്റെ ലക്ഷ്യം.

ഉള്ളടക്കം പാറ്റ്ന....17-8-1978

## പ്രഭാഷണം....15

# കൃഷ്ണനും രാമനും

കൃഷ്ണനെന്ന പദത്തിന് മൂന്ന് വിശദീകരണങ്ങളുണ്ട്- തത്വ ശാസ്ത്രപരം, ജീവശാസ്ത്രപരം, ചരിത്രപരം.

തത്വശാസ്ത്രത്തിന്റെ വിശദീകരണമനുസരിച്ച് കൃഷ്ണനെന്നാൽ എല്ലാ വസ്തുക്കളേയും ആകർഷിക്കുന്നവൻ എന്നാണ്. അറിഞ്ഞോ അറിയാതെയോ പ്രപഞ്ചത്തിലുള്ള ഓരോ കണികയും പ്രപഞ്ചത്തിന്റെ കേന്ദ്ര ബിന്ദുവിലേക്ക് ആകർഷിക്കപ്പെടുന്നു. അങ്ങോട്ട് ചലിക്കുകയെന്നത് മനുഷ്യന്റെ കടമയാണ്. എല്ലാവരേയും അദ്ദേഹം അങ്ങോട്ട് ആകർഷിക്കുന്നുണ്ട്. തത്വശാസ്ത്രപരമായ രണ്ടാമത്തെ വിശദീകരണം ഞാൻ എന്ന ജീവന്റെ ഭാവം-ഞാൻ നിലനിൽക്കുന്നു ഞാനുണ്ട്. കേന്ദ്രബിന്ദു ഉള്ളതുകൊണ്ട് ഞാനും ഉണ്ട്. കൃഷ്ണനില്ലെങ്കിൽ ഞാനും ഉണ്ടാകില്ല.

ജീവശാസ്ത്രപരമായി കൃഷ്ണൻ ആരാണ്? എല്ലാ മാനസിക പ്രവണതകളേയും പ്രവർത്തികളേയും നിയന്ത്രിക്കുന്ന കേന്ദ്രബിന്ദുവായ സഹസ്രാര ചക്രമാണ്.

ചരിത്രപരമായി കൃഷ്ണനെ എല്ലാവർക്കും അറിയാം. ധർമ്മവും സദാചാരവും സ്ഥാപിക്കുവാനായി ജന്മമെടുത്ത വ്യക്തി പ്രഭാവമാണിത്. എങ്ങിനെ യുദ്ധം ചെയ്ത് ധർമ്മം സ്ഥാപിക്കാമെന്ന് പഠിപ്പിച്ച വ്യക്തി പ്രഭാവം.

ഓരോ പദങ്ങളും അർത്ഥപൂർണ്ണമാണ്. പരമപുരുഷന്റെ മറ്റൊരു നാമമാണ് രാമൻ. രാമന് മൂന്ന് വിശദീകരണങ്ങളുണ്ട്. ഒന്നാമത്തെ അർത്ഥം രാമന്തിയോഗിന യാസ്മിൻ-യോഗിമാർക്കും ആത്മീയപരിശീലകർക്കും സന്തോഷം പ്രദാനം ചെയ്യുന്ന ഒരേയൊരു ചൈതന്യം എന്നതാണ്. ആത്മീയവാദികൾക്ക് ചെറുതും പരിമിതവുമായ ഭൗതീകവസ്തുക്കൾകൊണ്ട് സന്തോഷം ലഭിക്കില്ല. അവർക്ക് അനന്തമായ വസ്തു വേണം. ന അല്പി സുഖമസ്തി - കൃപ പരിമിതമായ വസ്തുക്കളിൽ നിന്ന് ഒരിക്കലും ലഭിക്കില്ല. അനന്തമായ സന്തോഷം പകർന്നുതരുന്ന വസ്തു ഏതോ അതാണ് രാമൻ. ആനന്ദസൂത്രത്തിൽ സുഖമനന്തമാനന്ദം (അനന്തമായ സുഖമാണ് ആനന്ദം, കൃപ) എന്ന് പറയുന്നുണ്ട്. ആനന്ദമാണ് വേണ്ടത് സുഖമല്ല അവർക്ക് കൃപയാണ് വേണ്ടത് സന്തോഷമല്ല. രാമന്തി യോഗിനയാസ്മിൻ.

രാമന്റെ മറ്റൊരു അർത്ഥമിതാണ് രതി മഹീധര രാമ രാമനെന്നാൽ പ്രപഞ്ചത്തിൽ ഏറ്റവുമധികം ഉജ്ജ്വലവും/വർണ്ണശബളവുമായ പ്രകാശം ചൊരിയുന്ന സത്തയെന്നാണ്. ഇതിൽ രതിയെന്ന പദത്തിന്റെ ആദ്യാക്ഷരം ര - മഹീധരയെന്ന പദത്തിലെ ആദ്യാക്ഷരം മ - ചേർന്ന് രാമനെന്ന പദം

ഉണ്ടായി. എന്തുകൊണ്ടാണ് ഉജ്ജ്വലമായത്? മറ്റെല്ലാ സൃഷ്ടികൾക്കും പ്രകാശം ലഭിക്കുന്നത് രാമനിൽ നിന്നാണ്.

സൗരയൂഥത്തിൽ സൂര്യന് ഊർജ്ജം ലഭിക്കുന്നത് ബ്രഹ്മാണ്ഡത്തിന്റെ കേന്ദ്രബിന്ദുവിൽ നിന്നാണ്. ബ്രഹ്മാണ്ഡത്തിൽ ധാരാളം സൗരയൂഥ രീതികളുണ്ട്. അവയുടെയെല്ലാം കേന്ദ്രം പരമ പുരുഷനാണ്, പുരുഷോത്തമനാണ്. എല്ലാ ഊർജ്ജത്തിന്റേയും കേന്ദ്രമാണവിടം. സൂര്യന് ഇവിടെ നിന്നു തന്നെയാണ് ഊർജ്ജം ലഭിക്കുന്നത്.

രാമനെന്ന പദത്തിന്റെ മൂന്നാമത്തെ അർത്ഥം രാവണസ്യമരണം രാമ എന്നാണ്. (രാമൻ എന്നാൽ നിഗ്രഹിക്കുന്നവൻ) രാവണസ്യ എന്ന പദത്തിലെ ആദ്യാക്ഷരവും കൂടിചേർന്നപ്പോൾ രാമനെന്ന പദമായി. എന്താണ് രാവണൻ? രാമായണത്തിൽ രാമനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. (രാമായണം പുരാണകഥയാണ്, ചരിത്രമല്ല) രാവണനെന്നാൽ മനുഷ്യമനസ്സ് പത്തു ദിശകളിലൂടെ ചലിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ്- ക്രൂരതയിലേക്ക് ചലിച്ച് കേന്ദ്രത്തിൽനിന്നും അകന്നു പോകുന്നു. ക്രൂരതയിൽ നിന്നെങ്ങിനെ രക്ഷപ്പെടാം? രാവണനെ തോൽപ്പിക്കണം, നശിപ്പിക്കുവാൻ കഴിയണം, എന്നാൽ മാത്രമെ ഒരാൾക്ക് രാമനിൽ അഭയം ലഭിക്കുകയുള്ളൂ. അതുകൊണ്ടാണ് രാമനെ രാവണസ്യ മരണം എന്നു പറഞ്ഞത്. രാമനിൽ/പരമപുരുഷനിൽ അഭയം തേടിയാൽ രാവണൻ സ്വയം മരിക്കാൻ കഴിയുകയുള്ളൂ- രാവണസ്യ മരണം-രാവണൻ എന്ന

പദത്തിലെ ആദ്യാക്ഷരവും മരണമെന്ന പദത്തിലെ ആദ്യാക്ഷരവും- രാമ.

ഉള്ളടക്കം പാറ്റ്ന....18-8-1978

## പ്രഭാഷണം....16

# മധ്യവർത്തികൾ പലതരം

രാവണനെന്ന പദം ഉണ്ടായത് രാവ് + അന-രാവണൻ - അധോഗതിയിലേക്ക്/തള്ളിയിടുന്നവനാണ്-വലിച്ചിടുന്നവനാണ്-നരകത്തിലേക്ക് രൗരവനരകത്തിലേക്ക്. അധഃപതിച്ച മനുഷ്യമനസ് പത്ത് ദിശകളിൽ പ്രവർത്തിക്കുന്നു- ഇതാണ് രാവണൻ. രാവണൻ പുരാണകഥാപാത്രമാണ് ചരിത്രപരമല്ല.

സംസ്കൃതത്തിൽ നാല് സാഹിത്യങ്ങളുണ്ട്-കാവ്യം, (സംഭവങ്ങളെ സുന്ദരമാക്കി അവതരിപ്പിക്കുന്നു) പുരാണം (ഭാവനയാണ് എന്നാൽ അറിവു പകർന്നു നൽകുന്ന കഥകളാണ്) ഇതികഥ (സംഭവങ്ങളെ യഥാർത്ഥത്തിൽ രേഖപ്പെടുത്തുന്നതാണ്) ഇതിഹാസം (പഠനമൂല്യമുള്ള യഥാർത്ഥ സംഭവങ്ങൾ നൽകി രേഖപ്പെടുത്തുന്നതാണ്) വേദവ്യാസൻ പതിനെട്ട് പുരാണങ്ങൾ എഴുതിയിട്ടുണ്ട്-ഭാവനയിൽ ഉരുതിരിഞ്ഞ കഥകൾ. അതിൽ ചിലത് തത്വത്തിന് നിരക്കാത്തതുകൂടിയാണ്. അതുകൊണ്ട് അദ്ദേഹം ഈശ്വരനോട് ക്ഷമയാചിക്കുന്ന ഒരു ശ്ലോകമുണ്ട്.

ഏറ്റവും ഉജ്ജ്വലമായത് ഏതാണ്? എല്ലാം ബ്രഹ്മാണ്ഡത്തിന്റെ കേന്ദ്രബിന്ദുവിൽ നിന്നാണ്/ന്യൂക്ലിയസിൽ നിന്നാണ് ഊർജ്ജം സ്വീകരിക്കുന്നത്. ഏറ്റവും ഉത്കൃഷ്ടവും ഉജ്ജ്വലവുമാണ് ന്യൂക്ലിയസ്. ചെറുതോ വലുതോ ആയ ഏതൊന്നിനും ഒരു വലയം ഉണ്ട്. ഒരു ആറ്റത്തിനുപോലും ഇലക്ട്രോണുകളും ന്യൂക്ലിയസുമുണ്ട്. ചന്ദ്രൻ സൂര്യനെ ചുറ്റുന്നു, ഗ്രഹങ്ങൾ സൂര്യനെ ചുറ്റി കറങ്ങുന്നു, സൗരയൂഥം ബ്രഹ്മാണ്ഡത്തിന്റെ ന്യൂക്ലിയസിനെ ചുറ്റുന്നു. പരമപുരുഷനുമായി സാദൃശ്യപ്പെടുത്തുമ്പോൾ സൂര്യന് പ്രാധാന്യമുണ്ട്. വൈദ്യുതി സൂര്യനിൽ നിന്ന് നേരിട്ടും അല്ലാതെയും എടുക്കാം. സൂര്യനും മറ്റെല്ലാ സൃഷ്ടികളും ഊർജ്ജം സ്വീകരിക്കുന്നത് ഈശ്വരനിൽ നിന്നാണ്. മറ്റെല്ലാ വസ്തുക്കളിലും പ്രകാശം ചൊരിഞ്ഞ് തിളങ്ങി നിൽക്കുന്ന ഏറ്റവും ശ്രേഷ്ഠവും പ്രകാശപൂരിതവുമാണ്. ഈശ്വരൻ മറ്റുള്ളവ ഈ പ്രകാശത്തിന്റെ പ്രതിഫലനം മാത്രം.

ഊർജ്ജം കാണുവാനാകില്ല. ലൈറ്റ് കത്തുമ്പോഴും ഫാൻ കറങ്ങുമ്പോഴും നാം ഊർജ്ജത്തെ തിരിച്ചറിയുന്നു. അതുപോലെ സൂര്യനെ കാണുവാനാകില്ല. അതിന്റെ പ്രവർത്തികൾ കാണാം. അത് വട്ടത്തിലാണ് എന്നും അല്പം അടുത്ത് ചെന്നാൽ കത്തുന്നതുപോലെ തോന്നും എന്നും നമുക്കറിയാം. വൈദ്യുതിയേയും സൂര്യനേയും അനുഭവിച്ചറിയാം. മനസ്സും അങ്ങിനെതന്നെയാണ്.

ഒരാൾക്ക് അയാളുടെ മനസ്സ് കാണുവാനാകില്ല, അനുഭവിച്ചറിയാം. മനസ്സ് ശരീരത്തിലൂടെ പ്രകടമാവുന്നു. ചിലരെ ബുദ്ധിജീവികളെന്ന് വിളിക്കുന്നു-ഇത് മനസ്സിനെ ഒരുതരം ദുഷിച്ച വിഭ്രാന്തിയാണ്/തോന്നലാണ്. ഭയം വരുമ്പോൾ എല്ലാം ചുരുങ്ങുന്നു. അപ്പോൾ മനസ്സ് നിരീക്ഷണത്തിലാകും. അതുപോലെ മനസ്സ് പൂർണ്ണമായി പരമപുരുഷനെന്ന ചിന്തയിലായാൽ അനുഭവിക്കുന്ന സന്തോഷം പ്രകടമാക്കുവാനാകില്ല-അനുഭവിക്കാനും ആസ്വദിക്കുവാനും മാത്രമേ സാധിക്കുകയുള്ളൂ.

മനുഷ്യന് ചെറുതോ വലുതോ ആയ ഒന്നും ചെയ്യുവാൻ കഴിയില്ല. എല്ലാം ചെയ്യുന്നത് പരമപുരുഷന്റെ ഊർജ്ജം കൊണ്ടാണ്. ഉപനിഷത്തിൽ ഒരു കഥയുണ്ട്. ഒരിക്കൽ ദേവതമാരുടെ നേതാവായ ഇന്ദ്രൻ പരമപുരുഷനെ സമീപിച്ചു. എല്ലാ ഊർജ്ജത്തിന്റേയും ഉറവിടമായ അദ്ദേഹം/പരമപുരുഷൻ ദ എന്ന വാക്കു പറഞ്ഞു. ദേവതമാർ അതിനെ ദമനം കുരുവെന്ന് വ്യാഖ്യാനിച്ചു. (മുഖ്യമായ പ്രവണതയെ ഒരാൾ നിയന്ത്രിക്കുക) മനുഷ്യരും അസുരൻമാരും പിന്നീട് സമീപിച്ചു. മുകളിൽ പറഞ്ഞതായ ദ തന്നെ രണ്ടു കൂട്ടരോടും പറയുകയുണ്ടായി. മനുഷ്യർ ഇതിനെ ദയാം കുരു (കരുണചൊരിയുക) എന്നും അസുരൻമാർ ഇതിനെ ദാനം കുരു (ദാനം ചെയ്യുക) എന്നും വ്യാഖ്യാനിച്ചു. ഇതുകൊണ്ടാണ് അസുര ചക്രവർത്തിയായ മഹാബലി ദാനം നൽകുന്നതിൽ ശ്രേഷ്ഠനായത്.

ഉള്ളടക്കം പാറ്റ്ന....18-8-1978

## പ്രഭാഷണം....17

# ഈശ്വരനെ പ്രീതിപ്പെടുത്തിയാലും

പരമതത്വത്തെ പ്രാപിക്കുവാൻ അംഗീകരിക്കപ്പെട്ട മൂന്ന് മാർഗ്ഗങ്ങളാണുള്ളത്. ജ്ഞാനം (ബുദ്ധിപരമായ അറിവ്) കർമ്മം (പ്രവർത്തി) ഭക്തി. എല്ലാവരും ഇത് അംഗീകരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും ശ്രേഷ്ഠനായ തത്വചിന്തകൻ ശങ്കരാചാര്യർ അസന്നിഗ്ധമായ ഭാഷയിൽ പറഞ്ഞിട്ടുള്ളത് മോക്ഷ കാരണാ സമഗ്രാം ഭക്തി രേവ ഗരിയസി. മോക്ഷം ലഭിക്കുവാൻ ഏറ്റവും ഉത്തമമായ സമീപനം ഭക്തിയാണ്. ജ്ഞാനത്തേക്കാളും കർമ്മത്തേക്കാളും ശ്രേഷ്ഠമാണ് ഭക്തി. എന്താണ് ഭക്തി? മൂലപദമായ ഭജ്+ക്തിൻ ചേർന്നാണ് ഭക്തി എന്ന പദമായത്. ഭജ് എന്നാൽ രണ്ടാമതൊന്നു ചിന്തിക്കാതെ പരമസത്തയിലേക്ക് ചലിക്കുക എന്നാണർത്ഥം. രണ്ടാമതൊന്നു ചിന്തിച്ച് സമയം കളയാതെ നമ്മുടെ മനസ്സിന്റെ എല്ലാ പ്രവണതകളേയും വികാരങ്ങളേയും ഒരേ ഒരു സത്തയിലേക്കു തിരിച്ചുവിടുന്ന മനസ്സിന്റെ ചലനത്തെയാണ് ഭക്തിയെന്നു പറയുന്നത്. ഭക്തിയുടെ ഈ ഒഴുക്കാണ് പ്രേമം (ഈശ്വരപ്രേമം) മറ്റൊന്നിലേക്ക് മനസ്സിനെ വിടാതെ വിഷ്ണുവിലേക്ക് വിടുമ്പോൾ മാത്രമേ പ്രേമമാകുന്നുള്ളൂ. അനന്യ മമത വിഷ്ണോർ മമത പ്രേമ സംഗത. മമത എന്നാൽ

എന്റേതെന്ന തോന്നൽ മമ സ്വന്തം ഇതിന്റെ നാമരൂപമാണ് മമത- ഇതിനർത്ഥം എന്റെ സ്വന്തമെന്ന തോന്നൽ. ആരാണ് വിഷ്ണു? പ്രപഞ്ചം മുഴുവനും വ്യാപിച്ചിരിക്കുന്ന (സർവ്വാനുസൃത) സത്തയാണ് വിഷ്ണു. വിസ്താര സർവ്വഭൂതേഷു വിഷ്ണോർ വിശ്വമിദം ജഗത് - പ്രപഞ്ചം മുഴുവനായി വ്യാപിച്ചിരിക്കുന്ന ചൈതന്യമാണ് വിഷ്ണു.

ഭക്തിക്ക് യാതൊരു മിശ്രണവും (കലർപ്പും) ഇല്ല. ഉദാഹരണമായി സ്വർണ്ണവും ചെമ്പും കൂട്ടി കലർത്താറുണ്ട്. എന്നാൽ ഭക്തിയിൽ ഒന്നും കൂട്ടിചേർക്കരുത്. ഭക്തി ശുദ്ധമായിരിക്കണം, മനസ്സിനെ മറ്റൊരു ആഗ്രഹത്തിലേക്കും തിരിക്കരുത്. രണ്ടാമതൊരു ചിന്ത വന്നാൽ പരമപുരുഷപ്രാപ്തി ലഭിക്കില്ല. നിഗൂഢമായ ആഗ്രഹമാണ് നമ്മുടെ പ്രധാന ആഗ്രഹമെങ്കിൽ ഭക്തി ഒരു പ്രദർശനം ആകും അങ്ങനെ ചെയ്യരുത്.

ശുദ്ധ ഭക്തിയെന്നാൽ എന്താണ്? എനിക്ക് അങ്ങയിൽനിന്ന് ഒന്നും വേണ്ട-ഞാൻ അങ്ങയെ സ്നേഹിക്കുന്നു, എന്തുകൊണ്ടെന്നാൽ അങ്ങയെ സ്നേഹിക്കുമ്പോൾ എനിക്ക് സന്തോഷം ലഭിക്കുന്നു. ഇതാണ് രാഗാനുക ഭക്തി അല്ലെങ്കിൽ ശുദ്ധമായ ഭക്തി.

എന്നാൽ ഈ രാഗാനുക ഭക്തി അവസാനത്തേതല്ല. ഇവിടെ നാം ഭഗവാനെ സ്നേഹിക്കുന്നത് സ്വന്തം സന്തോഷത്തിനാണ്. ശ്രേഷ്ഠരായ ഭക്തർ ഇങ്ങിനെ ആകരുത്. ഈശ്വരനെ സ്നേഹിക്കണം. സ്വന്തം സുഖം ലഭിക്കുവാനല്ല ഇത്

മറിച്ച് ഈശ്വരന്റെ സന്തോഷത്തിനുവേണ്ടി മാത്രമാണ്. ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ പ്രീതിപ്പെടുത്തുക എന്നതു മാത്രമാണെന്റെ ലക്ഷ്യം. ഇതിനായിട്ടാണ് ഞാൻ അങ്ങയെ സ്നേഹിക്കുന്നത് അല്ലാതെ എനിക്ക് സന്തോഷം വേണ്ട. ഇതാണ് പരമമായ ഭക്തി. രാഗാത്മിക ഭക്തിയെന്ന് ഈ ഭക്തി അറിയപ്പെടുന്നു. രാഗാത്മിക ഭക്തിയിലെത്തിവരെയാണ് ഗോപരെന്നു വിളിക്കുന്നത്. ഗോപയതി യ സ ഗോപ-രാഗാത്മിക ഭക്തിയുള്ളവർ. ആരാണ് ഗോപർ. ലൗകീകസംസ്കൃതത്തിൽ ഗോപയെന്ന പദത്തിന് കന്നുകാലികളെ പോറ്റുന്നവൻ എന്നർത്ഥം ഉണ്ട്. എന്നാൽ തത്വശാസ്ത്രപരമായ ഭാഷയിൽ അങ്ങിനെയല്ല. ഗോപയതി എന്നാൽ സന്തോഷം പ്രദാനം ചെയ്യുകയെന്നാണ് അർത്ഥം. പരമാത്മാവിന് സന്തോഷം നൽകുന്ന സ്വഭാവം ഉള്ളവരാണ് ഗോപർ. ഭക്തി സാഹിത്യത്തിൽ ഗോപന്മാരുടെ ദാസനാണ്/അടിമയാണ് പരമാത്മാവ്.

അതുകൊണ്ട് എല്ലാവരും രാഗാത്മിക ഭക്തിയെ പ്രോത്സാഹിപ്പിക്കണം. കാരണം ഈ ഒരു വഴിയിലൂടെ മാത്രമേ മോക്ഷപ്രാപ്തി നേടാൻ കഴിയൂ. മറ്റൊരു മാർഗവും പകരമായിട്ടില്ല.

ഉള്ളടക്കം പാറ്റ്ന....19-8-1978

## പ്രഭാഷണം....18

# കീർത്തനംകൊണ്ട് ഹൃദയത്തെ തുറക്കുക

കീർത്തനത്തെക്കുറിച്ച് പ്രശസ്തമായ ഒരു ശ്ലോകം ഭക്തിയുടെ ഗ്രന്ഥത്തിൽ നിന്നെടുത്തത് ചുവടെ ചേർക്കുന്നു-

“നാഹം തിഷ്ടാമി വൈകുണ്ഠേ
യോഗീനാം ഹൃദയെ ന ച
മദ്ഭക്താ യത്ര ഗായന്തി
തത്ര തിഷ്ടാമി നാരദ”

താൻ എവിടെയാണ് വസിക്കുന്നതെന്ന് നാരായണൻ പറയുന്നതാണിത്. നാരായണനെന്നാൽ സർവവ്യാപി (സർവാനുസ്യൂതി) ഗ്രന്ഥങ്ങളിൽ നാരായണനെ വിഷ്ണു എന്നാണ് അറിയപ്പെടുന്നത്.

വിസ്താര സർവ ഭൂതേഷു വിഷ്ണോർ വിശ്വമിദം ജഗത് നാഹം തിഷ്ടാമി വൈകുണ്ഠേ- ഞാൻ വൈകുണ്ഠത്തിൽ അല്ല വസിക്കുന്നതെന്ന് നാരായണൻ പറയുന്നു. എന്താണ് വൈകുണ്ഠം? കുണ്ഠയെന്നാൽ ചുരുങ്ങുന്നത് സങ്കോചിക്കുന്നത് എന്നാണർത്ഥം. എന്തുകൊണ്ടാണ് മനസ്സിൽ സങ്കോചം വരുന്നത്? ഒരു വ്യക്തി പാപം ചെയ്യുകയും ജന്മവാസന അതിലേക്ക് നയിക്കുകയും ചെയ്യുമ്പോൾ

മനസ്സ് സങ്കോചിക്കും. ഇടുങ്ങിയ മനസ്സിൽ ആത്മാവിന വികസിക്കുവാനുള്ള സാധ്യതയില്ല. ആത്മപ്രകാശനത്തിന മനസ്സിന്റെ സങ്കോചം മാറ്റേണ്ടതുണ്ട്. മനസ്സിൽ നിന്ന് ഇതെങ്ങിനെ എപ്പോൾ അകറ്റും? പാപങ്ങൾക്ക് പിന്നാലെ മനസ്സ് ചലിക്കുന്നതു കൊണ്ടാണിത്. മനസ്സിന്റെ സങ്കോചം മനസ്സിൽ നിന്നെപ്പോൾ മാറുന്നുവോ പാപവും അപ്പോൾ അകലും. അങ്ങിനെ ഹൃദയത്തിലെ വൈകുണ്ഠത്തിലെത്തുന്നു. നാഹം തിഷ്ടാമി വൈകുണ്ഠേ- നാരായണൻ പറയുന്നതാണ്-ഞാൻ വൈകുണ്ഠത്തിലല്ല വസിക്കുന്നതെന്ന് യോഗീനാം ഹൃദയെ ന ച. അദ്ദേഹം യോഗിമാരുടെ ഹൃദയത്തി ലുമല്ല കുടികൊള്ളുന്നത്. പിന്നെ എവിടെയാണ് വസിക്കുന്നത്? നാരായണൻ ഇങ്ങനെ പറയുമ്പോൾ പിന്നെ ഞാൻ എന്തു പറയാനാണ്? നമുക്കിത് സ്വീകരിക്കുകയേ തരമുള്ളു.

ആരാണ് യോഗി?

സംയോഗ യോഗ ഇത്യുക്ത ജീവാത്മ പരമാത്മന - ജീവാത്മാവും (അണുമനസ്) പരമാത്മാവും (വിശ്വമനസ്) ഒന്നായി ചേരുന്നതാണ് യോഗ. യോഗയെന്ന സംസ്കൃത പദം ആവിർഭവിച്ചത് യുജ്+ഗെയിൻ ഇതിനർത്ഥം കൂടിച്ചേരലെന്നാണ്. രണ്ടും രണ്ടും കൂട്ടിയാൽ നാലു കിട്ടും. രണ്ട് അസ്തിത്വമാണിവിടെ കണ്ടത്. രണ്ട് മാങ്ങയും രണ്ട് മാങ്ങയും കൂട്ടിയാൽ നാലു മാങ്ങയാണ്. ഇവിടെ നാല് തരം മാങ്ങയുണ്ട്. അതിനാൽ രണ്ട് നാലായി മാറി. ഒന്നായി മാറാൻ കഴിഞ്ഞില്ല. പ്രത്യേകം പ്രത്യേകം

അസ്തിത്വമായി നിലകൊള്ളുന്നു ഒരുമിച്ചല്ല. ഇത്തരത്തിലുള്ള കൂടിച്ചേരൽ (സമരസം) യഥാർത്ഥ യോഗയല്ല. യഥാർത്ഥ യോഗയെന്നാൽ കൂടിച്ചേരലാണ്. പിന്നെ രണ്ട് അസ്തിത്വം ഇല്ല. എല്ലാം ഒന്നാകുന്നു. ഇതാണ് യോഗയുടെ ശരിയായ അർത്ഥം. പൂർണ്ണമായും ഇത്തരത്തിലുള്ള യോഗയിലെത്തിചേർന്ന ഒരാളാണ് യോഗി. യോഗയുടെ രണ്ടാമത്തെ അർത്ഥം യോഗ ചിത്തവൃത്തി നിരോധ എന്നാണ്. മനുഷ്യ മനസ്സിന്റെ പ്രവണതകളെ നിരോധിക്കുന്നതെപ്പോഴാണോ ആ അവസ്ഥയാണ് യോഗ. ഇത് ചെയ്തയാൾ യോഗിയും.

നാരായണൻ പറയുന്നു താൻ യോഗിമാരുടെ ഹൃദയത്തിലല്ല വസിക്കുന്നതെന്ന്. എന്തൊരു അത്ഭുതമാണിത്. നാരായണൻ സർവ്വവ്യാപിയാണ്. യോഗിയുടെ ഹൃദയം സർവതിനും അപ്പുറത്താണോ? ഇതിനും ഉത്തരം ഉണ്ട്.

മത്ഭക്ത യത്ര ഗായന്തി തത്ര തിഷ്ടാമി നാരദ–എവിടെ ഭക്തർ എന്റെ നാമം പാടുന്നുവോ അവിടെ ഞാൻ ഉണ്ടാകും. അല്ലയോ നാരദ ഞാൻ എന്റെ ന്യൂക്ലിയസ് അങ്ങോട്ട് മാറ്റും. നാരദനെന്ന പദത്തിനർത്ഥം എന്താണ്? സംസ്കൃതത്തിൽ നാരദ എന്ന വാക്കിന മൂന്ന് അർത്ഥങ്ങൾ ഉണ്ട്. ഒന്ന് – നാര = നീര, ജലം, രണ്ട് പരമപ്രകൃതി ഇതിൽനിന്നാണ് നാരായണനെന്ന പദം വന്നത്–മൂന്ന്–ഭക്തി. നാര+ദ=ദ മൂലപദമായ ദ ഇതിനർത്ഥം നൽകുന്നവൻ. അപ്പോൾ നാരദനെന്ന പദത്തിനർത്ഥം ഭക്തി നൽകുന്നവനെന്നാണ്. നാരദനോട് പറഞ്ഞു എവിടെ ഭക്തൻ

എന്റെ നാമം ജപിക്കുന്നുവോ ആ കേന്ദ്രത്തിൽ ഞാനുണ്ട്. എന്ത്കൊണ്ട്? ഭക്തർക്ക് ഉച്ഛ്വാസവും വികാരവും (ആവേഗ) ഉണ്ട്. വികാരത്തിന്റെ സഹായത്താൽ ഞാൻ പ്രപഞ്ചത്തിൽ തരംഗങ്ങളെ പ്രസരണം ചെയ്യും.

തരംഗങ്ങൾ/കമ്പനം എങ്ങിനെ യോഗിയുടെ ഹൃദയത്തിൽ നിന്നും പുറത്തേക്ക് വരും. എല്ലാ പ്രവണതകളുടേയും പത്ത് വാതിലുകൾ നിരോധിക്കുന്നതാരാണ്? എന്നിട്ടും നാരായണൻ അദ്ദേഹത്തിന്റെ ന്യൂക്ലിയസിനെ അവിടെ നിന്നു മാറ്റുന്നതെങ്ങിനെ? ആ പ്രസരണികൾ എവിടേയും എത്തും.

ഭക്തരുടെ നടുവിലാണ് അദ്ദേഹം വസിക്കുന്നത്. പ്രപഞ്ചം മുഴുവനും പ്രകമ്പനം കൊള്ളുന്നത് ഈ തരംഗങ്ങളാലാണ്. നാരായണൻ ഭക്തരുടെ ഹൃദയത്തിലാണ് വസിക്കുന്നത്. നാരായ ണൻ എല്ലായിടത്തും ഉണ്ടെന്നത് സത്യമാണ്. എന്നാൽ അതിന്റെ ഉറവിടം (സ്ഫുരണം) പ്രസരണം (വിക്ഷുരണം) സ്പന്ദനം ഇവ എല്ലായിടത്തും ഇല്ല. നാരായണൻ എല്ലായിടത്തുമുണ്ട്. പക്ഷേ തരംഗങ്ങളുടെ പ്രസരണം പുറപ്പെടുന്നത് ന്യൂക്ലിയസിൽ നിന്നുമാണ്. ഭക്തൻ നാമം പാടുമ്പോൾ ന്യൂക്ലിയസിലിരുന്ന് അദ്ദേഹം അവിടേക്ക് എത്തുന്നു. ഇതിലും നല്ലൊരു സ്ഥലം വേറെ എവിടെയാണുള്ളത്?

അതുകൊണ്ടാണ് നാരായണൻ എന്നത് യാഥാർത്ഥ്യമാകുന്നത്.

# പ്രഭാഷണം....19

# പരമസത്യത്തെ കണ്ടെത്തൽ

പുരുഷോത്തമൻ ഈ ബ്രഹ്മാണ്ഡത്തിന്റെ ന്യൂക്ലിയസാണ്/കേന്ദ്രമാണ്. ആറ്റോമിക ഘടനയിൽ ഒരു ന്യൂക്ലിയസുണ്ട്. ധാരാളം ഇലക്ട്രോണുകൾ ന്യൂക്ലിയസിനു ചുറ്റും കറങ്ങുന്നു. ഇതുപോലെ തന്നെ ഭൂഗോളത്തിലും ഭൂമികേന്ദ്രവും ചന്ദ്രൻ ഇതിനു ചുറ്റും കറങ്ങുന്ന ഗ്രഹവുമാണ്. സൗരയൂഥത്തിന്റെ ന്യൂക്ലിയസ് സൂര്യനാണ്. ധാരാളം ഗ്രഹങ്ങൾ ഇതിനെ ചുറ്റുന്നുണ്ട്. ബ്രഹ്മാണ്ഡത്തിന്റെ കേന്ദ്രം പുരുഷോത്തമനാണ്. പല വസ്തുക്കളും ഇതിനു ചുറ്റും തിരിയുന്നു. പ്രപഞ്ചത്തിന്റെ ഒഴുക്കിന ഒരു പ്രത്യേകതയുണ്ട്. മനസ്സുകൊണ്ട് അറിഞ്ഞോ അറിയാതെയോ അദ്ദേഹത്തിനു ചുറ്റും കറങ്ങുന്നു. അറിഞ്ഞുകൊണ്ട് വലം വയ്ക്കുന്നവർ-നൃത്തം ചെയ്യുക.യാണ്. അദ്ദേഹത്തിന ചുറ്റും തന്നെയാണ് കറങ്ങുന്നത്. എല്ലാ ചലനവും ഇങ്ങിനെയാണ്. അറിഞ്ഞോ അറിയാതെയോ ചലിക്കുമ്പോൾ ഈശ്വരനുമായുള്ള റേഡിയസ്/വ്യാസാർദ്ധം വർദ്ധിക്കുന്നു. ചിലപ്പോൾ ഇത് കുറയുന്നു. അറിവില്ലായ്മകൊണ്ട് വ്യാസാർദ്ധം വർദ്ധിക്കുമ്പോൾ

അവർക്ക് ദുഃഖവും വ്യാസാർദ്ധം കുറയുമ്പോൾ സന്തോഷവും അനുഭവിക്കുന്നു. ഇതാണ് കേന്ദ്രബിന്ദുവിന്റെ പ്രത്യേകത. മറ്റുള്ള കേന്ദ്രങ്ങളിൽ ഈ ചലനം ശാരീരികം മാത്രമാണ്.

ഉള്ളടക്കം പാറ്റ്ന....21-8-1978

## പ്രഭാഷണം....20

## നിങ്ങൾക്കെന്താണ് വേണ്ടത്?

എണ്ണമറ്റ താർക്കികൾ ഇവിടെയുണ്ട്. ചിലർ പറയും ഇതാണ് ശരി, മറ്റു ചിലർ പറയും ഇത് ശരിയല്ലെന്ന്. നമുക്ക് താർക്കികൻമാരെ ആശ്രയിക്കാനേ കഴിയില്ല. ഒരാൾ സ്വയം ആദർശത്തിൽ അടിയുറച്ചവനായിരിക്കണം. അല്ലാതെ താർക്കികൻമാർ പറയുന്നതിനെ ആശ്രയിക്കരുത്.

"നിന്ദന്തു നീതി നിപുണാഃ
യദി വാ സ്തവന്തു
ലക്ഷ്മീ സമാവിശതു ഗൃഹം
ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ മരണമസ്തു യുഗാന്തരേ വാ
ന്യായാത് പഥി പ്രവിചലന്തി പദം ന ധീരാഃ "

ആദർശത്തിൽ അടിയുറച്ച് നിൽക്കുന്ന ഒരു വ്യക്തി പ്രശംസയേയും നിന്ദയേയും ഒരുപോലെ സ്വീകരിക്കുക, പണം/ധനം വന്നേക്കാം അതുപോലെ തന്നെ ഇല്ലാതാകാം. ആയിരക്കണക്കിന് വർഷം ജീവിക്കാം അല്ലെങ്കിൽ അടുത്ത നിമിഷം മരിച്ചേക്കാം. എന്തു സംഭവിച്ചാലും പതറാതെ ആദർശത്തിലുറച്ചു നിൽക്കുന്ന വ്യക്തിയെയാണ് ധീരനെന്ന് പറയുന്നത്. ആത്മീയമായ പുരോഗതിക്ക് ആദർശത്തിലടിയുറച്ച ധീരരായി ഓരോരുത്തരും മാറണം.

നിങ്ങൾക്ക് എന്താണ് വേണ്ടതെന്ന് ഈശ്വരൻ ചോദിച്ചാൽ നാം എന്ത് പറയും. അല്ലയോ ദേവാ എനിക്ക് അങ്ങയുടെ അനുഗ്രഹം മാത്രം മതി എന്റെ ബുദ്ധിയെ നേർവഴിക്കു നയിക്കുവാൻ. ബുദ്ധിയാണ് മാറ്റത്തിലും അധഃപതനത്തിനും കാരണം. അതുകൊണ്ട് മനസ്സിന് ശരിയായ ദിശ ലഭിക്കുമ്പോൾ പിന്നീട് മറ്റൊന്നും ആവശ്യമായി വരുന്നില്ല.

വേദങ്ങളിൽ പറഞ്ഞിരിക്കുന്നത്-പ്രപഞ്ചം സൃഷ്ടിച്ചത് ശ്രേഷ്ഠനായ സൃഷ്ടികർത്താവാണ്. നമുക്ക് ഒന്നു മാത്രം പ്രാർത്ഥിച്ചാൽ മതി. ബുദ്ധിയെ നേർവഴിക്ക് നയിക്കുവാൻ അനുഗ്രഹിക്കേണമേ എന്ന്. ഗായത്രി എന്നത് ഈ പ്രാർത്ഥനയാണ്. അല്ലയോ, പ്രപഞ്ചത്തിന്റെ സൃഷ്ടി കർത്താവേ എന്റെ ബുദ്ധിയെ നേർവഴിക്കു നയിക്കുവാൻ അനുഗ്രഹിച്ചാലും.

വേദത്തിൽ ഗായത്രി, അനുഷ്ടുപ്, തൃഷ്ടുപ്, ജഗതി, മഹതീ തുടങ്ങിയ ഛന്ദസ്സുകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഗായത്രിയിൽ മൂന്ന് വരികളും

ഓരോ വരിയിലും എട്ട് പദങ്ങളും, ഗായത്രി ഒരു വ്യക്തി ജപിച്ചാൽ മോക്ഷത്തിന്റെ വഴിയിലേക്ക് നയിക്കപ്പെടുന്നതാണ്. ഇഷ്ടമന്ത്ര സാധന ലഭിക്കുന്നതുവരെ ഗായത്രി ജപിച്ചാൽ മതി. ഒരിക്കൽ ഇഷ്ടമന്ത്രസാധന ലഭിച്ചാൽ പിന്നീട് ഗായത്രിയുടെ ആവശ്യമില്ല.

ഉള്ളടക്കം പാറ്റ്ന....22-8-1978

# പ്രഭാഷണം....21

# സ്വധർമ്മവും പരധർമ്മവും

ജീവനുള്ളതും അല്ലാത്തതുമായ ധാരാളം സൃഷ്ടികൾ ഈ പ്രപഞ്ചത്തിലുണ്ട്. എല്ലാ സൃഷ്ടികൾക്കും അതിന്റേതായ ധർമ്മവുമുണ്ട്. ജൈവ ധർമ്മം (ജീവ ധർമ്മം) എല്ലാ സൃഷ്ടിക്കും ഉണ്ട്. പക്ഷേ മാനവധർമ്മമെന്നാൽ ഭാഗവത ധർമ്മം തന്നെയാണ്. ഭാഗവതധർമ്മം-വിസ്താരം (മാനസിക വികാസം) രസം (ഭക്തി) സേവ (സേവനം) ഇവയാണ്. സ്വധർമ്മം (മനുഷ്യന്റെ സ്വന്തം ധർമ്മം) ഭാഗവത ധർമ്മം തന്നെയാണ്.

അറിഞ്ഞോ അറിയാതെയോ മനുഷ്യൻ ഈശ്വരനെ സ്നേഹിക്കുന്നു. ആത്മീയതയിലേക്ക് എല്ലാവർക്കും എത്തണം. ഹിന്ദു ധർമ്മം, മുസ്ലിം ധർമ്മം, ക്രിസ്ത്യൻ ധർമ്മം ഇതൊന്നും മനുഷ്യന്റെ സ്വധർമ്മമല്ല. സ്വധർമ്മമെന്നാൽ ഭാഗവതധർമ്മമാണ്.

ഭാഗവത ധർമ്മത്തിൽ സാത്വിക, രാജസിക, താമസിക ശക്തികൾ ഇല്ല. ഇത് ഈ മൂന്ന് ഗുണങ്ങൾക്കും (സത്വ, രജോ, തമോഗുണം) അപ്പുറത്താണ്.

ഈ മൂന്ന് ഗുണങ്ങളും വനത്തിൽ താമസിക്കുന്ന മൂന്ന് കള്ളന്മാരെപ്പോലെയാണ്. ഒരിക്കൽ മാന്യനായ ഒരു വ്യക്തി വഴിതെറ്റി കാട്ടിനുള്ളിൽ കടന്നു. ഒരു കള്ളൻ ഇദ്ദേഹത്തെ പിടികൂടി കെട്ടിയിട്ടു. നീ ആരാണെന്ന് മാന്യനായ ആൾ കള്ളനോട് ചോദിച്ചു. ഞാൻ തമോഗുണമാണെന്ന് കള്ളൻ മറുപടി പറഞ്ഞു. രണ്ടാമത്തെ ആൾ മാന്യനായ വ്യക്തിയുടെ വേദന കണ്ടിട്ട് കെട്ടുകൾ അഴിച്ചു വിട്ടു. ഇതു കണ്ട് അയാൾ ചോദിച്ചു, നീ ആരാണെന്ന്, ഞാൻ രജോഗുണമാണെന്ന് രണ്ടാമത്തെ കള്ളൻ മറുപടി നൽകി. മൂന്നാമത്തെ കള്ളൻ (സത്വഗുണം) മാന്യനായ വ്യക്തിയോട് ശരിയായ വഴിക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞ് വഴിയും പറഞ്ഞുകൊടുത്തു. ഇതാ ഈ വഴിയേ പോയാൽ നിങ്ങൾക്ക് പട്ടണത്തിലെത്താം. പട്ടണത്തിൽ ഭാഗവതധർമ്മത്തിന്റെ പ്രകാശമുണ്ട്. ഞങ്ങൾ പട്ടണത്തിലെ ഭാഗവതധർമ്മത്തിന്റെ വെളിച്ചത്തിലേക്ക് പോകാറില്ല.

നിങ്ങളുടെ സ്വധർമ്മം പാലിക്കുക. സ്വധർമ്മം പാലിക്കുന്നത് ബുദ്ധിമുട്ടാണെന്ന് കരുതി പരധർമ്മം (മറ്റുള്ള ജീവികളുടെ ധർമ്മം) എളുപ്പത്തിൽ സ്വീകരിക്കരുതേ. ഭാഗവത ധർമ്മം ഒരിക്കലും ഉപേക്ഷിക്കരുത്. പരധർമ്മം സ്വീകരിച്ചാൽ ക്രൂരത

യിലേക്കാണ് പോകുക. ദുഃഖങ്ങളിൽ നിന്നും രക്ഷപ്പെടുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഭാഗവത ധർമ്മം പാലിച്ചാലും.

ഉള്ളടക്കം പാറ്റ്ന....23-8-1978

# പ്രഭാഷണം....22

# ഉത്തമ ശ്രേണിയിലെ വ്യക്തികൾ

ഉത്തമം, മധ്യമം, നീചം എന്നീ മൂന്ന് വിഭാഗങ്ങൾ മനുഷ്യരിലുണ്ട്.

നീചവിഭാഗത്തിൽപ്പെട്ടവർ യാതൊരു ജോലിയും ചെയ്യുകയില്ല. ഞങ്ങൾ സാധാരണക്കാരാണ് ഞങ്ങൾക്ക് ജോലി ചെയ്യുവാനുള്ള കഴിവില്ല എന്ന് ഇവർ വിശ്വസിക്കുന്നു. ജോലി ചെയ്യുവാൻ തടസ്സങ്ങൾ പറഞ്ഞ് ഒഴിഞ്ഞ് മാറി നടക്കും ഇക്കൂട്ടർ.

മധ്യമ വിഭാഗത്തിൽപ്പെട്ടവർ കുറച്ച് എന്തെങ്കിലും ചെയ്യും. പക്ഷേ തടസ്സങ്ങളും പ്രശ്നങ്ങളും വരുമ്പോൾ അവർ കയ്യൊഴിയും. ചെറിയൊരു പ്രശ്നം വരുമ്പോഴേക്കും അതിനെ ഹിമാലയത്തിന്റെ അത്രയും വലുതാക്കി ചെയ്ത ജോലി ഉപേക്ഷക്കും. ഇവിടെ നേരിടുന്ന പ്രശ്നത്തിൽ നിന്നും കരകയറുവാനായി അവർ ചിന്തിക്കില്ല. അവർക്ക് അവരുടെ കഴിവിൽ വിശ്വാസമില്ല, ഉറപ്പില്ല.

ഉത്തമവിഭാഗക്കാർ ഏതു ജോലി ഏറ്റെടുത്താലും അത് ഉറച്ച തീരുമാനത്തോടെ പൂർത്തിയാക്കും. ലക്ഷ്യം നേടുന്നതുവരെ അവർ എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്യും. പരിഹാരമില്ലാത്ത ഒരു പ്രശ്നവും ഇവർക്കു മുന്നിൽ ഉണ്ടാകില്ല. ഒരു പ്രശ്നവും അത് പരിഹരിക്കാനുള്ള കഴിവിനേക്കാൾ ശ്രേഷ്ഠമല്ല. എല്ലാ തടസ്സങ്ങൾക്കും എതിരെ ഇവർ യുദ്ധം ചെയ്യുന്നു. ഏതു വെല്ലുവിളികളേയും ഇത്തരക്കാർ ഏറ്റെടുക്കും. ലക്ഷ്യത്തിലെത്തുമെന്ന ഉറച്ച തീരുമാനം ഇവർക്കുണ്ടാകും.

എല്ലാവരും ഉത്തമവിഭാഗത്തിൽ ആകേണ്ടത് ആവശ്യമാണ്. നിങ്ങളുടെ ലക്ഷ്യത്തെപ്പറ്റി എപ്പോഴും ചിന്തിക്കുക, നമ്മുടെ ആശയത്തിലേക്ക് എപ്പോഴും ശ്രദ്ധിക്കുക. ആത്മീയഭാവം കൊണ്ട് നിങ്ങൾക്ക് ഉത്തേജനം ലഭിക്കുന്നതാണ്, തത്വത്തിലധിഷ്ഠിതമായ ജീവിതം നയിക്കുക.

ഉള്ളടക്കം പാറ്റ്ന....23-8-1978

# പ്രഭാഷണം....23

# സമുചിതമായ ബുദ്ധി

നിങ്ങൾക്കെന്തെങ്കിലും വേണ്ടതുണ്ടോയെന്ന് പരമപുരുഷൻ ചോദിച്ചാൽ എന്ത് ഉത്തരം ആയിരിക്കും നിങ്ങൾ നൽകുക? ഒന്നുമാത്രം പറയുക,

എനിക്ക് അങ്ങയുടെ അനുഗ്രഹം മാത്രം മതി അപ്പോൾ എന്റെ മനസും, ബുദ്ധിയും ശരിയായ വഴിയേ ചലിച്ചുകൊള്ളും. മനസ്സ് ശരിയായ വഴിയിലൂടെ ചലിക്കുമ്പോൾ പിന്നെ എന്താണ് നമുക്ക് ചോദിക്കുവാനുള്ളത്? എല്ലാം ലഭിച്ചില്ലേ ബുദ്ധി തെറ്റുമ്പോഴാണ് ജീവിതത്തിലും താളം തെറ്റുന്നത്.

“സ നൊ ബുദ്ധ്യാ ശുഭായാ സംയുനക്തു”

പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവ് ശ്രേഷ്ഠനാണെന്നു വേദങ്ങളിൽ പറയുന്നു. എന്റെ ഒരേയൊരു പ്രാർത്ഥന ഈശ്വരാ എന്റെ ബുദ്ധി ശുഭമായിരിക്കണേ. എനിക്ക് മറ്റൊന്നും വേണ്ട.

സംസ്കൃതത്തിൽ ഗായത്രി മന്ത്രത്തിൽ ഇതുതന്നെയാണ് പറയുന്നത്.

“ ഓം ഭൂർഭുവഃ സ്വഃ
ഓം തത്സവിതുർവരേണ്യം
ഭർഗോ ദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത് ഓം ”

അദ്ദേഹത്തെ ധ്യാനിക്കുന്നു. അദ്ദേഹമാണ് എന്റെ ബുദ്ധിയെ നല്ല വഴിക്കു നയിക്കുന്നത്.

സപ്ത ലോകാത്മകമാണ് ഈ പ്രപഞ്ചം. ഏഴു തലങ്ങൾ– ഭൂമി, ഭുവ, സ്വ, മഹ, ജന, തപ, സത്യ.

സൃഷ്ടികർത്താവിനെ സവിതയെന്ന് സംബോധന ചെയ്തിരിക്കുന്നു. സവിതയെന്നാൽ പൂർവികർ എന്നാണർത്ഥം. മക്കൾക്ക് ചിലർ തെറ്റായി നാമകരണം ചെയ്യും സവിത. ഒരു പെൺകുട്ടിക്ക് സവിതയെന്ന് പേരിടരുത്. സവിതയെന്നാൽ പിതാവ് (പുല്ലിംഗം). ഏഴുലോകങ്ങളിലും വിളങ്ങുന്ന സൃഷ്ടികർത്താവായ പ്രകാശത്തെയാണ് നാം ധ്യാനിക്കുന്നത്. എന്തുകൊണ്ട് ഇദ്ദേഹത്തെ നാം ധ്യാനിക്കുന്നു. നമ്മുടെ ബുദ്ധിയെ നേർവഴിക്കു നയിക്കുന്നതുകൊണ്ട്. ധീ-യെന്നാൽ ബുദ്ധി ന-നമ്മുടെ പ്രചോദയാത് എന്നതിനർത്ഥം നല്ല വഴിയിലൂടെ നയിക്കുകയെന്നാണ്. മനുഷ്യൻ ഒന്നുമാത്രം പ്രാർത്ഥിക്കുക-ബുദ്ധിയെ നേർവഴിക്കു നയിക്കേണമേ എന്ന്. ബുദ്ധി തെളിഞ്ഞാൽ പിന്നെ നമുക്ക് എല്ലാം ലഭിക്കുന്നു. ബുദ്ധി താനെ വഴിപിഴച്ചു പോയാലോ ഒന്നും നേടുവാനാകില്ല. എന്തു നേടിയാലും മനസ്സ് വഴിപിഴച്ചാൽ എല്ലാംപോയി.

ഉള്ളടക്കം പാറ്റ്ന....24-8-1978

## പ്രഭാഷണം....24

# ഈശ്വരന്റെ വരവ്

“ യദാ യദാഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനം അധർമ്മസ്യ തദാത്മാനം സൃജാമ്യഹം ''

(അല്ലയോ ഭാരത എപ്പോൾ ധർമ്മത്തിന ച്യുതി/ശോഷണം സംഭവിച്ച് അധർമ്മം നടമാടുന്നുവോ അപ്പോൾ ഞാൻ സ്വയം അവതരിക്കും.)

മൂവായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് കൃഷ്ണൻ ജന്മമെടുത്തു. ഇദ്ദേഹത്തിന്റെ ആവിർഭാവം വളരെ നിർണ്ണായകമായ സമയത്തായിരുന്നു-മാനവരാശി വളരെയേറെ ദുരിതം അനുഭവിക്കുന്ന സമയം. മഹാഭാരതം സൃഷ്ടിച്ചുകൊണ്ട് മാനവരാശിയെ കൃഷ്ണൻ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിച്ചു. അദ്ദേഹം ലോകത്തിന മുഴുവനായി ഉറപ്പു നൽകി-എപ്പോൾ ധർമ്മത്തിന അധ:പതനം സംഭവിക്കുന്നുവോ അപ്പോൾ ഞാൻ വരികയും ധർമ്മം പുനസ്ഥാപിക്കുകയും ചെയ്യുമെന്ന്.

കൃഷ്ണൻ പറഞ്ഞത് മനസ്സിലാക്കാൻ ശ്രമിക്കുക. അർജുനനെ ഭാരത എന്നാണ് അദ്ദേഹം സംബോധന ചെയ്തത്. ഭാരത എന്നതിന്റെ അർത്ഥമെന്താണ്? ഭാർ+അൽ എന്നാൽ ആഹാരം വിതരണം ചെയ്യുന്നവൻ എന്നർത്ഥമാണ്. ത-എന്നാൽ സമസ്തമേഖലയിലുമുള്ള സമഗ്രമായ വികസനം എന്നും അർത്ഥമാക്കുന്നു. ആരാണോ മനുഷ്യർക്ക് ആഹാരം നൽകുകയും അങ്ങിനെ അവരുടെ

നിലനിൽപ്പിനെ സംരക്ഷിച്ച് മനസ്സിനെ വികാസത്തിലേക്ക് എത്തിക്കുന്നത് അവരാണ് ഭാരത.

മുപ്പത്തിയൊമ്പത് വയസ്സുവരെ ശരീരം വളരുന്നു. പിന്നീട് അത് നശിക്കുവാൻ തുടങ്ങും. മാനസിക-ആത്മീയ തലത്തിലെ വികസനം ജീവിതാവസാനം വരെ തുടരുന്നു. ഇങ്ങിനെ വികാസം സംഭഴിക്കുന്ന സ്ഥലമേതാണോ ആ സ്ഥലത്തെയാണ് ഭാരതവർഷമെന്ന് പറയുന്നത്. ഒരു രാജ്യത്തെയാണിതു സൂചിപ്പിക്കുന്നത്. വർഷയെന്നാൽ ഭൂഗോളത്തിന്റെ ഒരു ഭാഗം എന്നാണ് അർത്ഥം. ഭാരത എന്നതിനോടൊപ്പം വർഷ കൂട്ടി ചേർത്തു. ഭാരതയെന്നാൽ ഒരു രാഷ്ട്രമെന്ന് ചൂണ്ടിക്കാണിക്കുന്നില്ല.

ആര്യൻമാർ ഇന്ത്യയിലെത്തുന്നതിനു മുമ്പ് വരെ അവരുടെ ഉപജീവനത്തിനും, നിലനിൽപ്പിന്റെ സംരക്ഷണത്തിനും വേണ്ടി അലയുകയായിരുന്നു. ഇവിടെ എത്തിയതോടെ ശാരീരികവും മാനസികവുമായ വികാസം ലഭിച്ചു. അതുകൊണ്ടാണ് ഇന്ത്യയെ ഭാരതവർഷമെന്ന് പറയുന്നത്.

കൃഷ്ണൻ അർജ്ജുനനെ ഭാരതയെന്ന് സംബോധന ചെയ്യുന്നുണ്ട്. ശാരീരിക-മാനസിക-ആത്മീയ തലങ്ങളുടെ വികാസത്തിന്റെ ഉത്തരവാദിത്തം ജനങ്ങൾ എടുക്കണമെന്നതായിരുന്നു കൃഷ്ണന്റെ ആവശ്യം. അതുകൊണ്ടാണ് ഭാരതയെന്ന് അർജ്ജുനനെ സംബോധന ചെയ്തത്.

എന്താണ് ഗ്ലാനി? താഴ്ന്ന അവസ്ഥയാണിത്. സാധാരണയിലും താഴ്ന്ന അവസ്ഥ. സാധാരണ

അവസ്ഥയിലും വിട്ട് വീണ്ടും അത് താഴോട്ട് പോകുമ്പോൾ ഗ്ലാനിയായി. ഉദാഹരണമായി-കിരീടം തലയിൽ വയ്ക്കാനുള്ളതാണ്. ചിലർ ഇതെടുത്ത് കാലിൽ അണിഞ്ഞാലോ? ഇതാണ് അധ:പതനം എന്ന് കരുതുന്ന അവസ്ഥ. അതുകൊണ്ടാണ് കൃഷ്ണൻ പറഞ്ഞത് എപ്പോൾ ധർമ്മം ക്ഷയിച്ച് അധർമ്മം വളരുന്നുവോ-ജനങ്ങൾ എപ്പോൾ തലയിൽ അണിയേണ്ടത് കാലിൽ അണിയുന്നുവോ തലതാഴ്ന്നു പോകുന്ന ഈ അവസ്ഥയിൽ കൃഷ്ണൻ താരകബ്രഹ്മമായി അവതരിച്ച് ധർമ്മത്തിന് അതിന്റേതായ യഥാർത്ഥ പദവി നൽകും. ഈ ചുറ്റുപാടിൽ സാധാരണ ജനങ്ങളുടെ പ്രവർത്തികൾ നിലയ്ക്കും. കൃഷ്ണൻ തദാത്മ-അതായത് താരകബ്രഹ്മമായി വന്ന് ധർമ്മത്തേയും അധർമ്മത്തേയും വേർതിരിക്കുന്നു. ജനങ്ങളെ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുന്നു.

ധർമ്മം അധ:പതിച്ച് രണ്ടാംസ്ഥാനത്തെത്തുമ്പോൾ അധർമ്മം ധർമ്മത്തെ താൽക്കാലികമായി പരാജയപ്പെടുത്തുമ്പോൾ അത് താൽക്കാലികമാണ്. അവസാനം ധർമ്മം ജയിക്കും. പോരാട്ടത്തിന് പല ഘട്ടങ്ങളുണ്ട് എന്നത് നമുക്കറിയാം. ഓരോ ഘട്ടവും പോരാട്ടമാണ്. ഒരു ഘട്ടത്തിൽ അധർമ്മം ജയിച്ചേക്കാം. മറ്റൊരു ഘട്ടത്തിൽ ധർമ്മം ജയിക്കുന്നു, എന്നാൽ അവസാന യുദ്ധത്തിൽ ധർമ്മം മാത്രം വിജയിക്കുന്നു. അതുകൊണ്ട് അല്ലയോ മനുഷ്യാ നിങ്ങൾ

നിരാശപ്പെടേണ്ടതില്ല. ഇരുട്ടിനുശേഷം പ്രകാശം നിശ്ചയമായും കടന്നുവരും.

ഉള്ളടക്കം പാറ്റ്ന....25-8-1978

## പ്രഭാഷണം....25

# താരക ബ്രഹ്മത്തിന്റെ ആവിർഭാവോദ്ദേശം

''പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാമ്
ധർമ്മ സംസ്ഥാപനാർത്ഥായ സമ്ഭവാമി യുഗേയുഗേ''

(കാലാകാലങ്ങളിൽ ദുഷ്ടരെ നിഗ്രഹിച്ച് നന്മയുള്ളവരെ രക്ഷിച്ച് ധർമ്മത്തെ പുനസ്ഥാപിക്കുവാനായി ഞാൻ സ്വയം ഈ ലോകത്ത് അവതാരം എടുക്കും) ഇന്നലത്തെ സംസാരം നിറുത്തിയിടത്തു നിന്ന് ഇന്ന് പൂർത്തിയാക്കാം. ത്രാണയെന്നാൽ ആശ്വാസം. പരിത്രാണയെന്നാൽ സ്ഥിരമായ ആശ്വാസം.

ആരാണ് സാധു? മറ്റുള്ളവരുടെ ശാരീരിക-മാനസിക-ആത്മീയതലങ്ങളുടെ ഉയർച്ചക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ് സാധു.

എന്താണ് വിനാശായ? നാശത്തിനോടൊപ്പം വി ചേർത്തപ്പോൾ വിനാശമായി. നാശമെന്നാൽ ഒരു വസ്തു അതിന്റെ കാരണത്തിലേക്കു തിരിച്ചു വരുന്നതാണ്. ഇതിനോടുകൂടി വി ചേർത്തപ്പോൾ വിനാശ വസ്തു വീണ്ടും വളരാത്ത രീതിയിൽ നശിക്കുന്നതാണ് വിനാശം.

ദുഷ്കൃതം എന്നാലെന്താണ്? പാതകിയെന്നാണിതിനർത്ഥം. പാപം ചെയ്യുന്നവനാണ് പാതകി. പാപം (പാതകം) പാതകി പാപവും പ്രത്യവായവും ഒരേസമയം ചെയ്യും. പ്രത്യവായം പാപത്തേക്കാൾ അധ:പതിച്ച അവസ്ഥയാണ്.

സംസ്ഥാപനമെന്നാൽ എന്ത്? ഓരോ വസ്തുവിനും അതിന്റേതായ അന്തസ്സുണ്ട്, സ്ഥാനവുമുണ്ട്. താഴെ വീണുപോയ ഒരു വസ്തുവിനെ മൂലരൂപത്തിലേക്ക് എത്തിക്കുന്ന പ്രവർത്തിയെയാണ് സംസ്ഥാപനമെന്ന് പറയുന്നത്. ശരിയായ രീതിയിൽ അതിനെ പരിപോഷിപ്പിച്ച് യഥാർത്ഥ സ്ഥാനത്ത് ഉറപ്പിക്കുമ്പോൾ അത് സംസ്ഥാപനമായി.

സംഭവാമിയെന്നാൽ സംയക് രൂപേണ (പൂർണ്ണമായി വെളിപ്പെടുക) ജനിക്കുകയെന്നാണ്. സംയക്ജ്ഞാനം, സംയക് ദർശനം എന്നൊക്കെ നാം കേട്ടിട്ടുണ്ടാകാം. സംയക് ജന്മമെന്നാൽ എന്താണ്? പ്രപഞ്ചത്തിന്റെ കേന്ദ്രം എപ്പോഴാണോ ഒരു പ്രത്യേക അടിസ്ഥാനത്തിലാകുന്നത് അതാണ് സംഭവാമി. തത്വശാസ്ത്രത്തിൽ താരകബ്രഹ്മമെന്ന് പറയുന്നു. ഇങ്ങിനെ ശാരീരികമായ അടിസ്ഥാനത്തിൽ പ്രപഞ്ചം

മുഴുവൻ ഭാവത്തോടെ (ആശയം) ചുറ്റിതിരിയുന്നു, അതേസമയം ഇതിന നിർഗുണാവസ്ഥയുമായി ബന്ധമുണ്ടുതാനും. നിരാകാരം (രൂപമില്ലാത്ത) ഭാവാതീത (ഭാവത്തിനും അതീതമായി) സത്ത മനസ്സിന്റെ അതിർത്തിക്കും അപ്പുറത്താണ്.

യുഗേയുഗേ എന്നാണ് അവസാനത്തെ പദം. കാലം മാറിവരുന്ന സമയത്തെയാണ് സാധാരണയായി യുഗമെന്നു പറയുന്നത്. നമുക്കറിയാം മനുഷ്യന്റെ നിലനിൽപ്പ് ആശയപരമായ ഒരു ഒഴുക്കാണെന്ന്. സാമുഹികമുല്യങ്ങളും ഉയർന്നതായ നിലവാരവും എപ്പോൾ താഴ്ന്ന് ക്രൂരമായി ഇടുങ്ങിവരുന്നുവോ അപ്പോൾ മനുഷ്യർക്ക് അസ്വസ്ഥതയുടെ അന്തരീക്ഷമായാണ് തോന്നുക. പരമപുരുഷൻ ഈ ചിന്താഗതിയുടെ ഒഴുക്കിനു മാറ്റം വരുത്തുന്നു. തുടർന്ന് വരുന്നതായ സ്ഥാനവും മൂല്യവും മാറുന്നതായ കാലത്തെയാണ് യുഗം എന്ന് പറയുന്നത്. താരകബ്രഹ്മത്തിന മാത്രമേ ഇത് യാഥാർത്ഥ്യമാക്കുവാൻ കഴിയൂ. ഇത്തരത്തിലുള്ള മാറ്റം മനുഷ്യരുടെ കഴിവിനും അപ്പുറത്താണ്. അതുകൊണ്ടാണ് കൃഷ്ണൻ പറഞ്ഞത് ഞാൻ കാരണമാകുന്ന കേന്ദ്രത്തിൽ നിന്ന് ജനിക്കുവാൻ.

യുഗപരിവർത്തനം (കാലമാറ്റം) അങ്ങിനെ നടക്കുന്നു. സദ്വിപ്രസമാജം (ആത്മീയതയിലധിഷ്ഠിതമായ സമൂഹം) ഉണ്ടാക്കുവാൻ എല്ലാവരും നിറഞ്ഞ ഹൃദയത്തോടെ,

സന്ദേഹം കൂടാതെ ഒരു ചുറ്റുപാടിലും ഭയപ്പെടാതെ മുന്നോട്ട് നീങ്ങുക. നമ്മുടെ വിജയം സുനിശ്ചിതമാണ്.

ഉള്ളടക്കം പാറ്റ്ന....26-8-1978

## പ്രഭാഷണം....26

# മനസ്സിന്റെ സന്തുലിതാവസ്ഥ

യഥാർത്ഥത്തിൽ മനുഷ്യന് ആവശ്യം സുഖമോ ദുഃഖമോ അല്ല. മനുഷ്യന് ശാന്തിയും സമാധാനവുമാണ് വേണ്ടത്. നിത്യജീവിതത്തിൽ പലതരം ജനങ്ങളുമായി നാം ഇടപെടാറുണ്ട്. ചിലരോട് പോരാട്ടങ്ങളും ചിലപ്പോൾ നടത്തുന്നു. അപ്പോൾ എങ്ങിനെ മനസിന് ശാന്തി ലഭിക്കും?

അനീതി ചെയ്യുന്നവൻ അനീതിയിലൂടെ കഷ്ടപ്പെടുന്നു. തെറ്റ് ചെയ്യുന്നതിന് (എത്ര പോരാട്ടം നടത്തിയാലും) മനസ്സിന്റെ സമചിത്തത നഷ്ടമാകും. അനീതി/തെറ്റ് ഒരാളുടെ മനസ്സിന് സമചിത്തത തരുകയില്ലെന്ന് മനസ്സിലാക്കിയ ഒരാൾക്ക് മാത്രമേ അനീതിക്കെതിരെ പൊരുതാൻ കഴിയൂ. മനസ്സിന് ശാന്തി വേണമെങ്കിൽ ഒരു വ്യക്തി അനീതിക്കെതിരെ പോരാടണം.

അസൂയയും വെറുപ്പും ഒരാളുടെ ഉറക്കം കെടുത്തും. നാം വെറുക്കുന്ന ഒരാൾക്ക് എന്തെങ്കിലും

വന്ന് കഷ്ടപ്പെടുന്നതു കാണുമ്പോൾ നമുക്ക് ഖേദം തോന്നുകയില്ല. എത്ര പാപം ചെയ്തവനായാലും നമുക്ക് അയാളോട് ദയയും, അനുകമ്പയും വേണം. അവനോട് ക്ഷമിക്കുകയും വേണം.

ഒരാൾ ദുഖിതനായി കാണുന്നതിനെക്കുറിച്ച് ഹിന്ദിയിൽ ഒരു ഈരടിയുണ്ട്. നിങ്ങൾക്കെന്തെങ്കിലും നഷ്ടപ്പെട്ടുവോ? അല്ലെങ്കിൽ നിങ്ങൾ മറ്റുള്ളവർക്ക് എന്തെങ്കിലും നൽകിയോ? എനിക്കു ദുഃഖം വരുവാന് കാരണം മറ്റുള്ളവർക്ക് പലതും ലഭിക്കുന്നു എനിക്ക് ലഭിക്കുന്നില്ല എന്നതുകൊണ്ടാണ്. ഇത്തരത്തിലുള്ള അസൂയയും വെറുപ്പും മാനസികമായി അധ:പതന ത്തിനുള്ള വഴിയൊരുക്കും.

എത്ര താഴ്ചയിൽ കിടക്കുന്നവനായാലും, മഹാപാപിയാണെങ്കിലും ഏറ്റവും വൃത്തികെട്ടവനായാലും നിങ്ങൾ അവരോട് നീരസം കാട്ടുകയോ ആക്ഷേപിക്കുകയോ ചെയ്യരുത്. നാം ആരെയെങ്കിലും വെറുത്താൻ മാനസികമായും ആത്മീയമായും അധ:പതിച്ച് പോകും. എന്ന് ബുദ്ധദേവൻ പറഞ്ഞിട്ടുണ്ട്.

തെറ്റിനെ ശരി (സത്യം) കൊണ്ട് ജയിക്കുക. പിശുക്കിനെ ഉദാരത കൊണ്ട് ജയിക്കുക, ക്രോധത്തെ അക്രോധം കൊണ്ട് ജയിക്കുക.

നിങ്ങൾക്ക് ബുദ്ധിപരമായി ഒരു കാര്യം ചെയ്യണമെങ്കിൽ ദേഷ്യം ഒരിക്കലും വരരുത്. അധാർമ്മികതയുടേയും തെറ്റിന്റേയും നടുവിൽ ധാർമ്മികരായി നിലകൊള്ളുക നിങ്ങൾക്ക് ഈ കഴിവുണ്ടെങ്കിൽ ഏതു പോരാട്ടത്തിലും നിങ്ങൾ

വിജയക്കൊടി പാറിക്കും. ഒരിക്കലും തോൽപ്പിക്കാനാവാതെ നിലകൊള്ളുകയും ചെയ്യും.

ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറഞ്ഞിട്ടുള്ളത് ദുഃഖം വന്നാൽ അതിൽ മുങ്ങിപ്പോകരുത് സുഖം വരുമ്പോൾ മതിമറന്ന് ആഹ്ലാദിക്കുകയും ചെയ്യരുത്. മാനസിക സന്തുലനാവസ്ഥ എപ്പോഴും നിങ്ങൾ കാത്ത് സൂക്ഷിക്കണം.

നിങ്ങൾ കാണുന്നില്ലേ ഇപ്പോൾ ആനന്ദമാർഗത്തിന്റെ കീർത്തി ഉയരുകയാണ് നമ്മളെന്താണ് ചെയ്യേണ്ടത്? മനസ്സിനെ സന്തുലനാവസ്ഥയിൽ നിറുത്താൻ ശ്രമിക്കുക. നിന്ദയിലും സ്തുതിയിലും ഒരുപോലെ നിലകൊള്ളുക. സന്തോഷത്തിലും സന്താപത്തിലും. ഇതുപോലെ തന്നെ ധനികനായ ഒരാൾ ശ്രീബുദ്ധനെ ഒരിക്കൽ അപമാനിക്കുകയുണ്ടായി. അദ്ദേഹം അസ്വസ്ഥനായില്ല. അപമാനം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാതെ വന്നപ്പോൾ അപവാദം നിന്നുപോയി. ഞാൻ ജയിലിലായിരുന്നപ്പോൾ അടിസ്ഥാനരഹിതമായ അനേകം ആരോപണങ്ങൾ കുറേപ്പേർ നടത്തി. വളരെക്കുറച്ചു പേർ മാത്രമേ എന്നെ പുകഴ്ത്തി പറയുകയുണ്ടായുള്ളു. ഞാൻ ഇതിലൊന്നും ശ്രദ്ധിച്ചില്ല. എനിക്ക് അവരുടെ മുഖസ്തുതി ഒന്നും ആവശ്യമില്ല.

ഉള്ളടക്കം പാറ്റ്ന....27-8-1978

# പ്രഭാഷണം....27

# ദുഷ് പ്രവർത്തികളുടെ സങ്കീർണ്ണതകൾ

ഒരു മനുഷ്യൻ ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യാതിരിക്കുന്നത് പാപമാണ്. ചെയ്യുവാൻ പോകുന്ന കാര്യം ചെയ്യാതിരിക്കുന്നത് പ്രത്യവായവുമാണ്. പാതകത്തിൽ പാപവും പ്രത്യവായവും ചേർന്നിട്ടുണ്ട്. നിങ്ങൾ മോഷണം നടത്തരുത്. അത് ചെയ്താൽ പാപം ചെയ്തു എന്ന് അർത്ഥം. അശരണനായ വ്യക്തിയെ സഹായിക്കാതിരിക്കുന്നതും, കഴിവുണ്ടായിട്ടും ചെയ്യാതിരിക്കുന്നതും പ്രത്യവായമാണ്.

പാപം നല്ലതാണ് എന്ന് തോന്നും. എവിടെ വരെ, പാപത്തിന്റെ അനന്തരഫലം കിട്ടാതിരിക്കുന്നത് വരെ. ഇന്ത്യൻ നഗരങ്ങളിൽ അലക്കുകാരൻ തുണിയലക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ. തുണി വായുവിലൂടെ ഉയരുമ്പോൾ ഞാൻ എത്രമാത്രം ഉയര ത്തിലെത്താമെന്നതു ചിന്തിച്ച് അഹങ്കരിക്കും. എന്നാൽ എത്രമാത്രം ഉയരത്തിലേക്ക് പോകുന്നുവോ അത്രയും ശക്തമായി കല്ലിൽ തിരികെ വന്നടിക്കുന്നു. പാപം ചെയ്യുന്നവർ ഇതുപോലെ തന്നെയാണ്. നമുക്ക് നല്ല സമയമാണെന്നും ഉയരത്തിങ്കലേക്ക് പോകുകയാണെന്നും ചിന്തിക്കുന്നു. പാപത്തിൽ അവർ ആസ്വാദനം കണ്ടെത്തുന്നു. എപ്പോൾ

പാപത്തിന്റെ ഫലം അനുഭവിക്കുന്നുവോ അപ്പോൾ അവർ ദുഃഖത്തിലാകുന്നു. തുണി കല്ലിൽ വന്ന് അടിക്കുന്നതുപോലെ.

സ്വച്ഛവും ഭദ്രവും തമ്മിൽ വ്യത്യാസമുണ്ട്. സ്വച്ഛമെന്നാൽ ശുദ്ധമായത്-ഉദാഹരണം, ജലം സ്വച്ഛമാണ് (ശുദ്ധം). ഭദ്രമെന്നാൽ അകവും പുറവും നന്മയുള്ളത്. ഭദ്രമായ ജനങ്ങൾ ജാഗ്രതയോടെ മാത്രമേ ഏതു കർമ്മവും ചെയ്യൂ. പ്രവർത്തി ചെയ്യുമ്പോൾ ഉള്ള പ്രതിപ്രവർത്തനം എന്താകുമെന്നവർ ചിന്തിക്കും. അവൻ നല്ലതു ചെയ്യുന്നു. നല്ലതാവാൻ ശ്രമിക്കുന്നു. ചെയ്ത കർമ്മങ്ങൾക്ക് പെട്ടെന്ന് നല്ല ഫലം ലഭിക്കില്ല. നല്ല കർമ്മങ്ങൾ ചെയ്യുമ്പോൾ ലഭിക്കുന്ന നല്ല പ്രതിഫലത്തെക്കുറിച്ച് നാം മനസ്സുകൊണ്ട് ചിന്തിക്കരുത്. സത് പ്രവർത്തികളുടെ ഫലം വന്നു തുടങ്ങിയാൽ കൃപ, കൃപമാത്രം ലഭിക്കുന്നു.

തെറ്റുകൾ ചെയ്യുമ്പോൾ ജനങ്ങൾക്ക് ആസ്വാദനം സ്വയം ലഭിച്ചേക്കാം. ചീത്ത പ്രവർത്തിയുടെ ഫലം കൊയ്തെടുക്കാൻ തുടങ്ങുമ്പോൾ കഷ്ടപ്പാടുകൾ മാത്രമേ ഉണ്ടാകൂ. വിശ്വസ്തനല്ലാത്ത ഒരാൾ ടിക്കറ്റെടുക്കാതെ ഒന്നാംക്ലാസ് കംപാർട്ട്മെന്റിൽ യാത്ര ചെയ്യുന്നു. ഞാൻ റയിൽവെയെ പറ്റിച്ചല്ലോ എന്ന് തമാശമട്ടിൽ ചിന്തിക്കും. വിശ്വസ്തനായ വ്യക്തി രണ്ടാംക്ലാസ് ടിക്കറ്റെടുത്ത് ബുദ്ധിമുട്ട് സഹിച്ച് യാത്ര ചെയ്യുന്നു. വിശ്വസ്തനല്ലാത്തവന് അല്പസമയം മാത്രമേ തമാശയായി തോന്നുകയുള്ളൂ. ടിക്കറ്റ്

പരിശോധിക്കാൻ സ്ക്വാഡ് എത്തിയാൽ പിഴ അടയ്ക്കുകയോ അല്ലെങ്കിൽ അറസ്റ്റുചെയ്യുകയോ ചെയ്യാം. നാണം കൊണ്ട് തലതാഴ്ത്തി പോകേണ്ടതായി വരും. എന്നാൽ വിശ്വസ്തനായ വ്യക്തി യാതൊരു കുഴപ്പവും കൂടാതെ അന്തസ്സായി യാത്രചെയ്യും. വിശ്വസ്തനല്ലാത്ത ഒരാൾക്ക് അവസാനം ദുരിതവും വിശ്വസ്തനായ വ്യക്തിക്ക് അന്തസ്സോടെ നിലകൊള്ളുവാനും കഴിയുന്നു. വിശ്വസ്തനായ ഒരാൾ സന്തോഷപൂർണ്ണമായ നല്ലൊരു ജീവിതം നയിക്കുന്നു. അവിശ്വസ്തൻ പല തെറ്റായ വഴികളിലൂടേയും കൈക്കൂലിയിലൂടേയും പണം സമ്പാദിക്കുന്നു. അദ്ദേഹം വരുമാന നികുതി കൊടുക്കില്ല, നല്ലൊരു കൊട്ടാരം സ്വയം പണിയുകയും ചെയ്യുന്നു. ഒരു ദിവസം വരുമാന നികുതി ജീവനക്കാർ വീട് റെയ്ഡ് നടത്തുകയും നികുതി കൊടുക്കാത്തതിനാൽ വീടും മറ്റെല്ലാ വസ്തുക്കളും റെയ്ഡ് നടത്തുകയും കണക്കിൽ പ്പെടാത്ത സ്വത്ത് സമ്പാദിച്ചവരെ ജയിലിൽ ആക്കുകയും ചെയ്തു.

പാപം ചെയ്യുന്നതിന മുമ്പ് അതിന്റെ അനന്തരഫലം കൂടി ചിന്തിക്കണം. നല്ല പ്രവർത്തികളിലും അല്പം വേദന തോന്നാം. പക്ഷേ പ്രതിഫലനം വളരെ ശക്തവും പ്രയോജനവുമായിരിക്കും.

നല്ലത് ചെയ്യുക, അഹങ്കാരികളാകരുത് അഹങ്കാരവും തെറ്റായ പുകഴ്ത്തലും ആനന്ദമാർഗത്തിന്റെ നാശത്തിന കാരണമാകും.

# പ്രഭാഷണം....28
# ദൃഢചിത്തരാകുക

ശ്രീബുദ്ധന്റെ അഷ്ടവിധമായ കൃപയുടെ വഴിയിൽ ഒന്നാമത്തെ പോയിന്റ് സാംയക് സങ്കൽപ്പമാണ്-ശരിയായ ആദർശം. ശരിയായ ഒരു ആദർശമോ ഉദ്ദേശമോ ഇല്ലാതെ ശരിയായൊരു ചലനം സാധ്യമല്ല. ശരിയായ പുരോഗതിക്കും ചലനത്തിനും നമുക്ക് നല്ലൊരു ആദർശവും ഉറച്ച തീരുമാനവും വേണം. നമ്മുടെ ലക്ഷ്യം സ്ഥാപിതമാകുവാൻ ഉറച്ച തീരുമാനത്തോടെ നീങ്ങണമെന്ന തിരിച്ചറിവാണ് സങ്കൽപ്പം.

ശ്രീബുദ്ധദേവൻ ആദ്യം ധ്യാനത്തിനിരുന്നു ലക്ഷ്യം അപ്പോൾ നിശ്ചയിച്ചിരുന്നില്ല. മനസ്സിൽ സംശയങ്ങളും ആശയക്കുഴപ്പങ്ങളും ഉണ്ടായിരുന്നു. എന്താണ് തനിക്കു വേണ്ടതെന്ന് ശരിക്കറിയില്ലായിരുന്നു. വേണമെന്നു തോന്നിയാൽപോലും അതു ലഭിക്കുമെന്നു ഉറപ്പില്ലായിരുന്നു. സുജാത നൽകിയ മധുരമുള്ള പാൽപായസം കുടിച്ചതിനുശേഷം ബുദ്ധൻ ഉറച്ച മനസ്സോടെ ഏകാഗ്രതയോടെ ധ്യാനത്തിനിരുന്നു. ലക്ഷ്യത്തിലുറപ്പിച്ച് ഉറച്ച തീരുമാനത്തോടെ അതു നേടുവാൻ ശ്രമിച്ചു. ആത്മസാക്ഷാത്ക്കാരം

ലഭിക്കാതെ ധ്യാനത്തിൽ നിന്നും (ശരീരം നശിച്ചാൽ പോലും) ഞാൻ എഴുന്നേൽക്കുകയില്ലെന്ന് തീരുമാനിച്ചു. അങ്ങിനെയാണ് ബുദ്ധൻ വിജയം നേടി ആത്മസാക്ഷാത്ക്കാരത്തിലെത്തിയത്.

ഉറച്ച തീരുമാനമാണ് ഒരു വ്യക്തിയെ മഹത്വത്തിലേക്ക് ഉയർത്തുന്നത്. ഒരാൾ സുന്ദരനാണെങ്കിലും ഉറച്ച തീരുമാനത്തിലൂടെ മാത്രമേ മഹാനാകുവാൻ കഴിയൂ. ഉറച്ച തീരുമാനം കൂടാതെ ഒരാൾക്ക് ഒന്നും നേടുവാനാകില്ല.

ഉള്ളടക്കം പാറ്റ്ന....29-8-1978

## പ്രഭാഷണം....29

# പരമാനന്ദത്തിന്റെ കണ്ണുനീർ

''അസതോ മാ സദ്ഗമയ തമസോ മാ ജ്യോതിർഗമയ
മൃത്യോർമാ അമൃതം ഗമയ ആവിരാവിർ മയെധി
രുദ്ര യത്തേ ദക്ഷിണം മുഖം തേന മാം പാഹി നിത്യമ്.''

ഋഷി പ്രാർത്ഥിക്കുന്നു-എന്നെ അസത്യത്തിൽ നിന്നും സത്യത്തിലേക്ക്

നയിക്കേണമേ (ചഞ്ചലതയിൽ നിന്നും അച ഞ്ചലതയിലേക്ക്) ഇരുട്ടിൽ (തമസ്) നിന്നും വെളിച്ചത്തിങ്കലേക്കും (ജ്യോതിസ്) നശ്വരതയിൽ നിന്നും അനശ്വരതയിലേക്കും നയിക്കേണമേ എന്നാണ്.

ശ്ലോകത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും മുമ്പ് ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ ശരിയായ പ്രാധാന്യവും പരാമർശവും മനസ്സിലാക്കുവാൻ ശ്രമിക്കാം. ആദ്യത്തെ ഒരു ജോഡി പദങ്ങളാണ് അസത്-സത് മാറ്റത്തിനു വിധേയമാണ്/മാറ്റം വരുന്ന രീതിയാണ് അസത് ഇതിൽ സന്തോഷം ഉണ്ടാകില്ല. മാറ്റമുള്ള ഈ ലോകത്തെ നിങ്ങൾക്കാവശ്യമില്ല. ഇത് ദുഃഖം മാത്രമേ നൽകുകയുള്ളൂ. ഇത് നമ്മുടെ സന്തോഷത്തെ ദുഃഖത്തിലേക്ക് വ്യതിയാനം വരുത്തുന്നു. രണ്ടാമത്തെ പദം തമസ് തമസുള്ളിടത്ത് ആത്മീയതയുടെ സാരം ഉണ്ടാകില്ല. അതുകൊണ്ടാണ് അസത്തിൽ നിന്നും സത്തിലേക്ക് ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കേണമേയെന്ന് പ്രാർത്ഥിക്കുന്നത്.

മാറ്റത്തിലൂടെ ഒരു കുട്ടി/ശിശു വാർദ്ധക്യത്തിലേക്ക് എത്തുന്നു. അവസാനത്തെ മാറ്റമാണ് മരണം. ചഞ്ചലമായ മരണം. അതിനാൽ ഋഷി നശ്വരതയിൽ നിന്നും അനശ്വരതയിലേക്ക് നയിക്കണമെന്ന് പറയുന്നത്.

ഒരു സത്ത അകല്യാണത്തോടെ (ആത്മീയതയില്ലാതെ) ഒന്നു പ്രാതുർഭവമാണത്. പ്രാതുർഭാവം അകല്യാണത്തിന്റെ മുൻസൂചനയാണ്.

ആവിർഭാവത്തിന്റെ വിപരീതം ആവിർഭാവം കല്യാണ (നല്ല ആത്മീയത) വുമായി ബന്ധപ്പെട്ടിരിക്കുന്നു. ആവിർഭാവം പെട്ടെന്നു സംഭവിക്കുന്നതാണ്. ആസ്വാദ്യമായ മുൻ സൂചനയാണ് ആവിർഭാവം നാം പറയും അങ്ങ് എന്നിലൂടെ ആവിർഭവിച്ചാലും.

മറ്റുള്ളവരെ കരയിപ്പിക്കുന്നവനാരോ അവരാണ് രുദ്രൻ. നേർത്ത കരച്ചിലിനെ രോദനം എന്നും ഉറക്കെ കരയുന്നതിനെ ക്രാന്തനം എന്നും വിളിക്കുന്നു. ഇതുപോലെ തന്നെ പുഞ്ചിരിയും ചിരിയും ഉണ്ട്. രുദ്രൻ നിങ്ങളെ കരയിപ്പിക്കും- നേർത്ത കരച്ചി ലായാലും ഉറക്കെയായാലും.

സദാശിവനാണ് ആവിർഭവിക്കുന്നത. അദ്ദേഹം കല്യാണകാരിയാണ്. മൂന്ന് കണ്ണുകളും അഞ്ചുമുഖവും ഇദ്ദേഹത്തിനുണ്ട്. അദ്ദേഹത്തെ ത്രിനേത്രനെന്നും പഞ്ചവക്ത്രനെന്നും അറിയപ്പെടുന്നു. അഞ്ചുമുഖങ്ങളിൽ ഇടത്തേയറ്റത്തുള്ളത് വാമദേവൻ, മറ്റു നാലെണ്ണം-കാലാഗ്നി, കല്യാണസുന്ദരം, ഈശാന, ദക്ഷിണേശ്വരൻ ഇവയാണ്. വാമദേവൻ യാതൊരു ദയയും കൂടാതെ ശിക്ഷ നടത്തുന്നവനാണ് ദക്ഷിണേസ്വരൻ താക്കീതു (താഡനം) നൽകുന്നു. കാലാഗ്നി പരിണിതഫലങ്ങളേയും ശിക്ഷയേയും പറ്റി ഒരു സൂചന നൽകുന്നു. കല്യാണസുന്ദരം പറയുന്നത്-നിങ്ങൾ തികച്ചും നല്ലവനാണ്. അടുത്ത് വന്ന്, ഇവിടെ ഇരുന്നാലും. ഈശാനൻ മധുരതരഭാഷയിൽ കാര്യങ്ങൾ മനസ്സിലാക്കിത്തന്ന് ശിക്ഷിക്കുകയും ചെയ്യുന്നതാണ്.

രുദ്രനോട് വലതുവശത്തുള്ളത് (ദക്ഷിണ) -നാം പ്രാർത്ഥിക്കണം-അല്ലയോ ശിവനേ ദക്ഷിണേശ്വരനായി എന്നെ രക്ഷിക്കണേ. അദ്ദേഹം സന്തുഷ്ടനായാലും മറ്റുള്ളവരെ കരയിപ്പിക്കും. സന്തോഷാശ്രുക്കൾ കവിളിലൂടെ ഒഴുകും ഉള്ളിൽ ദുഃഖമുണ്ടെങ്കിലും. അതുകൊണ്ടാണ് അദ്ദേഹം പഞ്ചവക്ത്രനെന്ന് അറിയപ്പെടുന്നത്.

ഉള്ളടക്കം പാറ്റ്ന....30-8-1978

## പ്രഭാഷണം....30

## ആരാണ് ഗോപർ?

ജനങ്ങൾ അപൂർണ്ണമായ രീതിയിൽ ജപക്രിയ നടത്താറുണ്ട്. തത്ത സംസാരിക്കുന്നതുപോലെയാണ് ഇവരുടെ മന്ത്രോച്ചാരണം. തത്ത സംസാരിക്കുന്നതുപോലെയാണ് ഇവരുടെ മന്ത്രോച്ചാരണം. തത്ത സംസാരിക്കും പലകാര്യങ്ങളും പറയും അർത്ഥമറിയാതെയാണ്. ഇത് സംസാരിക്കുന്നത് തത്ത പറയുന്നതുപോലെ അർത്ഥം മനസ്സിലാക്കാതെ സംസാരിച്ചാൽ, ജപിച്ചാൽ എന്തറിയുവാൻ കഴിയും. സ്നേഹത്തോടെയോ വികാരപരമായോ ജപക്രിയ നടത്തിയാൽ മാത്രമേ ഫലമുള്ളൂ. ഇല്ലെങ്കിൽ അത് വെറും കടം. ഇത് ഉള്ളിലെ തീരുമാനങ്ങൾക്ക് മൂല്യവും വിലയും കുറയ്ക്കുന്നു.

ജപക്രിയയെന്നാൽ പുറത്തേക്ക് പോകുന്ന എല്ലാ മാനസിക പ്രവണതകളേയും ചലനങ്ങളേയും ഒരുമിച്ച് തിരിച്ച്പിടിച്ച് പരമമായ ചൈതന്യത്തിലേക്ക് തിരിച്ചുവിടലാണ്. ഈശ്വരനോട് സ്നേഹം ഇല്ലെങ്കിൽ അദ്ദേഹത്തെ ഒരേയോരു ലക്ഷ്യമായി ഉപാസിച്ചില്ലെങ്കിൽ തിരിച്ച് പിടിക്കുന്നതിൽ അർത്ഥമില്ല. കാരണം ഈശ്വരനിലേക്ക് അതിനെ തിരിച്ചുവിടാൻ കഴിഞ്ഞിട്ടില്ല.

ധ്യാനമെന്നാൽ ഈശ്വരനെന്ന ഒരു കേന്ദ്രത്തിലേക്ക് മാനസിക പ്രവണതകളെ ഭൗതികസത്തകളിൽ നിന്നും മനസ്സിന്റെ ശക്തി ഉപയോഗിച്ച് ഒരേയൊരു ചൈതന്യത്തിലേക്ക് പാഞ്ഞെത്തുന്നതാണ്. ഈശ്വരനോട് സ്നേഹം ഇല്ലെങ്കിൽ ഈ ചലനം സാധ്യമാവില്ല. സ്നേഹം ഇല്ലെങ്കിൽ മനസ്സ് അദ്ദേഹത്തിനു പിന്നാലെ ഓടുകയില്ലല്ലൊ. അപ്പോഴും ധ്യാനം അർത്ഥപൂർണ്ണമാകില്ല.

ധ്യാനമെന്ന പദം മൂലക്രിയയായ ധ്യായ് എന്ന പദത്തിൽ നിന്നും വന്നതാണ്. ഇതിനർത്ഥം മാനസികപ്രവണതകളെ ഈശ്വരനു നേരെ പ്രേരിപ്പിച്ച് വിടുക എന്നാണ്. ഈശ്വരനോടു സ്നേഹമില്ലാതെ ഇങ്ങിനെ ചെയ്തതുകൊണ്ട് യാതൊരു ഫലവുമില്ല. ഈശ്വരനോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ എല്ലാം നേടിയെടുക്കാം. ബുദ്ധിയുള്ള ജനങ്ങൾക്ക് ഇതറിഞ്ഞിട്ടും ധർമ്മത്തിന്റെ വഴിയേ കാര്യക്ഷമമായി നീങ്ങുന്നില്ല. ജപക്രിയ ചെയ്യുന്നുമില്ലാ യോഗയെക്കുറിച്ച് ദിവ്യവും പരമവുമായ അറിവു

പോലുമില്ല. എന്തിനേറെ ഗുരുഭക്തി എന്തെന്ന് പോലും ഇവർ അറിയുന്നില്ല. ജപത്തിന്റെ ആന്തരികാർത്ഥം മനസ്സിലാവാതെ ജ്ഞാനം എങ്ങിനെ ലഭിക്കാനാണ്-ഇതെല്ലാം ലഭിക്കണമെങ്കിൽ അതിനുപിന്നിൽ ഈശ്വരനോടുള്ള സ്നേഹം ഉണ്ടാകുകയാണ് ആദ്യം വേണ്ടത്. അടുത്ത ഘട്ടത്തിൽ ഞാൻ ഈശ്വരനെ സ്നേഹിക്കുമ്പോൾ എനിക്ക് സന്തോഷം ലഭിക്കുന്നു-മറ്റൊരു ലക്ഷ്യവും ഇല്ലതന്നെ. അവസാനഘട്ടത്തിൽ ഭക്തനു തോന്നുന്നത്-ഞാൻ ഈശ്വരനെ സ്നേഹിക്കും-എനിക്ക് സന്തോഷം ലഭിക്കുവാനല്ല ഈശ്വരനെ സന്തോഷിപ്പിക്കാൻ വേണ്ടി മാത്രം. ഇത് ശുദ്ധമായും ഏകപക്ഷീയവുമാണ്. അല്ലാതെ അന്യോന്യം കൊടുക്കൽ വാങ്ങലല്ല്. കൊടുക്കൽ വാങ്ങലെന്ന ആശയം വന്നാൽ അതിനെ ഭക്തിയെന്നു വിളിക്കാൻ വയ്യ. പണം കൊടുത്ത് എന്തെങ്കിലും വാങ്ങുന്നത് കച്ചവടമാണ്. ഇവിടെ ഭക്തൻ തനിക്കുള്ളതെല്ലാം ഈശ്വരനു നൽകുന്നു. തിരിച്ചൊന്നും പ്രതീക്ഷിക്കുന്നില്ല. ഞാൻ അങ്ങയെ സ്നേഹിക്കുന്നു, തനിക്കു വേണ്ടിയല്ല എന്റെ സ്നേഹംകൊണ്ട് അങ്ങയെ സന്തോഷിപ്പിക്കാനാണ്. അവസാനഘട്ടത്തിൽ ഒരേയൊരു ആഗ്രഹം ഈശ്വരനെ സന്തോഷിപ്പിക്കുക എന്നതുമാത്രം. സംസ്കൃതത്തിലെ മൂലപദമായ ഗപ് എന്നാൽ സന്തോഷം നൽകുക എന്നാണ്. ഇത്തരത്തിലുള്ള സ്നേഹം മനസിൽ വളർത്തിയെടുത്തവരെയാണ് ഗോപ എന്നു പറയുന്നത്. ഗോപയതി യ സ ഗോപ.

ശ്രീകൃഷ്ണന് സന്തോഷം നൽകുന്നതാരോ അവരാണ് ഗോപ.

ഉള്ളടക്കം പാറ്റ്ന....31-8-1978

## പ്രഭാഷണം....31

## ഭക്തി

ഭക്തി ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നത് ഇതാണ്-

"ഭക്തിർഭഗവതോ സേവാ
ഭക്തിഃ പ്രേമസ്വരൂപിണീ
ഭക്തിരാനന്ദരൂപാ ച
ഭക്തിഃ ഭക്തസ്യ ജീവനമ്. "

ഭക്തിയെന്ന വാക്കിനർത്ഥം എന്താണ്? ഭക്തിയെന്ന പദം സംസ്കൃതപദമായ ഭജ്+ക്തിൻ ചേർന്ന് ലഭിച്ചതാണ്. ഭജ് എന്നാൽ ഭക്തിയോടെ വിളിക്കുക എന്നാണ്. ഭക്തിയോടുകൂടി ഈശ്വരനെ വിളിക്കുക. ഒരു ജീവിതത്തിലെ എല്ലാ ഈശ്വരനാണെന്നുള്ള ചിന്തയാണ് ഭക്തി. ഈശ്വരനുനേരെയുള്ള ചലനമാണ് ഒരാളുടെ മനസ്സിന്റെ ആശയപ്രകാശനങ്ങളെ ഈശ്വരനിലേക്ക് തിരിച്ചു വിടുകയാണിത്.

ശാസ്ത്രം എന്താണ്? ശാസനാത് താരയെത് യസ്തു സ ശാസ്ത്ര പരികീർത്തിത. ആത്മീയ

ഉന്നതിക്കു വേണ്ടിയുള്ള അച്ചടക്കത്തോടെയുള്ള സമീപനമാണ് ശാസ്ത്രം അല്ലെഹ്കിൽ എല്ലാ തലത്തിലുമുള്ള മോചനം. മാതാപിതാക്കൾ കുട്ടികളെ നിയന്ത്രിക്കാറില്ലേ? നിയന്ത്രണത്തിനു വേണ്ടി മാത്രം. എന്നാൽ ഇവർ വലുതായിക്കഴിഞ്ഞാൽ കാര്യങ്ങൾ മനസിലാക്കി മാതാപിതാക്കളെ അനുസരിക്കാതെ തുടങ്ങും. അച്ചടക്കവും നിയന്ത്രണവും മോക്ഷത്തിലേക്കും ഉന്നതിയിലേക്കും ലക്ഷ്യമായിട്ടാകുമ്പോൾ ഇത്തരത്തിലുള്ള അച്ചടക്കത്തെയാണ് ശാസ്ത്രം എന്നു പറയുന്നത്.

എന്താണ് ഭഗവാൻ? ഈ പദം മൂല പദമായ ഭഗ+മെയ്തപ് പ്രത്യയം (ഒടുവിൽ ചേർക്കുന്ന പദാംശം) ഭഗവാൻ എന്നതിനർത്ഥം താഴെ പറയുന്ന പദാംശം) ഭഗവാൻ എന്നതിനർത്ഥം താഴെ പറയുന്ന 6 ഗുണങ്ങൾ ഉള്ളവൻ എന്നാണ്. ഐശ്വര്യം, പ്രതാപ, യശ, ശ്രീ, ജ്ഞാനം, വൈരാഗ്യം ഇവയാണ്.

ഐശ്വര്യം–

ഐശ്വര്യമെന്നാൽ അമാനുഷികമായ/അതീന്ദ്രിയമായ കഴിവെന്നാണ് അർത്ഥം. സംസ്കൃതത്തിൽ ഇതിനെ വിഭൂതി എന്നുപറയും. വിഭൂതി എന്ന പദത്തിന രണ്ട് അർത്ഥമുണ്ട്. ചാരം അതീന്ദ്രിയമായ കഴിവ്. അതീന്ദ്രിയമായ കഴിവുകൾ എട്ടെണ്ണം ഉണ്ട്. അനിമ, മഹിമ, ലഘിമ, പ്രാപ്തി, പ്രാകമ്യ, വശിത്വ, ഈശ്വരത്വ, അന്തർയാമിത.

ഇംഗ്ലീഷിൽ ഐശ്വര്യമെന്ന പദത്തിനെ അതീന്ദ്രിയ ശക്തി എന്നാണ് പറയുന്നത്. ഉപാസനയിലൂടെ നേടിയതെന്നാണിതിനർത്ഥം.

പ്രതാപം:-

സ്വന്തം കഴിവുകൊണ്ട് പ്രതിഷ്ഠിതനായതാണ് ഈശ്വരൻ. ധാർമ്മികരായവരെ അങ്ങേയറ്റം രക്ഷിക്കുകയും അധാർമ്മികരെ ഭയപ്പെടുത്തുകയും ചെയ്യുന്ന ഇദ്ദേഹം.

യശ:-

ഇദ്ദേഹത്തിന്റെ വരവോടെ രണ്ട് കാര്യങ്ങൾ സംഭവിച്ചു. ഒരു വശത്ത് ശക്തമായി പിന്താങ്ങുന്നവരും മറുവശത്ത് ശത്രുക്കളും. മാനവ സമൂഹം രണ്ടായി വിഭജിക്കപ്പെട്ടു. ധാർമ്മികരും അധാർമ്മികരും, ദുഷിച്ച മൂല്യങ്ങളും. ഇതിലേതിലെങ്കിലും ഒന്നിൽ ഓരോരുത്തരും ചേരുന്നു. ഇങ്ങിനെ രണ്ടായിതിരിഞ്ഞ അവസ്ഥ സംജാതമായി. ഒന്ന് വടക്കേധ്രുവത്തിലെങ്കിൽ മറ്റൊന്ന് തെക്കേ ധ്രുവത്തിലായിരിക്കും. ഈശ്വരൻ വിജയകിരീടം ചൂടി ബഹുമതി നേടുന്ന അതേ സമയം തന്നെ രൂക്ഷ വിമർശനത്തിലും പാത്രീഭൂതനാകുന്നു.

ഇതെല്ലാം ശ്രീകൃഷ്ണനും ശിവഭഗവാനും കൂടി സംഭവിച്ചിട്ടുണ്ട്. ഇവരുടെ കാലത്ത് ജനങ്ങൾ രണ്ട് പക്ഷമായി തിരിഞ്ഞിരുന്നു. ധാർമ്മികരായ ജനങ്ങൾക്കായിരിക്കും അവസാനം വിജയം.

ശ്രീ:-

ശ്രീയെന്നാൽ ആകർഷണം, ആകർഷണത്തിന്റെ മധുരതരമായ ഒരു സ്പർശനം. ഈ പദം ഉണ്ടാക്കിയത്, ശ, ര, ഈ. ശ-യെന്നാൽ മാറ്റം വരുന്ന ശക്തിയെന്നാണ് മൂലാർത്ഥം. ര-യെന്നാൽ പ്രവർത്തിചെയ്യുവാനുള്ള പ്രാപ്തി, ഈ സ്ത്രീലിംഗമാണ് അപ്പോൾ ശ്രീയെന്നാൽ പ്രവർത്തി ചെയ്യിപ്പിക്കുവാനുള്ള പ്രാപ്തിയും ശക്തിയും ഉള്ളവനെന്നാണ്.

ജ്ഞാനം:-

ജ്ഞാനമെന്നാൽ അവനവനെക്കുറിച്ച് സ്വയം അറിവാണ്. സ്വയം അറിയുന്നതാണ് യതാർത്ഥ അറിവ്. മറ്റുതരത്തിലുള്ള അറിവുകൾ യഥാർത്ഥ അറിവല്ല. ഇവ യഥാർത്ഥത്തിൽ അറിവിന്റെ നിഴൽ മാത്രമാണ്. ശരിയായ അറിവിന്റെ അഭാവം ഇവിടെയുണ്ട്. ബുക്കുകൾ വായിച്ച് പഠിച്ചതുകൊണ്ട് അറിവ് ലഭിക്കില്ല. ഈശ്വരനുവേണ്ടിയുള്ള ആഗ്രഹം വരുമ്പോഴേ യഥാർത്ഥ അറിവു ലഭിക്കൂ. അദ്ദേഹം അറിവിന്റെ ഉറവിടവും അവതാരവും ആണ്.

വൈരാഗ്യ:-

അടുപ്പം ഇല്ലായ്മ സംസ്കൃതമൂലപദമായ അറിഞ്ഞ്, രഞ്ജന ഇതിനർത്ഥം പെയിന്റ് ചെയ്യുക/നിറം കൊടുക്കുക എന്നാണ്. മനസ്സിന നിറം കൊടുക്കുക. പ്രഭാത രഞ്ജന എന്നതിനർത്ഥം പ്രഭാതത്തിന നിറമേകുന്നവനെന്നാണ്. ഓരോ വസ്തുവിനും അതിന്റേതായ സ്പന്ദനവും നിറവുമുണ്ട്. ഈ പ്രത്യേകനിറങ്ങൾ മൂലമാണ് ചില വസ്തുക്കളിലേക്ക് നമ്മുടെ മനസ്സ്

ആകർഷിക്കപ്പെടുന്നത്. ഒരു വസ്തുവിന്റേയും നിറങ്ങൾക്ക് പിന്നാലെ നിങ്ങൾ ആകർഷിക്കപ്പെടരുത്.

'ഭക്തിർ ഭഗവതോ സേവ' എന്നാണ് പറയുന്നത്. ഭക്തി എന്നാൽ ഭഗവാനെ സേവിക്കലാണ്. ഭഗവാനെന്നാൽ ഭാഗ ഉള്ളവനാണ് ഭഗവനാൻ അതായത് മുകളിൽ പ്രസ്താവിച്ച ആറുഗുണങ്ങളും ഉള്ളവൻ. ഭക്തിപ്രേമസ്വരൂപിണി – ഭക്തിയെന്നാൽ പരിശുദ്ധമായ സ്നേഹമാണ്.

'ഭക്തിരാനന്ദരൂപാച '– ഭക്തന്റെ ആഗ്രഹം ഭഗവാന സന്തോഷം നൽകുക എന്നതു മാത്രമാണ്.

'ഭക്തി ഭക്തസ്യ ജീവനം' – ഭക്തിയാണ് ഭക്തരുടെ ജീവിതം. ജലം കൂടാതെ മത്സ്യത്തിന് ജീവിക്കുവാനാകില്ല. അതുപോലെ തന്നെ ഭക്തിയില്ലാതെ ഭക്തർക്കും ജീവിക്കുവാനാകില്ല. ഭക്തി യാണ് ജീവിതത്തിന്റെ സാരം.

മനുഷ്യ ജീവിതത്തിലെ ഏറ്റവും വിലയേറിയ വസ്തു എന്താണ്? ഭക്തിയാണത്. ഒരാൾക്ക് ഭക്തി ഉണ്ടെങ്കിൽ അവർക്ക് എല്ലാം ലഭിക്കും. പിന്നീട് ഒന്നും മനസ്സിലാകാതെ വരില്ല. ഭക്തർ ഭഗവാനെ സേവിക്കണം.

എന്താണ് ശരിയായ സേവനം? ഈശ്വരന്റെ സൃഷ്ടിയെ സേവിക്കലാണ് ശരിയായ സേവനം. മകനേയും മകളേയും സേവിക്കുമ്പോൾ മാതാപിതാക്കൾക്ക് സന്തോഷമാവില്ലേ അതുപോലെ ഈശ്വരനെ സന്തോഷിപ്പിക്കാനുള്ള ഏറ്റവും എളുപ്പമായ മാർഗ്ഗമാണ് അവശത

അനുഭവിക്കുന്നവരെ സഹായിക്കുക എന്നത്. ഇന്നലെ എന്തായിരുന്നുവോ അതു മറക്കുക, ഇന്നലെ വരെ എന്തൊക്കെ ചെയ്തുവോ അതെല്ലാം വിസ്മരിക്കുക ഈ ശുഭ നിമിഷം മുതൽ നിങ്ങളുടെ ജീവിതം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാനായി ഉപയോഗിക്കുക.

ഉള്ളടക്കം പാറ്റ്ന....1-10-1978

## പ്രഭാഷണം....32

## സവിതൂർ ളക്ക്

വേദത്തിലെ പ്രാർത്ഥനയാണ്.

‘‘അസതോ മാ സദ്ഗമയ തമസോ മാ
ജ്യോതിർഗമയ
മൃത്യുർമാ അമൃതം ഗമയ ആവിരാവിർ
മയെധി’’

ശരിയായ ആന്തരിക പ്രേരണ എന്റെ മനസ്സിനെ നേരെ നയിക്കുവാനായി ഈശ്വരനോട് അപേക്ഷിക്കുകയാണ്. ഈശ്വര കൃപയുടെ വഴിയിലേക്ക് മനസ്സിനെ തിരിച്ചുവിടുകയാണിത്. എന്നെ ശരിയായ വഴിയെ നയിക്കേണമേ-ചിന്ത പരിശുദ്ധമായാൽ മറ്റെല്ലാം പരിശുദ്ധമാകും.

ഒന്നുമാത്രം ഭഗവാനോട് ചോദിക്കുക- അല്ലയോ ദേവാ എന്റെ മനസ്സിന്റെ അശുദ്ധതകളെ അകറ്റി മനസ്സിനെ ന്യായത്തിന്റെ വഴിയെ ചലിപ്പിക്കേണമേ.

ഗായത്രി മന്ത്രത്തിൽ ഇതു തന്നെയാണ് പറയുന്നതെന്ന് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. ഗായത്രി മന്ത്രമെന്നല്ല പറയേണ്ടത് ഇതിന്റെ ശരിയായ നാം സവിതുർ ഋക്ക് എന്നാണ് ഏറ്റവും പഴയ വേദമായ ഋഗ്വേദം പല ഭാഗങ്ങളായി തിരിച്ചു. ഈ ഓരോ ഭാഗങ്ങളേയും മണ്ഡലമെന്നു പറയുന്നു. ഓരോ മണ്ഡലത്തേയും വീണ്ടും ഋക്കുകളായി വീണ്ടും വിഭജിച്ചു. ഋഗ്വേദത്തിലെ ഓരോ ശ്ലോകങ്ങളേയും ഋക് എന്നറിയുവാൻ തുടങ്ങി. അതിനാലാണ് വേദത്തെ ഋഗ്വേദം എന്നറിയപ്പെട്ടത്. ഈ പ്രത്യേക മന്ത്രം ഗായത്രീ മന്ത്രം എന്നറിയപ്പെടുന്നു. ഋക്കിലെ മൂന്നാമത്തെ മണ്ഡലത്തിൽ അറുപത്തി രണ്ടാമത് സൂക്തത്തിലെ പത്താമത് ഋക്കാണിത്. ഋഗ്വേദത്തിൽ ഈശ്വരനെ ഋക് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഋക്കിൽ സവിത എന്ന് ഈശ്വരനെ സംബോധന ചെയ്യുന്നു. അതുകൊണ്ടി സവിത അല്ലെങ്കിൽ സവിതുർ ഋക്ക് എന്നറിയപ്പെടുന്നു.

വേദകാലത്ത് ജനങ്ങൾക്ക് അക്ഷരമെഴുതാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് അവർക്കറിയില്ലായിരുന്നു. ഗുരു പറയുന്നത് അച്ചടക്കത്തോടെ ശ്രദ്ധിക്കും. ചെവിയെ ശ്രുതി എന്നാണ് സംസ്കൃതത്തിൽ പറയുന്നത്. അതുകൊണ്ടാണ് വേദത്തെ ശ്രുതി എന്നറിയപ്പെടുന്നത്. ലിഖിതം ഇല്ലാത്തതിനാൽ

വായിക്കേണ്ടതില്ല. സംസ്കൃതത്തിന എഴുത്തു ഭാഷ സ്വന്തമായി ഉണ്ടായിരുന്നില്ല. സാധാരണ പ്രാദേശികമായ പല ഭാഷകളും കാലാകാല ങ്ങളിലുണ്ടായി. സവിതുർ ഋക്ക് പറയുന്നതിതാണ്.

" ഓം ഭൂർഭുവഃ സ്വഃ
ഓം തത്സവിതുർവരേണ്യം
ഭർഗോ ദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത് ഓം "

ഗായത്രീയെന്ന താളത്തിലാണിതിനെ ചിട്ടപ്പെടുത്തിയിരിക്കുന്നത്. വേദത്തിൽ അറിയപ്പെടുന്ന ഏഴ് താളങ്ങളുണ്ട്. ഗായത്രി, ഉഷ്ണിക, ത്രിഷ്ടുപ്, അനുഷ്ടപ്, ബ്രഹതി, ജഗതി, പംക്തി. ഗായത്രിയുടെ താളത്തിൽ മൂന്ന് വരികളുണ്ട്. ഓരോ വരിയിലും എട്ട് പദങ്ങളും ഉണ്ട്. ഈ മന്ത്രം ചിട്ടപ്പെടുത്തിയ ഋഷിയെ മന്ത്രത്തിന്റെ ഋഷി എന്ന് അറിയപ്പെടുന്നു. ചിട്ടപ്പെടുത്തിയ താളത്തെ മന്ത്രോച്ചാരണം എന്നറിയുന്നു. ഇതാണ് യഥാർത്ഥമന്ത്രം. ആദ്യഭാഗം പിന്നീട് ചേർത്തതാണ്. അഥർവവേദത്തിൽ നിന്നാണ് ഇതെടുത്ത് ഇത് യഥാർത്ഥ മന്ത്രത്തിന്റെ ഭാഗമാണ് 3 വരികൾ. ആദ്യത്തെ വരി- തത് സവിതുർ വരേണ്യം-അടുത്ത വരി ഭർഗോ ദേവസ്യ ധീ മഹി- അവസാനത്തെ വരി- ധീയോ യോന പ്രചോദയാത്.

ഓരോ വരിയിലും മൂന്ന് പദങ്ങളുണ്ട്. അത് സവിതുർ വരേണ്യം ഇതിൽ ഏഴ് പദങ്ങളുണ്ട്. നിയമമനുസരിച്ച് എട്ട് പദങ്ങൾ വേണം. വേദത്തിന്റെ രീതിയിൽ ഒരിക്കലും വ്യാകരണവും താളവും തമ്മിൽ

തർക്കങ്ങളില്ല. താളത്തെ പിന്താങ്ങുന്നതാണ്, വ്യാകരണത്തെ അല്ല. താളം ശരിയാക്കുവാൻ ശരിയായ ഉച്ഛാരണം എടുത്തതാണിവിടെ. തത് സവിതുർ വരേണ്യം ഇതിനെ രണ്ടാക്കി മുറിച്ചിട്ടുണ്ട്.

ഈ മന്ത്രത്തിലെ പ്രാർത്ഥന എന്തിന് വേണ്ടിയാണ്. അല്ലയോ ഈശ്വരാ എന്റെ മനസ്സിനേയും ചിന്തകളേയും ഈശ്വരകൃപയിലേക്ക് നയിച്ചാലും. ഇതാണ് ഇതിന്റെ പ്രധാനപ്പെട്ട ആശയം.

ഓം ഭൂർ ഭുവ സ്വ- ഓം തത് സവിതുർ വരേണ്യം ഓം എന്നാണ് മന്ത്രം തുടങ്ങുന്നത്. എന്താണ് ഓം? എപ്പോൾ ഒരു ഭാവം പ്രകടമാകുന്നുവോ എന്തെങ്കിലും ചെയ്യുന്നുവോ അപ്പോൾ അത് പ്രവഞ്ചത്തിന്റെ പ്രകടനമാണ്. നാം നടക്കുമ്പോൾ നാം ചലിക്കുന്നു. അപ്പോൾ കത്, കത്, എന്ന ശബ്ദം ഉണ്ടാകും. അത് പ്രപഞ്ചത്തിന്റെ പ്രകടനമാണ്/പ്രകാശനമാണ്. നാം ചിരിക്കുമ്പോൾ ഹാ, ഹാ, ഹാ എന്ന ശബ്ദം ഉണ്ടാകും. എപ്പോൾ പ്രവർത്തി നടക്കുന്നുണ്ടോ അതിനൊരു പ്രകാശനമുണ്ട്. ഒരു മൂലമായ വെളിപ്പെടുത്തലുമുണ്ട്.

പരമസത്ത സൃഷ്ടി നടത്തുന്നു, സൃഷ്ടി ഒരു കർമ്മമാണ് ഇത് ഒരു പ്രവർത്തിയാണ്. സൃഷ്ടി മനസ്സുകൊണ്ടാണ് നടത്തുന്നത്. പുറത്തേക്ക് ഒന്നും സൃഷ്ടിക്കുന്നില്ല അദ്ദേഹം. എന്തുകൊണ്ടെന്നാൽ എല്ലാം ഉള്ളിൽ തന്നെയാണ്. പുറമേക്ക് ഒന്നുമില്ല. നമുക്ക് പുറത്താണെന്ന് തോന്നും പക്ഷേ പരിശുദ്ധമായ ഈശ്വരന്റെ ഉള്ളിൽ നടക്കുന്ന

പ്രതിഭാസമാണ്. ഇത് ബഹുവചനമല്ല ഒരേയൊരു പ്രകാശനം ആ ശബ്ദമാണ് അ-അ-അ-അ-അ.

പിന്നീട് സൃഷ്ടിയെ സംരക്ഷിക്കണം-പരിപോഷിപ്പിക്കണം. ഇതിന്റെ പ്രകാശനമാണ് ഉ-ഉ എന്ന ശബ്ദം സംരക്ഷണം, പരിപോഷണം ഇവ നടത്തുമ്പോഴുണ്ടാകുന്ന ശബ്ദമാണ്.

മനസ്സിൽ എന്തെങ്കിലും സൃഷ്ടി നടത്തി കഴിഞ്ഞാൽ അവസാനം എന്താണ് ചെയ്യുക? നിങ്ങൾ തന്നെ തിരിച്ചെടുക്കുന്നു. നിങ്ങളുടെ ഉള്ളിൽ തന്നെ നടക്കുന്ന പ്രതിഭാസമാണത്. പരമപുരുഷന്റെ ഈ രീതിയിലുള്ള തിരിച്ച് പിടിക്കലാണ് വ്യഞ്ജനാക്ഷര മായ - മ.

അ - ഉ - മ - സൃഷ്ടി, സ്ഥിതി, സംഹാരം ഇവയെ പ്രകാശനം ചെയ്യുന്നു. അതുകൊണ്ടാണ് മന്ത്രം ഓം എന്ന് തുടങ്ങിയത്. സൃഷ്ടി നടത്തിയപ്പോൾ അ- എന്ന ശബ്ദവും, പരിരക്ഷിച്ചപ്പോൾ ഉ - എന്ന ശബ്ദവും നശിച്ചപ്പോൾ മ - എന്ന ശബ്ദവും ഉണ്ടായി അപ്പോൾ (Generator-Operator- Destroyer, G.O.D = GOD)

ഏഴ് തലങ്ങളിലാണ് പ്രകാശനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സാധാരണ പറയുന്നത് മൂന്ന് വിഭാഗമായി തിരിച്ചിട്ടുണ്ടെന്നാണ് ശാരീരികം-മാനസികം-ആത്മീയം. പ്രപഞ്ചത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന സൃഷ്ടികർത്താവ് തന്നെയാണ് ശാരീരികം, മാനസികം, ആത്മീയം

എന്നീ മൂന്ന് തലത്തേയും സൃഷ്ടിച്ചതും. മനുഷ്യശരീരം സൃഷ്ടിച്ചതാരാണ്? ഈശ്വരൻ തന്നെ. മനുഷ്യന്റെ തലച്ചോറിനെ സൃഷ്ടിച്ചതും ഈശ്വരൻ തന്നെ. അപ്പോൾ സവിതയെന്നാൽ സൃഷ്ടികർത്താവ്; – സവിത എന്നാൽ പിതാവ്. ഈ ഭൂമിയെന്ന ഗ്രഹത്തിന്റെ സവിത സൂര്യനാണ്. സൂര്യൻ പിതാവാണ്. ഓരോ ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും അവരുടേതായ സൗരയൂഥങ്ങൾ ഉണ്ട്. ഈശ്വരൻ തന്നെയാണ് ഇവിടേയും സൃഷ്ടി കർത്താവും കേന്ദ്രബിന്ദുവാണ് പരമോന്നതനായ പിതാവ്.

ശാരീരിക, മാനസിക, ആത്മീയ തലങ്ങളെ സൃഷ്ടി നടത്തിയ ഈ പ്രപഞ്ചത്തിന്റെ പരമപിതാവിനെയാണ് നാം ധ്യാനിക്കുന്നത്. അദ്ദേഹം നമ്മുടെ ബുദ്ധിയെ കൃപയുടെ വഴിയേ നയിക്കും.

ഒരാൾക്ക് ദീക്ഷ ലഭിക്കുന്നതിന മുമ്പ് ഒരു അപേക്ഷ ഈശ്വരനു മുന്നിൽ വയ്ക്കാം. അല്ലയോ ഈശ്വരാ എന്റെ ബുദ്ധിയെ ഈശ്വരകൃപയുടെ വഴിക്ക് തിരിച്ച് വിട്ടാലും അങ്ങിനെ പ്രപഞ്ചത്തിന വേണ്ടി അല്പമെങ്കിലും നല്ല കാര്യങ്ങൾ ചെയ്ത് സമൂഹത്തെ നന്മയിലേക്ക് ഉയർത്തുക. ഇഷ്ടമന്ത്രം കിട്ടി കഴിഞ്ഞാൽ അതായത് ദീക്, കിട്ടി കഴിഞ്ഞാൽ നിയമം അനുസരിച്ച് നീങ്ങുക. ഒന്നും പ്രാർത്ഥനയിൽ ആവശ്യപ്പെടരുത്. കാരണം അദ്ദേഹത്തിന ദീക്ഷ ലഭിച്ചു കഴിഞ്ഞു.

എല്ലാ സത്തയും തേജോമയമായ ഈശ്വരനിൽ നിന്ന് വന്നതാണ്. എല്ലാം സൃഷ്ടികർത്താവിന്റെ അടുത്ത് എത്തുന്നു. തിരിഞ്ഞ് പോയാലും കൊള്ളാം

എന്തിനാണ് നാം ധ്യാനിക്കുന്നത്? ഈശ്വരൻ നമ്മുടെ ബുദ്ധിയെ നേർവഴിക്ക് നടത്തുവാൻ.

ഉള്ളടക്കം പാറ്റ്ന....2-9-1978

# പ്രഭാഷണം....33

# പരമോന്നത ലക്ഷ്യം

പ്രപഞ്ചത്തിലുള്ള എല്ലാ വെളിപ്പെടുത്തലുകളും അനുഭൂതികളാണ്. ഇത് അടിസ്ഥാനപരമായ സത്യമാണ്. ആത്മ നിർഗമനം വഴിയാണ് ഇവ സ്പഷ്ടമാകുന്നത്. ഈ അനുഭൂതി തരംഗങ്ങൾ ജീവികളുമായി ബന്ധപ്പെടുന്നത് പലതരം കോശങ്ങളിലൂടേയും അവയവങ്ങളിലൂടേയുമാണ്. ജ്ഞാനേന്ദ്രിയങ്ങളിൽ ഏറ്റവും പ്രാധാന്യം നേടിയിട്ടുള്ളത് കണ്ണുകളുടെ പ്രവർത്തനമാണ്. കണ്ണിന്റെ നാഡികളിലൂടേയാണ് തരംഗങ്ങളെ സ്വീകരിച്ച് കാണുക എന്ന പ്രക്രിയ നടക്കുന്നത്.

കാഴ്ചയുടെ കാര്യത്തിൽ വർണ്ണങ്ങൾ വളരെ പ്രധാന ഘടകമാണ്. വെളുത്ത വർണ്ണം സാത്വിക തത്വത്തേയും ചുവപ്പ് രാജസിക തത്വത്തേയും കറുപ്പ് താമസിക തത്വത്തേയും പ്രതിനിധാനം ചെയ്യുന്നു. ആകെ ഏഴ് നിറങ്ങളാണ് ഉള്ളത്. ഈ വർണ്ണങ്ങൾ കൂട്ടിചേർത്ത് ധാരാളം വർണ്ണങ്ങൾ നിർമ്മിക്കുന്നുണ്ട്. പക്ഷേ ഇവ അനന്തമല്ല. അനന്തമായ ഒരു സ്വഭാവം ഇതിനുണ്ടോ? പ്രപഞ്ചം വളരെ വലുതാണ് എന്നാൽ അനന്തമല്ല.

ഒന്നു മാത്രമായ സത്ത പ്രകൃതിയുടെ പല ഭാവങ്ങളുടെ സഹായത്തോടെ അല്ലെങ്കിൽ പ്രകൃതിയുടെ നൈപുണ്യം വ്യത്യസ്തമായ അനുഭൂതികളായി ആവിർഭവിക്കുന്നു. അതുകൊണ്ട് ഈശ്വരൻ സ്വയം വർണ്ണരഹിതനാണ്. എന്നാൽ അദ്ദേഹത്തിന്റെ സൃഷ്ടി വർണ്ണശബളമാണ്. മനുഷ്യനെ വൈവിധ്യമായ നിറങ്ങൾ ആകർഷിക്കുന്നു.

വെളുപ്പ് ഒരു വർണ്ണമല്ല, എല്ലാ വർണ്ണങ്ങളുടേയും സങ്കലനമാണ് വെളുപ്പ്. കറുപ്പിന ഒരു വർണ്ണമില്ല. വർണ്ണത്തിന ആവശ്യമുള്ളതാണ് കറുപ്പ്. വിവിധമായ അനുഭൂമിതകളുടെ സഹായ ത്തോടെ സൃഷ്ടി നടത്തുന്നത് ഒരേ ഒരു സത്തയാണ്. പക്ഷേ പ്രകാശനമെന്ന പ്രതിഭാസം വിവിധങ്ങളാണ. നാമമാത്രമായ ലോകം സ്വഭാവത്തിൽ ഒന്നാണ് ഇതിന്റെ പ്രതിഭാസം പല സ്വഭാവങ്ങളിലായി കാണാം.

ഈ പ്രപഞ്ചം പല വർണ്ണങ്ങളിലായി ഈശ്വരൻ സൃഷ്ടിച്ചത് എന്തുകൊണ്ടായിരിക്കും? ഇത്രയധികം വർണ്ണങ്ങൾ എന്തിനാണ്? എന്തുകൊണ്ടാണ്? എന്തിനു വേണ്ടിയാണ്? ഇതിന്റെ ഉദ്ദേശം എന്തായിരിക്കും? എന്തു കൊണ്ടാണ് അദ്ദേഹം ഇങ്ങിനെ സൃഷ്ടി നടത്താൻ ആഗ്രഹിച്ചത്?

വർണ്ണനനേകനി നിഹിതാർത്ഥ. ഉള്ളിന്റെ ഉള്ളിലെ ഉദ്ദേശ്യം മറ്റാർക്കും അറിയില്ല. ഈശ്വരനു മാത്രമേ അറിയൂ. ആരെങ്കിലും ഈശ്വരനുമായി അടുത്ത ബന്ധം പുലർത്തിയാൽ, ആരെങ്കിലും ഈശ്വരനോട് ഗാഢമായ സ്നേഹം പുലർത്തിയാൽ

അവർക്ക് ഈ രഹസ്യം അറിയുവാൻ കഴിയും. ഒരു ജ്ഞാനിക്ക് ഇതറിയുവാൻ കഴിയില്ല. ഭക്തർക്കു മാത്രമേ ഇതിനു കഴിയൂ. കാരണം ഭക്തൻ ഈശ്വരനുമായി അടുത്ത ബന്ധം പുലർത്തുമ്പോൾ അവന് ഏതു രഹസ്യവും അറിയുവാൻ കഴിയും.

ഒരാൾ ആവിർഭാവത്തിന്റെ ബിന്ദുവിലേക്ക് ചലിക്കുമ്പോൾ എല്ലാ അനുഭൂതികളും ആവിർഭവിക്കുന്ന ബിന്ദു ഈശ്വരനാണെന്നും/പരമപുരുഷനാണെന്നും അയാൾ തിരിച്ചറിയുന്നു. അവിടെ നിന്നാണ് എല്ലാ പ്രസരണികളും ചലിക്കുന്നത്. തുടക്കവും അവസാനവും ഈ ഒരേയൊരു ബിന്ദുതന്നെയാണ്. അദ്ദേഹം നമ്മുടെ ബുദ്ധിയെ ക്ഷേമത്തിനായി, ശുഭത്തിനായി നയിക്കേണമേ എന്നായിരിക്കട്ടെ ഓരോരുത്തരുടേയും പ്രാർത്ഥന.

ഉള്ളടക്കം പാറ്റ്ന....3-9-1978

## പ്രഭാഷണം....34

## ഏക സത്ത

"ഏകോഹി രുദ്രോ ന ദ്വിതീതായ
തസ്ഥൂർയ ഇമാൻല്ലോകാനീശത ഈശനീഭിഃ
പ്രത്യങ്ജനാംസ്തിഷ്ഠതി
സഞ്ചുകോപാന്തകാലേ
സംസൃജ്യ വിശ്വാ ഭുവനാനി ഗോപാഃ"

പരമമായ ചൈതന്യം ഒന്നു മാത്രമേയുള്ളോ എന്നൊരു ചോദ്യം ഉയർന്നേക്കാം? അതോ രണ്ട് ഉണ്ടോ? രണ്ടാമതൊരു നിയന്ത്രിതാവ് ഉണ്ടോ എന്ന ചോദ്യം തന്നെ കുസൃതിചോദ്യമാണ്. ഋഷിമാർ പറയുന്ന പ്രധാനതത്വം പരമമായ നിയന്ത്രിതാവ്-ഒന്നു മാത്രമാണെന്നാണ്. ഇതിന രണ്ടാമൻ ഇല്ല തന്നെ. ഒന്നു മാത്രമേയുള്ളൂ എന്നും അങ്ങിനെതന്നെ ആയിരിക്കുകയും ചെയ്യും.

ഞാൻ ഒരു ദിവസം നിങ്ങളോട് പറഞ്ഞിട്ടുണ്ടല്ലോ രുദ്രനെന്നാൽ നിങ്ങളെ കരയിപ്പിക്കുന്ന സത്തയാണെന്ന്. ദുഃഖിക്കുമ്പോൾ മാത്രമല്ല കരച്ചിൽ വരുന്നത്. കണ്ണിലൂടെ വെള്ളം വരുന്നത്. ദുഃഖം കൊണ്ടും, വേദന വരുമ്പോഴും കണ്ണിനുള്ളിലൂടെ ജലം വരും. സന്തോഷം വരുമ്പോൾ പുറമേ നിന്നാണ് ജലം വരുന്നത്. ദുഃഖിക്കുമ്പോൾ വരുന്ന കണ്ണുനീരിനെ ശോകാശ്രു എന്നും സന്തോഷം വരുമ്പോൾ വരുന്ന കണ്ണുനീരിനെ ആനന്ദാശ്രു എന്നും പറയുന്നു. ജീവിതത്തിൽ വലിയ പ്രശ്നങ്ങൾ വരുമ്പോൾ ഈശ്വരനു വേണ്ടി കണ്ണുനീർ വരും. സന്തോഷം വരുമ്പോൾ കണ്ണുനീർ വരുന്നതും രുദ്രനുവേണ്ടിയാണ്. ഈ ലോകത്ത് ധാരാളം പ്രശ്നങ്ങളും സംഘർഷങ്ങളും വരുന്നു. അപ്പോഴെല്ലാം കണ്ണുകളിലൂടെ ജലം ഒഴുകാറുണ്ട്. എല്ലാം ഈശ്വരസൃഷ്ടി ആയതിനാൽ അദ്ദേഹം രുദ്രനായി മറ്റൊരു രുദ്രൻ ഇല്ലതന്നെ. അതുകൊണ്ടാണ് ന ദ്വിതീയായ തസ്തുര്യ-

അങ്ങേയ്ക്ക് പിന്താങ്ങുന്നുവോ മത്സരിക്കുന്നതോ ആയ ഒന്നും ഇല്ല.

രുദ്രൻ പരമസത്തയാണ്, പ്രപഞ്ചം നിയന്ത്രിക്കുന്നവനുമാണ്. ഈശ് എന്നാൽ നിയന്ത്രിക്കുന്നത് ഈശ്വരൻ പ്രകൃതിയുടെ സഹായത്തോടെ നിയന്ത്രണം നടത്തുന്നു. അതുകൊണ്ടാണ് ആനന്ദസൂത്രത്തിൽ ശക്തി സ ശിവസ്യ ശക്തി എന്ന് പറഞ്ഞിട്ടുള്ളത്. ശക്തി ശിവന്റേതാണ്. എന്നാൽ ശിവൻ ശക്തിയുടേതല്ല, പ്രകൃതിയുടെ ഉടമസ്ഥാവകാശം ശിവനാണ്. ഈശ്വരനില്ലെങ്കിൽ പ്രകൃതിയുമില്ല.

എല്ലാം അദ്ദേഹത്തിൽ നിന്ന് വരുന്നു, അദ്ദേഹത്തിൽ തന്നെ നിലനിൽക്കുന്നു. തിരികെ അങ്ങോട്ട് തന്നെ പോകുകയും ചെയ്യുന്നു. പ്രപഞ്ചത്തിന പൂർണ്ണമായ നാശം വരുന്നില്ല, പ്രപഞ്ച ത്തിന്റെ പ്രത്യേക ഭാഗങ്ങൾ, സൗരയൂഥത്തിന്റെ ചില ഭാഗങ്ങൾ മാത്രമായി നശിക്കുന്നു. കഴിഞ്ഞകാലത്ത് ഇങ്ങിനെ കുറെ നാശങ്ങൾ സംഭവിച്ചിട്ടുണ്ടല്ലോ ഭൂമിക്ക് നാശം സംഭവിച്ചേക്കാം എന്നാൽ പ്രപഞ്ചം ഒരിക്കലും നശിക്കുകയില്ല. ഭൂമി നശിക്കുന്നതിന മുമ്പ് നമ്മുടെ പിൻഗാമികൾ ഭൂമി ഉപേക്ഷിച്ച് മറ്റേതെങ്കിലും ഗ്രഹത്തിലേക്കോ സൗരയൂഥത്തിന്റെ മറ്റേതെങ്കിലും ഗ്രഹത്തിലേക്കോ മാറിയേക്കാം. ഇങ്ങിനെ സംഭവിക്കുവാൻ സാധ്യതയുണ്ട്.

സമ്പൂർണ്ണനാശം പ്രപഞ്ചത്തിന്റെ ഒരു ഭാഗത്തിന സംഭവിച്ചേക്കാം. ഈശ്വരൻ ഇവിടെയുണ്ട് എന്നതുകൊണ്ട് തന്നെ നിങ്ങളാരും നിസ്സഹായരല്ല,

പ്രതീക്ഷയില്ലാത്തവരുമല്ല. സമ്പൂർണ്ണ സൃഷ്ടിയിലും ഈശ്വരചൈതന്യം ഉണ്ടല്ലോ. ഈശ്വരകൃപയ്ക്ക് പ്രോത എന്ന് പറയുന്നു. മനുഷ്യൻ ഈശ്വരനുമായി ഒരു ബന്ധം സ്ഥാപിക്കുമ്പോൾ കൂട്ടുകൂടുമ്പോൾ ആ ബന്ധത്തെ ഓത എന്ന് പറയുന്നു.

വ്യക്തിപരമായും കൂട്ടായും അദ്ദേഹം പ്രപഞ്ചവുമായി ബന്ധപ്പെട്ടിട്ടുണ്ട്. വ്യക്തിപരമായി ഈശ്വരന്റെ ബന്ധത്തെ ഓത യോഗയെന്നും കൂട്ടായ ബന്ധത്തെ പ്രോതയോഗ എന്നും പറയുന്നു. അതിനാലാണ് നാം ഓത പ്രോത യോഗാഭ്യം സംയുക്ത പുരുഷോത്തമ.

പ്രത്യം ജനാം സ്തിതതി സഞ്ചുകോ പാന്തകാലേ–എന്നാൽ സമ്പൂർണ്ണ നാശം, ഈശ്വരൻ എല്ലാവരോടുകൂടിയുമുണ്ട്. അതുകൊണ്ട് ഭയംവേണ്ട.

സംസ്രിജ്യ വിശ്വഭുവനാനി ഗോപ– പ്രപഞ്ചം സൃഷ്ടിച്ചു കഴിഞ്ഞിട്ട് ഈശ്വരൻ എന്ത് ചെയ്തു? ഭുവനാനി ഗോപ സ്വയം അത് ഒളിച്ചുവച്ചു സൃഷ്ടിയുടെ പിന്നിൽ ഒളിഞ്ഞിരുന്നു. മുന്നോട്ട് വന്നില്ല. അതുകൊണ്ട് അദ്ദേഹത്തെ കണ്ടുപിടിക്കുവാൻ സൃഷ്ടിയുടെ ഉള്ളിലേക്ക് തന്നെ കടക്കണം. മറ്റൊരു വഴിയുമില്ല. കണ്ടെത്താനായി പ്രത്യേക പരിശ്രമം ആവശ്യമാണ്. ആ പ്രത്യേക പരിശ്രമമാണ് സാധന.

അതുകൊണ്ടാണ് വസ്തുനിഷ്ഠമായ നീക്കുപോക്കുകളിലൂടെ ആത്മനിഷ്ഠമായ സമീപനം കൈക്കൊണ്ട് ഈശ്വരനിൽ എത്തുക. ഇതാണ് പ്രഥമപ്രധാനമായ ഓരോ മനുഷ്യരുടേയും കടമ.

# പ്രഭാഷണം....35

# ദേവാധി ദേവൻ-മഹാദേവൻ

"ഏഷ ഹ ദേവഃ പ്രതിശോഗനുസർവാ
പൂർവ്വോ ഹ ജാതഃ സ ഉ ഗർഭേ യന്തഃ
സ ഏവ ജാതഃ സ ജനിഷ്യമാണഃ
പ്രത്യങ്ജനാം സ്തിഷ്ടതി വിശ്വതോമുഖഃ."

ഈശ്വരനാണ് ഒരേ ഒരു ചൈതന്യം- പ്രപഞ്ചത്തിന്റെ എല്ലാ കോണുകളിലും പ്രവർത്തിക്കുന്നവനാണ ദേവൻ. എന്താണ് ദേവ? ദേവ എന്നതിനർത്ഥം

ദ്യോതതേ ക്രീഢതേ യസ്മാദുദ്യതേ ദ്യോതതേ ദിവി

തസ്മാദ്ദേവ ഇതി പ്രോക്തഃ സ്തൂയതേ സർവ ദേവതൈഃ

പരമമായ കേന്ദ്രബിന്ദുവിൽ നിന്നും ആവിർഭവിക്കുന്ന തരംഗ പ്രസരണികളാണ് ദേവത എന്നറിയപ്പെടുന്നത്. പരമ കേന്ദ്രത്തെ ദേവൻ എന്നറിയപ്പെടുന്നു. അദ്ദേഹം സ്വന്തം കഴിവുകൊണ്ട് പ്രപഞ്ചത്തെ കമ്പനം കൊള്ളിക്കുന്നു. പ്രപഞ്ചത്തെ താണ്ഡവ നൃത്തം ചെയ്യിക്കുന്നു. അദ്ദേഹത്തിന്റെ അതിന്ദ്രീയമായ കഴിവുകൊണ്ട് തിരികെ എല്ലാം തന്റെ

മടിയിലേക്ക് എത്തിക്കുന്നു. ഇതാണ് ദേവൻ എന്നതിന്റെ നിർവചനം. കേന്ദ്രത്തിൽ നിന്നുതിരുന്ന പ്രകാശകിരണങ്ങളും സമ്പൂർണ്ണ പ്രസരണങ്ങളേയും ദേവത എന്നറിയപ്പെടുന്നു. ദേവതമാർ ദേവനെ ആരാധിക്കുന്നു. ഈ ദേവ ശ്രേഷ്ഠനെ മഹാദേവൻ എന്നു വിളിക്കുന്നു.

‘‘തമീശ്വരാണാം പരമം മഹേശ്വരം
ത്വം ദേവതാനാം പരമം ച ദൈവതം
പതിം പതീനാം പരമം പരസ്താദ്
വിദാമ ദേവം ഭുവനേശമീഡ്യം ’’

ഈശ്വരനെന്നാൽ നിയന്ത്രിക്കുന്നവൻ എന്നാണർത്ഥം. ഒരു രാജ്യത്ത് അനേകം നിയന്ത്രിതാക്കൾ ഉണ്ട്. ഒരു ഗ്രാമത്തിൽ തന്നെ കടകളുടെ നിയന്ത്രകൻ, വെടിക്കോപ്പുകളുടെ നിയന്ത്രകൻ, കാർഷികോല്പന്നങ്ങളുടെ നിയന്ത്രകൻ തുടങ്ങി ധാരാളം നിയന്ത്രകരുണ്ട്. ഇവരെല്ലാം ഈശ്വരൻമാരാണ്. മുഗൾ ഭരണകാലത്ത് മുഗൾ ചക്രവർത്തിമാരെ ദില്ലീശ്വരൻമാർ, ഡൽഹിയിലെ ഈശ്വരൻ, എന്നു വിളിക്കാറുണ്ട്. ചിലപ്പോൾ ദില്ലീശ്വരൻമാർ ജഗദീശ്വരൻ തന്നെയാണോ എന്ന് സംശയം തോന്നിപോകും.

എന്നാൽ പല ഈശ്വരൻമാർക്കുമിടക്ക് ചെറുതും വലുതുമായ മഹേശ്വരനെ കാണാം. എല്ലാ ഈശ്വരൻമാരുടേയും ഈശ്വരൻ.

ഞാൻ പറഞ്ഞു കഴിഞ്ഞതാണ് അങ്ങ് ദേവൻമാരിൽ ശ്രേഷ്ഠനാണ് അല്ലെങ്കിൽ മഹാദേവനാണ്.

‘‘പതിം പതീനാം പരമം പരസ്താദ്

വിദാം ദേവം ഭുവനേശമീഡ്യം ’’

പതി എന്ന പ്രാകൃത പദം അയി എന്നായി മാറി ഉദാഹരണം ദേശപതി ദേശായി (ദേശ+ അയി = ദേശായി) ദളപതി (ദള+അയി = ദളോയി/ദളൂയി) ബഹനീ പതി ബഹനൊയി എന്നായി (ബഹനീ + അയി = ബഹനോയി).

അതുകൊണ്ട് അങ്ങ് എല്ലാ ഈശ്വരൻമാരുടേയും ആശ്വരനാണ്. എല്ലാ രാജാക്കൻമാരുടേയും രാജാവാണ്. എന്തെങ്കിലും പ്രവർത്തനം എവിടെയങ്കിലും നടക്കുന്നുണ്ടെങ്കിൽ എന്തു സംഭവിക്കും?

വിഷയത്തിന്റെ ഭാഗവും വസ്തുവിന്റെ ഭാഗവും കാണാം. പ്രപഞ്ചം വസ്തുവാണെങ്കിൽ വിശ്വമനസ് വിഷയമാണ് വിശ്വമനസ് വസ്തുവാകുമ്പോൾ പരമായബോധം വിഷയമാകുന്നു. നാം എന്തെങ്കിലും അല്പം കാണുന്നു എന്നു കരുതുക. കണ്ണുകൾ വിഷയവും കാണുന്നത് വസ്തുവുമാണ്. കാണുന്ന വസ്തുവാണവിടെ വസ്തു. കണ്ണുകൾ വസ്തുക്കളാകുമ്പോൾ മനസ് വിഷയവും, മനസ് വസ്തുവാകുമ്പോൾ ആത്മാവ് വിഷയമാകുന്നു.

അപ്പോൾ ഈശ്വരൻ പരമമായ വിഷയമാണ്. എല്ലാ പരയുടേയും പരയാണ് അദ്ദേഹം.

വസ്തു അപരയും വിഷയം പരയുമാണ്. ഈശ്വരൻ പരേശനും അപരേശനുമാണ്.

വിദാം ദേവം ഭുവനേശമീഡ്യം

അദ്ദേഹം ദേവനാണ് എല്ലാ രശ്മികളും അദ്ദേഹത്തിന്റെ അനന്തമായ ശരീരത്തിൽ നിന്നാണ് വരുന്നത്. ഒരാൾക്ക് ഇദ്ദേഹത്തെ അറിയണമെങ്കിൽ. ആ പ്രപഞ്ചം മുഴുവനായി അലങ്കരിക്കപ്പെട്ട് മാനിക്കപ്പെട്ട് ദേവനായി നിലകൊള്ളുന്നുണ്ട്- അതാണ് ദേവൻ.

ഇതിൽ വളരെക്കുറച്ചൊരു ഭാഗം മാത്രം മനുഷ്യന്റെ അറിവിന്റെ പരിധിയിൽ വരുന്നു. ഇതിൽ കൂടുതലായി ഒന്നുംതന്നെയില്ല.

തവ തത്വം ന ജാനാമി

അങ്ങ് എല്ലാ രാജാക്കന്മാരുടേയും രാജാവാണ്. അതായത് ചക്രവർത്തി. സംസ്കൃതത്തിൽ സാമ്രാട്ട് എന്നും പറയുന്നു. അദ്ദേഹം എല്ലാ വിഷയങ്ങളുടേയും വിഷയമാണ്.

ഈശ്വരനെ അറിഞ്ഞാൽ എല്ലാവരേയും അറിയാം. ആരും പിന്നെ ഒരു ചോദ്യവും ഉയർത്തുകയില്ല. ഞാൻ അങ്ങയുടെ വസ്തു വാകുമ്പോൾ അങ്ങയെ ഞാൻ എങ്ങിനെ എന്റെ വസ്തുവാക്കും? നാം അദ്ദേഹത്തെ ധ്യാനിക്കുമ്പോൾ അദ്ദേഹം നിങ്ങളുടെ വസ്തുവാകുന്നില്ലേ. പക്ഷേ എല്ലാം അവിടുത്തെ വസ്തുവാണ് അപ്പോൾപ്പിന്നെ

അങ്ങയെ എങ്ങിനെ എന്റെ വസ്തുവാക്കും? ശരിയാണ് ഇതൊരു കുസൃതി ചോദ്യമാണ്. പക്ഷേ മറുപടി വളരെ ലളിതമാണ്. അദ്ദേഹത്തെ നാം ധ്യാനിക്കുമ്പോൾ അദ്ദേഹം നമ്മുടെ വസ്തുവാകുന്നില്ല. അപ്പോൾ പരമമായ വസ്തു നമ്മെ കാണുന്നുണ്ടെന്ന് ചിന്തിക്കുക. അദ്ദേഹത്തിന്റെ വസ്തുവായിട്ടാണ് നിങ്ങളെ കാണുന്നത്.

ശ്രേഷ്ഠനായ ദേവൻ എല്ലാ ദിശകളിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ ഇപ്പോൾ തന്നെ പറഞ്ഞതേയുള്ളൂ. പത്ത് ദിശകളുണ്ട്-തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ് (n-e-w-s). നിങ്ങൾക്കെന്താണ് ലഭിച്ചത്? എന്തു നേടി? എന്താണോ വടക്ക് നിന്നും തെക്ക് നിന്നും കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും കൂട്ടിയെടുത്തത് അതാണ് news ഇനി ചെറിയ ദിശകൾ ഉണ്ട്. ഈശാന, നയിർത്ത, അഗ്നി, വായു, തെക്കുകിഴക്ക്, വടക്ക് പടിഞ്ഞാറ്, തെക്കു പടിഞ്ഞാറ്, വടക്ക് കിഴക്ക് ഇതിനെ അനുദിശയെന്നു പറയുന്നു. ഇനി മുകളിലേക്കും താഴോട്ടും. പ്രദിശയെന്നു സംസ്കൃതത്തിൽ പറയുന്നു. ആറ് പ്രദിശയും നാല് അനുദിശയും കൂടുമ്പോൾ പത്ത് ദിശയായി. ഈശ്വരൻ പത്ത് ദിശകളിലും പ്രവർത്തിക്കുന്നു. ഒരു ദിശയെപ്പോലും അവഗണിക്കുകയോ മറക്കുകയോ ചെയ്യുന്നില്ല. പത്ത് ദിശകളിൽ ഏത് ദിശയിൽ ഒരു വ്യക്തി അഭയം തേടുന്നുവോ അവരെ തന്റെ സാക്ഷിത്വത്തിൽ നിന്നും ഒഴിവാക്കുന്നില്ല.

എന്തെങ്കിലും ചീത്ത കാര്യങ്ങൾ ചെയ്താൽ അന്തരീക്ഷത്തിൽ ഒളിച്ചു വയ്ക്കുവാൻ ശ്രമിക്കാറില്ലേ അതായത്, ആകാശം, സമുദ്രം വെള്ളത്തിനുമിടയിൽ, ഗുഹയിൽ, മലയിൽ തുടങ്ങി ഒളിക്കാൻ പ്രപഞ്ചത്തിൽ എത്രയിടങ്ങളുണ്ട്. പരമചൈതന്യം എല്ലാം കാണുന്നു-പൂർവോ ഹ ജാത സൗ ഗർഭി അന്ത.

പരമമായ ദേവൻ സ്വയം അണുരൂപങ്ങളിൽ പ്രകാശിതമായിരിക്കുന്നു. ഇതെല്ലാം അദ്ദേഹത്തിന്റെ വസ്തുക്കൾ തന്നെയാണ്. ഓരോ പ്രതിഫലനങ്ങളും ഓരോ ജീവാത്മാക്കളാണ്. സ്വന്തം പ്രതിഫലനത്തിന് സാക്ഷിയായി സ്വയം നിലകൊള്ളുന്നതിനാൽ പ്രത്യഗാത്മ എന്നു വിളിക്കുന്നു. പൂർവോ ഹ ജാത സൗ ഗർഭി അന്ത. ഇതുപോലെ പ്രവർത്തിക്കുന്നു, ഭൂതകാലത്തും ഇങ്ങിനെ സ്വയം പ്രവർത്തിച്ചിട്ടുണ്ട്, ഇപ്പോഴും പ്രവർത്തിക്കുന്നു, ഭാവിയിൽ പ്രവർത്തിക്കുകയും ചെയ്യും.

എല്ലാം ഈ പ്രപഞ്ചത്തിലാണ്, എല്ലാം വരുന്നതും, വന്ന് കൊണ്ടിരിക്കുന്നതും, വരുവാൻ പോകുന്നതും, അണുമയമായ പ്രകാശനമാണ്. ഇവിടെ കാണുന്നതെല്ലാം പരമപിതാവിന്റെ പ്രതിഫലനമാണ്.

‘‘പ്രത്യം ജനാം സ്ഥിതതി വിശ്തോമുഖം’’

ഈശ്വരൻ സർവതോന്മുഖനാണ്-പലമുഖങ്ങൾ ഇതിനുണ്ട്. ഏത് മൂലയിൽപ്പോയാലും അദ്ദേഹത്തെ കാണുവാൻ ശ്രമിക്കുക, ആ മുഖം കാണുവാൻ

ശ്രമിക്കുക. ആ മുഖം കാണാതെ നമുക്ക് രക്ഷപ്പെടുവാൻ കഴിയില്ല. നമ്മുടെ നിലനിൽപ്പിൽ നിന്നും രക്ഷപ്പെടുവാൻ കഴിയുമോ? ഈശ്വരൻ സർവ്വതോന്മുഖനാണ്-പലമുഖങ്ങൾ ഉള്ളവനാണ്.

ഈ പുരുഷന് ആയിരം ശിരസ്സുണ്ട്-എണ്ണിയാലൊടുങ്ങാത്ത തലച്ചോറുണ്ട്. നമുക്ക് ഒരു തലച്ചോറുമാത്രമല്ലേ ഉള്ളൂ. നമ്മുടെ കഴിവിന് പരിധിയുണ്ട് എന്നാൽ ഈശ്വരൻ അനന്തമാണ് എണ്ണമറ്റ തലച്ചോറും അനന്തമായ കഴിവും ഉണ്ട്.

ഉള്ളടക്കം പാറ്റ്ന....5-9-1978

## പ്രഭാഷണം....36

# പ്രണവത്തിന്റെ മാഹാത്മ്യം

''സർവേ വേദാ യദ്പദമാമനന്തി
തപാംസി സർവാണി ച യദ്വദന്തി
യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി തത്തേ
പദം സംഗ്രഹേണ ബ്രവീമ്യോമിത്യേതദ്''

പ്രണവത്തിന്റെ മഹത്വത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് പ്ര-ണ-വ. നമ്മുടെ ലക്ഷ്യത്തിലേക്ക് കേന്ദ്രബിന്ദുവിലേക്ക് ചലിക്കുവാൻ സഹായിക്കുന്ന സത്തയാണ് പ്രണവം. പ്രണവമെന്നാൽ ചലനമെന്നാണർത്ഥം.

സർവെ വേദ എന്നാൽ എല്ലാ വേദങ്ങളും എന്നാണർത്ഥം. സർവേയെന്നാൽ എന്താണർത്ഥം സർവ-സർവോ-സർവേ. സർവ എന്നാൽ എല്ലാം.

സർവ എന്ന പദത്തിൽ മൂന്ന് അക്ഷരങ്ങളുണ്ട്. സ, ര, വ. സ-സാത്വിക തത്വത്തെ പ്രതിനിധാനം ചെയ്യുന്നു. ആദ്യാക്ഷരം എന്തുകൊണ്ട് സ ആയി? സാത്വികമായ ഘടകത്തിൽ നിന്നാണ് സൃഷ്ടിയുടെ ആദ്യമായ ഒഴുക്ക് തുടങ്ങിയത്. അതുകൊണ്ടാണ് സ ആദ്യക്ഷരമായത്.

ര-എന്താണോ സൃഷ്ടിച്ചത് സൃഷ്ടിയെന്ന പ്രക്രിയക്ക് ചലനവും വേഗതയും വ്യാപ്തിയുമുണ്ട്. വേഗത ഊർജ്ജത്തിൽ നിന്നാണ് ലഭിക്കുന്നത്. ഊർജ്ജമില്ലെങ്കിൽ വേഗതയില്ല. ര യാണ് ഊർജ്ജത്തിന്റെ മൂലം. അതുകൊണ്ട് ര രണ്ടാമത്തെ അക്ഷരമായി.

വ മൂന്നാമത്തെ അക്ഷരവും അവസാനത്തെ അക്ഷരവുമാണ്. വ സ്വഭാവത്തെ പ്രതിനിധീകരിക്കുന്നു. ഓരോ സൃഷ്ടിക്കും അതിന്റേതായ (തനതായ) സ്വഭാവം ഉണ്ട്. അതാണ് അതിന്റെ സമ്പത്ത്, സ്വഭാവം. സ്വഭാവം ഇല്ലാത്ത ഒരു വസ്തുവും പ്രപഞ്ചത്തിൽ ഇല്ല. ഇതിന്റെ മൂലമാണ് വ.

പ്രപഞ്ചത്തിൽ പരമചൈതന്യത്തിന്റെ സാത്വിക തത്വത്തിൽ നിന്നാണല്ലോ എല്ലാ അസ്തിത്വത്തിന്റേയും നിലനിൽപ്പ്. തുടക്കം സ - ഊർജ്ജത്തിന്റെ സഹായത്തോടെ ചലിക്കുന്നു ര തന തായ സ്വഭാവം വ-സ-ര-വ ഈ മൂന്നക്ഷരങ്ങളും ഓരോ ആശയപ്രകാശനത്തെ പ്രതിനിധാനം

ചെയ്യുന്നു. അതുകൊണ്ട് സർവയെന്നാൽ എല്ലാം. ഒന്നും സർവത്തിനപ്പുറത്തായി (അതിർത്തിക്കപ്പുറം) ഇല്ല.

ഋഗ്വേദത്തിലെ ഋക് എന്നാൽ അറിയുക എന്നാണർത്ഥം. വേദമെന്നാൽ അറിവെന്നുതന്നെയാണർത്ഥം. സർവവേദ എന്നാൽ എല്ലാ അറിവുകളും. അറിവെന്നാൽ ഇവിടെ ആത്മീയ മായ അറിവിനെയാണ് ഉദ്ദേശിച്ചത്. മനസ്സിനപ്പുറത്തുള്ള അറിവാണത്. ശാരീരികവും മാനസികവുമായ അറിവുകൾ ശരിയായ അറിവല്ല. ഇത് സമയത്തിനും വ്യക്തിക്കും സ്ഥലത്തിനുമനുസരിച്ച് മാറും. പൂർണ്ണമായ വസ്തുതയല്ലയിത്.

ജർമ്മനിയുടെ തലസ്ഥാനം ബെർളിനായിരുന്നു. അല്ല, അല്ല ബോൺ ആണ് ജർമ്മനിയുടെ തലസ്ഥാനം. ഇതു രണ്ടും ശരിയാണ്. ഇതൊരു മാറ്റമാണ്, കാലത്തിന്റേതായ മാറ്റം.

തപമെന്നാൽ ലക്ഷ്യപ്രാപ്തിക്കായി നാം അനുഭവിക്കുന്ന കഷ്ടതകളും പീഢനങ്ങളുമെല്ലാമാണ്. ഇതിനെ തപസ്യ എന്നു പറയാം. ഋഷി, മുനിമാർ തപസ്സുചെയ്ത് കഷ്ടപ്പാടും പീഢനങ്ങളും സഹിച്ചു എന്തിനായിട്ട്? ഈശ്വരനെ പ്രാപിക്കുവാൻ.

ഇച്ഛന്തും എന്നാൽ ആത്മീയമായ ആഗ്രഹം എന്നാണർത്ഥം. ഈശ്വരനു വേണ്ടി ആരാണോ ആത്മീയമായി ആഗ്രഹിക്കുന്നത് അവരെ ഇച്ഛന്തു

എന്നു പറയുന്നു. സ്വയം അവനവനിൽ പ്രതിഷ്ഠിതമാകുന്ന അതിമാനസ തലമാണിത്.

ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട് ഈശ്വരൻ പരമമായ വിഷയവസ്തുവും മറ്റുള്ളതെല്ലാം പരമചൈതന്യത്തിന്റെ വസ്തുക്കളുമാണെന്ന്. ഈശ്വരൻ നമ്മുടെ വസ്തുവല്ല. ഇത് തത്വശാസ്ത്ര പരമായും മനശാസ്ത്രപരമായും ശരിയാണ്. എന്നാൽ ധ്യാനത്തിൽ നാം എന്താണ് ചെയ്യുന്നത്? നാം എന്താണ് ചെയ്യേണ്ടത്? ഈശ്വരൻ എല്ലാമാണ് അദ്ദേഹം നമ്മുടെ വസ്തുവല്ല-നമ്മളെ ഈസ്വരൻ കാണുന്നുണ്ട്. കാരണം ഈശ്വരന്റെ വസ്തുവാണ് നാം. ഈശ്വരൻ നമ്മുടെ വസ്തുവാണെന്ന് ചിന്തിച്ചാൽ അതെങ്ങിനെ ആകും? അസാധ്യം തന്നെ. ഇതൊഴിവാക്കുവാൻ ധ്യാനത്തിൽ ഈശ്വരൻ നമ്മെ കാണുന്നുണ്ടെന്ന് ചിന്തിക്കുക. ഇഷ്ടമന്ത്രത്തിന്റെ സഹായത്തോടെ. ഇതാണ് രഹസ്യം.

ബ്രഹ്മചര്യഞ്ചരന്തി എന്താണ് ബ്രഹ്മചര്യം? സംസ്കൃതത്തിൽ ചലനമെന്നതിന പല മൂലക്രിയകളുമുണ്ട്. ഒരു പദം ചലതി-ചലിക്കുക, നടക്കുക, പോകുക. മറ്റൊരു പദം ചരതി ഇനിർത്ഥം തിന്നുകൊണ്ട് നടക്കുക. പശു നടന്നുകൊണ്ട് തിന്നു ന്നത് പോലെ. നാം ഭക്ഷണം കഴിച്ച് നടക്കുന്നത് പോലെ. റോഡിലൂടെ അണ്ടിപരിപ്പും കഴിച്ച് കൊണ്ട് നടക്കുന്നുവെങ്കിൽ അത് ചരതിയാണ്. രണ്ട് കാര്യം ഒരേസമയത്ത് ചെയ്യുന്നുണ്ടല്ലോ. (നിങ്ങൾക്കറിയാമോ അണ്ടിപരിപ്പിന ചിനിയബദാം എന്ന് ബീഹാറിലും മുഗ്ഫലി എന്ന് ഹിന്ദിയിലും പറയുന്നു)

തിന്നുകൊണ്ട് നടന്നാൽ നാം പശുവിനെ പോലെയാകും.

ഇനി അതാതി എന്താണെന്ന് നോക്കാം ഇതു ചലനമാണ്. യാത്രപോകുമ്പോൾ ഒരാൾ എന്തോ ചിലത് പഠിക്കുന്നു എന്ന് കരുതുക. അതായിയെന്നാൽ ചലിച്ച്കൊണ്ട് പഠിക്കുകയെന്നാണ്. ചരതിയല്ല ഇത്.

ഇനി വ്രജതിയെന്നാൽ ആസ്വദിച്ച് കൊണ്ട് നടക്കുന്നതാണ്. എന്തോ സന്തോഷത്തോടെ നടക്കുന്നത് വ്രജതി. ഈശ്വരനിലേക്കുള്ള ചലനം വ്രജതിയാണ്.

ബ്രഹ്മചര്യം ആഹാരം കഴിച്ച്കൊണ്ട് ബ്രഹ്മത്തിലേക്ക് ചലിക്കുന്നു. ഏതുതരം ആഹാരമാണ്-ബ്രഹ്മചൈതന്യത്തിൽ നിന്നുവന്നു ലഭിച്ച ശാരീരിക മാനസിക ആത്മീയമായ ആഹാരം. ഗുരുമന്ത്രത്തിലൂടെ ബ്രഹ്മത്തിലേക്ക് ചലിക്കുന്നവനാരാണോ അയാളാണ് ബ്രഹ്മചാരി. നാം എപ്പോഴും സ്മരിക്കേണ്ട ഒരു യാഥാർത്ഥ്യമാണ് എല്ലാ ചലനങ്ങളും ബ്രഹ്മമെന്ന പ്രാപഞ്ചിക ശരീര ത്തിനുള്ളിലാണ്.

മുകളിൽ പറഞ്ഞതായ അവസ്ഥ നേടികഴിഞ്ഞാൽ ഓം എന്ന പദമായിരിക്കും നമ്മെ നിയന്ത്രിക്കുന്നത്. ഇതിൽ മൂന്ന് അക്ഷരങ്ങളുണ്ട്. പതിനാറ് സ്വരാക്ഷരങ്ങളും മുപ്പത്തിനാല് വ്യഞ്ജനാക്ഷരങ്ങളും, ഈ ശബ്ദത്തിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഇന്തോ ആചാര്യൻ അക്ഷരമാല. അമ്പത് നിയന്ത്രിക്കുന്ന മൂലരൂപങ്ങളും അതിന്റെ കൂടിചേരലുകളുടെയും പരിവർ

ത്തനത്തിന്റേയും പ്രവർത്തനഫലമായി ധാരാളം പ്രയാസമേറിയ സ്വഭാവരീതികളും സൃഷ്ടിക്കപ്പെട്ടു. (പരിവർത്തനങ്ങളും കൂട്ടലും കണക്കിൽ നിങ്ങൾക്കറിയാവുന്നതാണല്ലോ) ഈ അക്ഷരങ്ങളെ യാണ് പ്രണവമെന്ന് ഞാൻ പറഞ്ഞത്.

ഋഷിമാർ പറഞ്ഞ മൂന്ന് അക്ഷരങ്ങൾ അ, ഉ, മ എന്നതാണ് എല്ലാം നിയന്ത്രിക്കുന്ന അക്ഷരങ്ങൾ. അതുകൊണ്ട് ഇന്ത്യൻ ആര്യ അക്ഷരമാലയിലെ ആദ്യാക്ഷരം അ എന്നായി.

പ്രപഞ്ചത്തിലെ ഓരോ അനുഭൂതികൾക്കും (കമ്പനം) അതിന്റേതായ വർണ്ണങ്ങളുണ്ട്. അതു നമുക്ക് കാണുവാനോ കാണാതിരിക്കുവാനോ കഴിയും. തീർച്ചയായും ചില ശബ്ദങ്ങളും ഇതിനുണ്ട്. അത് ചിലപ്പോൾ കേൾക്കാം- കേൾക്കാതിരിക്കാം. എന്നാൽ ശബ്ദം ഉണ്ട്. നമ്മുടെ പ്രത്യേക നാഢീവ്യവസ്ഥയിൽ വരാം വരാതിരിക്കാം, കേട്ടാലും ഇല്ലെങ്കിലും ശബ്ദം ഉണ്ട്. കർമ്മത്തിനും അതിന്റെ പ്രകാശനത്തിനും ശബ്ദം ഉണ്ട്. സൃഷ്ടിയുടെ ശബ്ദം അ എന്നാണ്.

അ എന്നത് എന്തുകൊണ്ട് ആദ്യാക്ഷരമായി. അ-സൃഷ്ടിയുടെ മൂലമായതുകൊണ്ട്. റോമൻ ലിപിയാണ് അ ഇതിന്റെ ഉച്ഛാരണം അ -ആൽഫ, അലേഫ ഒരേ അക്ഷരം. സൃഷ്ടിയുടെ മൂലമായ ശബ്ദം.

സൃഷ്ടിക്കുശേഷം ഇതിനെ സംരക്ഷിച്ച് പരിപോഷിപ്പിച്ച് വളർത്തണമല്ലോ അതിനുവേണ്ടതെല്ലാം നൽകേണ്ടതുണ്ട്.

സംരക്ഷണമെന്ന പ്രക്രിയയെ പ്രതിനിധാനം ചെയ്യുന്നു ഉ എന്ന മൂലപദം.

മനസിൽ നാം എന്തെങ്കിലും സൃഷ്ടിച്ചാൽ കുറച്ചുനാൾ അവിടെ കിടക്കും. പിന്നീട് മനസ് അതിനെ തിരിച്ചെടുക്കും. മനസ്സുകൊണ്ടു തന്നെയാണല്ലോ തിരിച്ചെടുക്കുന്നത്. ഇതുപോലെ തന്നെ സൃഷ്ടി നടത്തിയശേഷം കുറേക്കാലം കഴിഞ്ഞ് ഈശ്വരൻ അതിനെ തിരിച്ചെടുക്കുന്നു. ഇങ്ങിനെ തിരിച്ചെടുക്കുന്നതിനെ പ്രതിനിധാനം ചെയ്യുന്നു മ എന്ന മൂലപദം. മരണം നാശമാണ്. എന്നാൽ ഈശ്വരന ഇത് തിരിച്ചുപിടിക്കലാണ്. അ-അതുകൊണ്ടാണ് അവസാനത്തെ വ്യഞ്ജനാക്ഷരമായത്. അതിനാൽ അ+ഉ+മ=ഓം. അ-സൃഷ്ടി, ഉ-സ്ഥിതി, മ-സംഹാരം. മൂന്ന് പ്രവർത്തികളും ഒരേപോലെ ചെയ്യുന്ന വ്യക്തിയാണ് ഈശ്വരൻ. അതായത് G-O-D-Generator, Operator, Destroyer ഇതിലെ ആദ്യാക്ഷരങ്ങളെടുത്താൽ GOD.

ഉള്ളടക്കം പാറ്റ്ന....6-9-1978

## പ്രഭാഷണം....37

# മൃഗീയതയിൽ നിന്നും ഈശ്വരീയതയിലേക്ക്

‘‘സർവെ ച പശവഃ സന്തി തലവത് ഭൂതലേ നരാഃ

തേഷാം ജ്ഞാനപ്രകാശായ വീരഭാവഃ പ്രകാശിതഃ
വീരഭാവം സദാ പ്രാപ്യ ക്രമേണ ദേവതാ ഭവേത് ''

---രുദ്ര യാമല തന്ത്രം

(തുടക്കത്തിൽ എല്ലാവരും മൃഗങ്ങളാണ്, ആത്മീയത ഉടലെടുക്കുന്നതോടെ വീരനാകുന്നു, വീരഭാവത്തിൽ പ്രതിഷ്ഠിതനാകുമ്പോൾ ദേവതമാരായിത്തീരുന്നു)

ഈ പ്രപഞ്ചത്തിലെ ഏതൊരു സൃഷ്ടിയും ജന്മനാ പശുമൃഗമാണ്. ഈശ്വരനിലേക്ക് ചലിക്കുവാനുള്ള നിലവാരം പ്രാപ്തമാകുമ്പോൾ മനുഷ്യനായി, മനുഷ്യൻ ദൈവമായി മാറുന്നു. മൃഗീയതയിൽ നിന്നും ഒരാൾ ഈശ്വരീയതയിലേക്ക് ഉയർന്ന് വരുന്ന പ്രക്രിയയെയാണ് നിങ്ങളെല്ലാം സാധനയെന്നു പറയുന്നത്.

സംസ്കൃതത്തിൽ പറയുന്നത്:-

''ജന്മനാ ജായതെ ശുദ്ര
സംസ്കാരാത് ദ്വിജ ഉച്യതേ
വേദ പാഠാത് ഭവെത് വിപ്ര
ബ്രഹ്മജ്ഞാനാതി ബ്രാഹ്മണ ''

ജന്മനാ എല്ലാവരും ശൂദ്രരാണ്. (ശൂദ്രരെന്നാൽ മൃഗങ്ങളുടെ എല്ലാ രീതികളും എന്നാണർത്ഥം) പിന്നീട് ഒരാൾക്ക് ദീക്ഷ- ലഭിക്കുന്നതോടെ, അതായത് വൈദീക ദീക്ഷ- എങ്ങിനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് ഒരുവൻ എങ്ങിനെയാണ്

ഒരാളുടെ ആഗ്രഹത്തെ പ്രകടമാക്കേണ്ടത് എന്ന് പഠിക്കുമ്പോൾ മനുഷ്യനായി, ദ്വിജനായി. (ദ്വിജ-എന്നാൽ രണ്ടാം ജന്മമെന്നാണ് അർത്ഥം പിന്നീട് അയാൾ മൃഗമാകരുത്) വീണ്ടും ഗ്രന്ഥങ്ങൾ പഠിച്ചും ആത്മീയമായ അറിവുകൾ നേടുകയും ചെയ്യുമ്പോൾ അവൻ വിപ്രനാകുന്നു. താന്ത്രിക ദീക്ഷ ലഭിച്ചു (മാനസിക-ആത്മീയ ദീക്ഷ) കഴിഞ്ഞാൽ ബ്രാഹ്മണനായി മാറുന്നു.

ക്രൂര മൃഗങ്ങൾക്ക്, പശുക്കൾക്ക് ഭാവിയില്ലേ എന്നൊരു ചോദ്യം ഉയർന്നേക്കാം. തീർച്ചയായും അവർക്കൊരു ഭാവിയുണ്ട്. മൃഗരൂപത്തിലും-മനുഷ്യരൂപത്തിലും ഉണ്ട്. പശുവിന്റെ ജീവിത ലക്ഷ്യവും വസ്തുവും ഈ പരമപുരുഷൻ തന്നെയാണ്. അതുകൊണ്ടാണ് പശുപതി എന്ന് ഈശ്വരനെ സംബോധന ചെയ്യുന്നത്. (മൃഗങ്ങളുടെ ഈശ്വരൻ) അല്ലയോ പരമപുരുഷാ ഞങ്ങളെല്ലാം പശുക്കളാണ്, മൃഗങ്ങളാണ്- അങ്ങ് ഞങ്ങളുടെ എല്ലാം ഈശ്വരനാണ്- പശുപതി.

പരമപുരുഷന്റെ ഒരു നാമമാണ് പശുപതി. ഉറങ്ങിക്കിടക്കുന്ന മനസുകളുടെ പരമബോധമാണ്, പരമചൈതന്യമാണ് പശുപതി.

''തേഷം ജ്ഞാന പ്രകാശായ വീരഭാവ പ്രകാശിത''

എന്താണ് ചെയ്യേണ്ടത് എന്താണ് ചെയ്യരുതാത്തത് എന്ന് മനസ്സിലാക്കുമ്പോൾ/തിരിച്ചറിയുമ്പോൾ അവർ ധൈര്യശാലികളായി തീരുന്നു. എല്ലാവിധ

പ്രശ്നങ്ങൾക്കും ദുരിതങ്ങൾക്കുമെതിരെ പോരാടുന്നവർ. നിശ്ചയമായും ഇവർ നായകരായിമാറും. സംസ്കൃതത്തിൽ നായകന് വീരൻ എന്നാണ് പറയുന്നത്. മനുഷ്യനിൽ വീരഭാവം വികസിതമാകുന്നതോടെ ഏതൊരു ശക്തിക്കുമെതിരെ ആഞ്ഞടിക്കുവാനും തയ്യാറാകുന്നു. അപ്പോൾ അയാൾ വീരനായി. തന്ത്രത്തിൽ ഇതിനെ വീരഭാവമെന്നു പറയുന്നു. പരമപുരുഷനെ വീരേശ്വരൻ എന്നു പറയുന്നു. മനുഷ്യൻ വീരനാകുമ്പോൾ പരമപുരുഷൻ വീരേശ്വരനാകുന്നു. പിന്നീട് പശുപതിയാകുന്നില്ല. പരമപുരുഷന്റെ മറ്റൊരു നാമമാണ് വീരേശ്വരൻ.

വീരഭാവത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയാൽ പിന്നീട് ഒരിക്കലും ഭയമോ, തോൽവിയോ, ഒരു രീതിയിലുള്ള പരാജയമോ സംഭവിക്കില്ല. (സ്ത്രീകളും ഇതിൽപെടും) വീര ഭാവത്തെയാണ് ദിവ്യ ഭാവമെന്നു പറയുന്നത്. പിന്നീട് അയാൾ വീരനെന്നല്ല ദേവ നെന്നാണ്, ദേവതയെന്നാണ് അറിയപ്പെടുന്നത്. ക്രമേണ ദേവതഭവേത്. ദേവനായി അയാൾ മാറുന്നു– മനുഷ്യരൂപത്തിലുള്ള ദേവൻ– ഈ ഘടനയിലുള്ള ദേവൻ. ഈ അവസ്ഥയാണ് ദിവ്യഭാവം. ഈ വ്യക്തിയുടെ അടുത്ത ലക്ഷ്യം മഹാദേവനാണ് വീരേശ്വരനല്ല മഹാദേവൻ.

ആദ്യം ഈശ്വരൻ പശുപതിയായി, രണ്ടാം ഘട്ടത്തിൽ വീരേശ്വരനായി അവസാന ഘട്ടത്തിൽ മഹാദേവനായി. ഒരേ ഈശ്വരൻ ഒരാളുടെ മാനസിക ആത്മീയ തലത്തിനനുസരിച്ച് പശുപതിയും വീരേശ്വരനും, മഹാദേവനുമാകുന്നു. മൂന്ന്

ആശയപ്രകടനം ഇവിടെയുണ്ട്- ഒന്ന് ചിന്ത, രണ്ട് പ്രവർത്തി- ഒന്നാമത്തേത് നാഡീകോശങ്ങളിലാണ്. രണ്ടാമത്തെ പ്രവർത്തി ശരീരം കൊണ്ടും മനസുകൊണ്ടുമാണ്.

പശുക്കളുടെ കാര്യത്തിൽ- മനുഷ്യന്റെ ഘടനയുള്ള മൃഗങ്ങൾ- ഇവരുടെ ചിന്താ തരംഗങ്ങൾ. മൃഗങ്ങളുടേതായ രീതിയിലായിരിക്കും- സംസാരവും അങ്ങിനെ തന്നെ പ്രവർത്തിയും അതുപോലെ തന്നെയായിരിക്കും. മൂന്നു ഭാവങ്ങളിലും ക്രമീകരണ ങ്ങൾ നടത്തുവാനാകില്ല. മനുഷ്യൻ പശുവാണ്- പശുവിന്റെ അവസ്ഥയിലാണ്, മൃഗീയതയിലാണ്- മനുഷ്യന്റെ ഘടനയിലാണെന്നു മാത്രം. ഇന്നത്തെ സമൂഹത്തിന്റെ നല്ലൊരു ഭാഗവും മനുഷ്യരൂപത്തിലുള്ള മൃഗങ്ങൾ തന്നെയാണ്. മറ്റുള്ളവർ പ്രതീക്ഷ കുറഞ്ഞവരുമണ്. ഇത്തരത്തിലുള്ള പശുക്കളുടെ എണ്ണം കുറയ്ക്കുവാൻ എല്ലാവിധ ശ്രമങ്ങളും നടത്തണമെന്നാണ് ആൺകുട്ടി കളോടും പെൺകുട്ടികളോടും (സ്ത്രീ-പുരുഷന്മാരോട്) എനിക്ക് പറയുവാനുള്ളത്.

രണ്ടാം ഘട്ടത്തിൽ വീരമായ അവസ്ഥയിൽ ചിന്താ തരംഗങ്ങൾ അങ്ങിനെ പോകും എന്നാൽ വാക്കും പ്രവർത്തിയും ഒന്നായിരിക്കും. ചിന്തകൾക്കു വ്യത്യാസങ്ങൾ കണ്ടേക്കാം. എന്നാൽ വാക്കും പ്രവർത്തിയും ഒന്നുതന്നെ. ഇത്തരത്തിലുള്ള ജനങ്ങൾ പറയുന്നതു തന്നെ ചെയ്യും. വീരഭാവത്തിലുള്ളവരെ സമൂഹം ബഹുമാനിക്കുന്നു. മഹാപുരുഷനായി, സമൂഹത്തിന്റെ രാജ്യത്തിന്റെ നേതാക്കന്മാരായി

ബഹുമാനിക്കുന്നു. ഇവിടെ ഒരു കുറവേ ഉള്ളൂ. ചിന്തയും പ്രവർത്തിയും ഒന്നല്ല. വാക്കും പ്രവർത്തിയും മാത്രമേ ഒന്നായിട്ടുള്ളു. നിങ്ങൾക്ക് മനസ്സിലാകുന്നില്ലേ? ഇത്തരക്കാർ വീരഭാവത്തിലാണ്-വീരന്മാരാണ് അവരുടെ ദേവനാണ് വീരേശ്വരൻ.

അവസാനഘട്ടത്തിൽ ഒരാൾ എന്തുപറയുന്നുവോ അതു തന്നെ ചെയ്യും. ദേവതയുടെ അവസ്ഥ നേടിയാൽ ചിന്തയും വാക്കും പ്രവർത്തിയും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കില്ല. ഇതാണ് ഏറ്റവും നല്ല അവസ്ഥ മനുഷ്യഘടനയും, നിലനിൽപ്പും ഈ അവസ്ഥയിൽ ആയിരിക്കണം.

നമുക്കെല്ലാം ഇങ്ങനെ ആകുവാൻ ശ്രമിക്കാം. ദേവതമാരുടെ അവസ്ഥയിലെത്തിച്ചേർന്നവരുടെ എണ്ണം വർദ്ധിക്കുവാൻ ശ്രമിക്കാം. നിങ്ങൾ പ്രവർത്തി ചെയ്യുന്നവരാകുക, ജോലിചെയ്യുക അല്ലെങ്കിൽ മുഴുവൻ സമയവും ജോലിയിൽ വ്യാപൃതരായി ദേവതമാരുടെ എണ്ണം മാനവസമൂഹത്തിൽ വർദ്ധിക്കുക.

ഉള്ളടക്കം പാറ്റ്ന....7-9-1978

# പ്രഭാഷണം....38

# പരിധിക്കപ്പുറം

ആത്മീയതയുടെ വ്യാപ്തി പ്രതീകാത്മമാക്കുന്നതിനും അപ്പുറമാണ്. നമ്മുടെ മനസ്സിന്റെ അതിർത്തിക്കും അപ്പുറത്താണ്. അതിമാനുഷികതയുടെ നിലനിൽപ്പ്. അതുകൊണ്ട് നമ്മുടെ മനസ്സിന്റെ അനുഭവം കർമ്മേന്ദ്രിയങ്ങളിലൂടെ പ്രകടമാക്കുവാൻ കഴിയില്ല. യഥാർത്ഥത്തിലുള്ള മനസ്സിന്റെ നിലനിൽപ്പിനെ പരിപൂർണ്ണമല്ലാത്ത മാധ്യമങ്ങൾ വഴി പ്രകടിപ്പിക്കുവാനാകില്ലല്ലോ. നൈമി ഷികമായി വരുന്ന അനുഭവങ്ങളെ പ്രകടമാക്കുവാനും കർമ്മേന്ദ്രിയങ്ങൾ പരിപൂർണ്ണമായി ഒരു മാധ്യമം അല്ല. ഏതെങ്കിലും ഒരു ഇന്ദ്രിയത്തിലൂടെയോ ഇന്ദ്രിയങ്ങളിലൂടെയോ പ്രകടമാക്കുവാൻ കഴിയുന്നതല്ല നമ്മുടെ വികാരങ്ങൾ. ചെറിയ ഒരു പ്രശ്നം വരുമ്പോഴേക്കും നാം ഉഫ്--- എന്ന് പറയാറില്ലേ. വളരെ വലിയ പ്രശ്നം വരുമ്പോഴും ഉഫ് എന്ന് പറയും. ആദ്യം പറഞ്ഞ ഉഫ് രണ്ടാമത് പറഞ്ഞ ഉഫ് ഇവ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുവാൻ മറ്റുള്ളവർക്ക് കഴിയില്ല. ഒരേ ഗൗരവത്തിൽ ഒരേ വികാരങ്ങളെ പ്രകടമാക്കുവാനാകില്ല.

മനസ്സിലുള്ള യഥാർത്ഥ വികാരങ്ങളെ/അനുഭവങ്ങളെ അവയവങ്ങളും ജ്ഞാന്ദ്രിയങ്ങളും പൂർണ്ണമായി പ്രകടിതമാക്കുന്നതിൽ പരാജയപ്പെടുന്നു. ഭാഗീകമായി മാത്രമേ പ്രകടമാ

ക്കുവാൻ കഴിയൂ. അപ്പോൾപ്പിന്നെ പരമമായ ഞാൻ എന്ന ഭാവത്തെ എങ്ങിനെ പ്രകടിപ്പിക്കും? സാധ്യമല്ല. അതുകൊണ്ട് മനസ്സിനപ്പുറത്ത് നിലകൊള്ളുന്ന സത്തയെ പരമപുരുഷനെന്ന് വിളിക്കുന്നു. ഇത് ഒരു ഗുരുത്വ കേന്ദ്രമാണ്.

ഉള്ളിന്റെ ഉള്ളിൽ ഗുരുത്വകേന്ദ്രത്തിന്റെ രൂപത്തിലിരിക്കുന്നതിനെയാണ് നാം പരമപുരുഷനെന്ന് വിളിക്കുന്നത്. അല്ലയോ പരമപുരുഷാ അങ്ങയെ പൂർണ്ണമായി എനിക്ക് പ്രകാശിതമാക്കുവാൻ കഴിയുന്നില്ല. അങ്ങയെ അറിയുവാൻ ശാരീരിക മാനസിക തലങ്ങളെല്ലാം വിട്ട് ഒടുവിൽ അങ്ങയിൽ ലയിക്കുവാൻ അനുഗ്രഹിക്കേണമേ അങ്ങിനെ മനുഷ്യസാധനയുടെ പരമമായ പ്രകാശനമാണ് ഈശ്വരനുമായി ഒന്നായി ചേരുകയെന്നത്.

ഉള്ളടക്കം പാറ്റ്ന....8-9-1978

# അവസാനം

-------------- X -------------

# ആറിയിപ്പ

ഹഠയോഗത്താൽ ശാരീരിക വികാസം സാധ്യമാകുന്നു. രാജയോഗത്തതാൽ ശാരീരികവും, മാനസികവും, ആത്മീയവുമായ വികാസം സാധ്യമാകുന്നു, എന്നാൽ ഒരാളിൽ ഭക്തിഭാവം ഉണർത്തുവാൻ അതന് കഴിയില്ല.

രാജാധിരാജയോഗ ത്താൽ ശാരീരിക, മാനസിക, ആത്മീയ വികാസം സാധ്യമാവുകയും, ഭക്തിഭാവം ഉണരുകയും ചെയ്യുന്നു. രാജാധിരാജയോഗ പരിശീലനം കോണ്ട് സാധകന് വിമുക്തി കരഗതമാകുന്നു. ആനന്ദമാർഗ ആചാര്യർ പ്രതിഫലം പറ്റാതെ രാജാധിരാജയോഗം പഠിപ്പികുന്നു, ആർക്കും അത് പഠിക്കാവുന്നതും, വസതിയിൽവച്ച് പരിശീലിക്കാവുന്നതുമാണ്.

## കോൺടക്റ്റുകൾ

## Contacts

(For Speaking in Malayalam)

1. Kozhikode:

a. Sethumadhavan - 93875 22399

b. Raju K K - 98471 42574

2. Thrissur:

a. Babu Thayyil - 9495169061

b. Jyotish - 9446345715

3. Ernakulam:

a. Padmanabhan- 9847633331

b. Ramkumar – 9388604260

## Addresses: Central :

(For Speaking in English, Hindi or Bengali )

Ananda Marga Pracaraka Samgha
VIP Nagar, Tiljala, Kolkata -100
Phone : 033 - 23451274

## Addresses:Local:

(For Speaking in English, Hindi, Bengali or Malayalam )

1. Ananda Marga Ashram,
Kottakurumba Temple Road
Ramanattukara; Kozhikode; Kerala
Contact: 7558028519; 9847734729

2. Ananda Marga Ashram, Thrissur
(Near Railway level crossing)
Nedupuzha, Thrissur, Kerala
Contact : 8918165075; 9388353604

3. Ananda Marga Ashram (Lady managed)
Edakkadu, West Hill, Athanikkal, Kozhikode, Kerala
Contact : 7004906626, 7559859532

4. Ananda Marga Ashram (Lady managed)
Shanti Vihar, Manuelson's Housing Colony
Pottore, Thrissur, Kerala
Contact : 8075607728, 9074064529

5. Ananda Marga School (Lady managed)
South Chitoor(PO) ; Kochi -27.
Near Krishna Temple.

Rail station: Ernakulam Town.
Contact: 9037388657, 7012059203

6. Ananada Marga Primary School
Muttathara, Manacaud P.O.
Thiruvanandthapuram
Near Vaduvoth Temple.
Contact: 7306806742, 9539034448

7. Ananda Marga Ashram
Chattambirswami Road
Poojappura, Thiruvananthapuram

ഉള്ളടക്കം